**പതിനാലാം കേരള നിയമസഭ**
**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി III
# (SUBJECT COMMITTEE III)

## ജലവിഭവം
## (WATER RESOURCES)

## പീരിയോഡിക്കൽ റിപ്പോർട്ട്
## (2016 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2016)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ, 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2016 നവംബർ 11-ാം -തീയതി സമർപ്പിച്ചത്
(Presented on 11th November, 2016)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2016

# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി III
## (SUBJECT COMMITTEE III)

## ജലവിഭവം
## (WATER RESOURCES)

### പീരിയോഡിക്കൽ റിപ്പോർട്ട്
(2016 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2016)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1213/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 49 |

# സബ്ജക്റ്റ് കമ്മിറ്റി III

## (ജലവിഭവം)

## (2016-2018)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. മാത്യു ടി. തോമസ്,
ജലവിഭവ വകുപ്പുമന്ത്രി

<u>അംഗങ്ങൾ</u> :

ശ്രീ. എ. എം. ആരിഫ്

ശ്രീ. വി. ടി. ബൽറാം

ശ്രീ. ജി.എസ്. ജയലാൽ

ശ്രീ. കെ. കൃഷ്ണൻകുട്ടി

ശ്രീ. കെ. ജെ. മാക്സി

ശ്രീ. മോൻസ് ജോസഫ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. പി.ടി.എ. റഹീം

ശ്രീ. ഐ.ബി. സതീഷ്

ശ്രീ. പി.ടി. തോമസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി.കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

ശ്രീമതി രമാദേവിഅമ്മ. എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III (2013-2016)-ന്റെ 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)- ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി 17-4-2015, 20-4-2015, 4-5-15, 3-6-2015, 27-1-2016 എന്നീ തീയതികളിലായി 5 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 17-4-2015, 20-4-2015 എന്നീ തീയതികളിലെ യോഗം 2015-2016-ലെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായാണ് ചേർന്നത്. 4-5-2015-ലെ യോഗം സമിതിയുടെ 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനായും ചേർന്നു.

നാഷണൽ രജിസ്റ്റർ ഓഫ് ലാർജ് ഡാംസ് എന്ന 63-ാം നമ്പർ (13-ാം KLA, 11-ാം സമ്മേളനം) നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്മേൽ ശ്രീമതി ജമീലാ പ്രകാശം എം.എൽ.എ. സഭയിൽ ഉന്നയിച്ച വിഷയവും അതിന്മേൽ മുഖ്യമന്ത്രി നൽകിയ വിശദീകരണവുമായി ബന്ധപ്പെട്ട് സഭയുടെ മേശപ്പുറത്തുവച്ച രേഖകളിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങളും അന്വേഷിക്കുന്നതിനായി 2014 ജൂൺ 13-ലെ ബുള്ളറ്റിൻ നമ്പർ 572 (ഭാഗം-II) പ്രകാരം സബ്ജക്ട് കമ്മിറ്റി-III-നെ ചുമതലപ്പെടുത്തിയിരുന്നു. ആയതുപ്രകാരം മേൽ പരാമർശിച്ച വിഷയം വിശദമായി ചർച്ച ചെയ്യുന്നതിനും ഇത് സംബന്ധിച്ച് സഭയിൽ ഹാജരാക്കിയ രേഖകളുടെ നിജസ്ഥിതി പരിശോധിക്കുന്നതിനുമായി സമിതി 12-8-2014, 19-11-2014 എന്നീ തീയതികളിൽ യോഗം ചേരുകയും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മറ്റു ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും തെളിവുകൾ ശേഖരിക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി സമിതി തയ്യാറാക്കിയ കരട് റിപ്പോർട്ട് 3-6-2015-ൽ സമിതി പരിഗണിച്ച് അംഗീകരിക്കുകയും ആയത് 29-6-2015-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ സമിതി ചൂണ്ടിക്കാണിച്ച വിഷയത്തിന്മേൽ സർക്കാരിൽ നിന്നും മറുപടി ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ രൂപീകരണത്തിനുശേഷം ഇദംപ്രഥമമായിട്ടാണ് സഭയിൽ പരാമർശിക്കപ്പെട്ട ഒരു വിഷയത്തിന്റെ നിജസ്ഥിതി സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കാൻ പ്രസ്തുത വിഷയം ഉൾപ്പെടുന്ന സബ്ജക്ട് കമ്മിറ്റിയെ ബഹു.സ്പീക്കർ ഉത്തരവാദിത്വം ഏൽപ്പിക്കുന്നത്.

തുടർന്ന് 3-6-2015-ലെ യോഗത്തിൽ 2014-2015-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരടും 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരടും പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സമിതിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പുകളിലെയും ശിപാർശകളിൻമേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണനയ്ക്കായി 27-01-2016-ൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം "തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ" എന്ന വിഷയം സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു.

സമിതിയുടെ യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 40% ആയിരുന്നു.

ഈ റിപ്പോർട്ട് 4 ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പുകളിലെയും ശിപാർശകളിൻമേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ (ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടാത്തവ) ഉൾപ്പെടുത്തിയിരിക്കുന്നു. മൂന്നാം ഭാഗത്ത് സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സംബന്ധിച്ച വിവരങ്ങൾ ചേർത്തിരിക്കുന്നു. നാലാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ യഥാസമയം ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസപത്രികകൾ, സമിതിയുടെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പ് ലഭ്യമാക്കിയ വാർഷികപ്രവർത്തന റിപ്പോർട്ടുകൾ എന്നിവ സഭയുടെ മേശപ്പുറത്തു വച്ചത് സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ യോഗനടപടിക്കുറിപ്പുകൾ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 26-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

മാത്യു ടി.തോമസ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം,
2016 ഒക്ടോബർ 26.

# റിപ്പോർട്ട്

ഭാഗം I

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

ജലവിഭവം സംബന്ധിച്ച വിഷയനിർണ്ണയ സമിതി III താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾക്കുകീഴിൽ വരുന്ന വിവിധ കണക്കിനങ്ങളിലാണ് സൂക്ഷ്മപരിശോധന നടത്തുന്നത്:

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ XX | —ശുദ്ധജലവിതരണവും ശുചീകരണവും |
| ധനാഭ്യർത്ഥന നമ്പർ XXIX | —കൃഷി(ചെറുകിട ജലസേചനം (2702,2705,4702,6705 എന്നീ കണക്കിനങ്ങൾ മാത്രം) |
| ധനാഭ്യർത്ഥന നമ്പർ XXXVIII | —ജലസേചനം |

1. 2015-2016-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിച്ചു.

2. സമിതിയുടെ 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2015 ജൂൺ 29-ാം തീയതി സഭയിൽ സമർപ്പിച്ചു.

3. 2014-15 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2015 ജൂൺ 29-ാം തീയതി സഭയിൽ സമർപ്പിച്ചു.

4. നാഷണൽ രജിസ്റ്റർ ഓഫ് ലാർജ് ഡാംസ് എന്ന 63-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യം (13-ാം KLA, 11-ാം സമ്മേളനം) സംബന്ധിച്ച് ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ. സഭയിൽ ഉന്നയിച്ച വിഷയവും അതിന്മേൽ 12-6-2014-ന് മുഖ്യമന്ത്രി നൽകിയ വിശദീകരണവുമായി ബന്ധപ്പെട്ട് സഭയുടെ മേശപ്പുറത്തുവച്ച രേഖകളിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങളും അന്വേഷിച്ച വിഷയനിർണ്ണയ സമിതി III-ന്റെ പ്രത്യേക റിപ്പോർട്ട് 2015 ജൂൺ 29-ാം തീയതി സഭയിൽ സമർപ്പിച്ചു.

ഭാഗം II

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ 3-6-2015, 27-1-2016 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12)

ശിപാർശ

2700-16-101-98 —പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)

പമ്പാ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകകൊള്ളിച്ചിട്ടുള്ള 3.4 കോടി രൂപ അപര്യാപ്തമായതിനാൽ 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

പമ്പാ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്ക് തുക അധികമായി അനുവദിച്ചിട്ടില്ല.

ശിപാർശ

2700-27-101-98 —കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം)

കമ്മീഷൻ ചെയ്ത ഈ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 6 കോടി രൂപ അപര്യാപ്തമായതിനാൽ പൂർത്തിയാക്കുവാനുള്ള കനാൽ പണികൾക്കുവേണ്ടി 3 കോടി രൂപയും കനാൽ റോഡുകളുടെ നവീകരണത്തിനുവേണ്ടി 2 കോടി രൂപയും യന്ത്രോപകരണങ്ങൾക്കായി 10 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

കല്ലട ജലസേചന പദ്ധതിക്ക് 6 കോടി രൂപ സംരക്ഷണ പണികൾക്കായി വകയിരുത്തിയിരിക്കുന്നു. അധികമായി തുക അനുവദിച്ചില്ല.

<u>ശിപാർശ</u>

2701-80-005-98 —<u>അന്വേഷണവും ഗവേഷണവും</u>

24.5 ലക്ഷം രൂപയാണ് ഈ ഇനത്തിലെ ബഡ്ജറ്റ് വിഹിതം. ഇത് അപര്യാപ്തമായതിനാൽ 15.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അധിക തുക ഒന്നുംതന്നെ അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2701-80-005-97 —<u>അന്വേഷണവും രൂപകല്പനയും</u>

ജലസേചന പദ്ധതികളുടെ പര്യവേഷണത്തിനും രൂപകല്പനയ്ക്കും നിലവിലുള്ള ഐ.ഡി.ആർ.ബി. ഓഫീസ് നവീകരണത്തിനുമായി വകകൊള്ളിച്ചിട്ടുള്ള 15 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സ്വീകരിച്ച നടപടി</u>

അധികമായി ശിപാർശ ചെയ്ത 20 ലക്ഷം രൂപ പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലഭ്യമായില്ല.

<u>ശിപാർശ</u>

2711-02-800-99—<u>കടലാക്രമണ നിരോധന പദ്ധതികൾ കോസ്റ്റൽ എറോഷൻ പദ്ധതികൾ സംബന്ധിച്ച പഠനം</u>

കടലാക്രമണ നിരോധന പദ്ധതിയുടെ ഭാഗമായി കടൽത്തീര മണ്ണൊലിപ്പ് തടയുന്നതിന് കോസ്റ്റൽ ഇറോഷൻ സംബന്ധിച്ച പഠനം നടത്തി വരുന്ന ഒരു ഡിവിഷനിലെയും 3 സബ്ഡിവിഷനുകളിലെയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി 2.3482 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 69.83 ലക്ഷം രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സ്വീകരിച്ച നടപടി</u>

2011-12 എസ്.ഡി.ജി.യിൽ ഉൾപ്പെടുത്തി തുക ആവശ്യപ്പെട്ടെങ്കിലും തുക ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

4701-80-800-99—<u>കേരള എഞ്ചിനീയറിംഗ് റിസർച്ച് സ്റ്റേഷൻ പീച്ചി സ്റ്റേജ് 2-ന്റെ വികസനം</u>

പീച്ചിയിലെ ഗവേഷണ പഠനകേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന 25 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 93.5 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

<u>സ്വീകരിച്ച നടപടി</u>

2012-13-ലെ ആനുവൽ പ്ലാനിൽ ഉൾപ്പെടുത്തി 85 ലക്ഷം രൂപ അനുവദിച്ചിരുന്നു.

<u>ശിപാർശ</u>

2700-26-101-98 —<u>കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം)</u>

തണ്ണീർമുക്കം പദ്ധതിയുടെ സംരക്ഷണ പണികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 40 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഷട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 5.14 ലക്ഷം രൂപ ധനപുനർവിനിയോഗത്തിലൂടെ അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

2711-01-103-99 —<u>വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ സംരക്ഷണം</u>

2711-01-103-98 —<u>വെള്ളപ്പൊക്കക്കെടുതികൾമൂലമുള്ള അറ്റകുറ്റപ്പണികൾ</u>

സംസ്ഥാനത്തെ പൂർത്തിയാക്കപ്പെട്ട വെള്ളപ്പൊക്കനിയന്ത്രണ പണികളുടെ പ്രത്യേകമായ സംരക്ഷണത്തിനും വെള്ളപ്പൊക്കംമൂലം ഉണ്ടാകുന്ന കെടുതികളുടെ അറ്റകുറ്റപ്പണികൾക്കുമായി 7.5001 കോടി രൂപ വീതമാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ രണ്ട് കണക്കിനങ്ങളിലും യഥാക്രമം 2.5 കോടി രൂപ വീതം അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

<u>സ്വീകരിച്ച നടപടി</u>

മേൽ പറഞ്ഞ രണ്ട് ശീർഷകങ്ങളിലും അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2711-02-103-99 —<u>കടലാക്രമണ നിരോധന പണികൾ -സംരക്ഷണം</u>

നിരന്തരമായ കടലാക്രമണംമൂലം കടൽഭിത്തികൾ നേരിടുന്ന കെടുതികളുടെ സംരക്ഷണ പണികൾക്കും കൂടാതെ പ്രകൃതിക്ഷോഭത്തിൽനിന്ന് കടൽതീരത്തെ രക്ഷിക്കുന്നതിനുമുള്ള അടിയന്തര പണികൾക്കുമായി വകയിരുത്തിയിട്ടുള്ള 6.0001 കോടി രൂപ അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

4711-01-103-99 (01)—<u>വെള്ളപ്പൊക്ക നിയന്ത്രണ പണികൾ സംബന്ധിച്ച മൂലധനച്ചെലവ്</u>

തിരുവനന്തപുരം നഗരം ഒഴികെ സംസ്ഥാനത്തിലെ മറ്റു പ്രദേശങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ ചെലവ് വഹിക്കുന്ന ഈ കണക്കിനത്തിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപ വകയിരുത്തിയിട്ടുണ്ട്. പണികൾ ഏറ്റെടുത്ത് നടത്തുന്നതിനായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 3.5 കോടി രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4711-01-103-98—<u>തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പണികൾ</u>

തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കക്കെടുതികൾ ഒഴിവാക്കുന്നതിനു വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ഈ കണക്കിനത്തിൽ 2011-12 വർഷത്തിലേക്ക് തുക വകയിരുത്തിയിട്ടില്ല. ഈ പദ്ധതിക്കായി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

കേരളത്തിലെ നഗരപ്രദേശങ്ങളിലെ, പ്രത്യേകിച്ചും മുനിസിപ്പൽ പ്രദേശങ്ങളിലെ വെള്ളപ്പൊക്കം പരിഹരിക്കുന്നതിനാവശ്യമായ തുക പ്രത്യേക പാക്കേജായി പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

<u>സ്വീകരിച്ച നടപടി</u>

ഈ ശിപാർശയിൽ പറഞ്ഞിരിക്കുന്ന തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

4711-01-103-90—<u>കുട്ടനാട് പാക്കേജ്</u>

എം.എസ്. സ്വാമിനാഥൻ റിസർച്ച് അഡ്മിനിസ്ട്രേഷന്റെ നിർദ്ദേശ പ്രകാരം കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ നിലവിലുള്ള ബണ്ടുകൾ ഉയർത്തുകയും വശങ്ങൾ ബലപ്പെടുത്തുകയും ചെയ്ത് ഭാവിയിൽ ഉണ്ടാകാവുന്ന വെള്ളപ്പൊക്കത്തിൽ നിന്ന് പാടശേഖരങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തികൾക്കായി ഈ കണക്കിനത്തിൽ 200 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 75% ഗ്രാന്റ് ലഭിക്കുന്ന ഈ പദ്ധതിക്ക് കേന്ദ്രത്തിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നതിനനുസരിച്ച് കൂടുതൽ തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

<u>സ്വീകരിച്ച നടപടി</u>

എം.എസ്. സ്വാമിനാഥൻ റിസർച്ച് അഡ്മിനിസ്ട്രേഷന്റെ നിർദ്ദേശ പ്രകാരം കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ നിലവിലുള്ള ബണ്ടുകൾ ഉയർത്തുകയും വശങ്ങൾ ബലപ്പെടുത്തുകയും ചെയ്ത് ഭാവിയിൽ ഉണ്ടാകാവുന്ന വെള്ളപ്പൊക്കത്തിൽ നിന്ന് പാടശേഖരങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾക്കായി ഈ കണക്കിനത്തിൽ 200 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കൂടാതെ 150 കോടി രൂപ അധികമായി ഈ കണക്കിനത്തിൽ വകയിരുത്തിയിട്ടുണ്ടെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

<u>ശിപാർശ</u>

4711-02-103-99—<u>കടലാക്രമണ നിരോധന പദ്ധതികൾ</u>

കടലാക്രമണം സംഭവിക്കുന്ന സ്ഥലങ്ങളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും പഴയവ പുതുക്കിപ്പണിയുന്നതിനുമായി 25.01 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കടലാക്രമണം തടയുന്നതിന് പുലിമുട്ടുകൾ ഇടാനുള്ള ബൃഹത്തായ പദ്ധതിക്കുവേണ്ടി 12.5 കോടി രൂപ വകയിരുത്തുന്നതായി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും ടി തുക വകയിരുത്തിയിട്ടില്ല. പ്രസ്തുത 12.5 കോടി രൂപയും അധികമായി 37.5 കോടി രൂപയും ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

<u>സ്വീകരിച്ച നടപടി</u>

പുലിമുട്ട് നിർമ്മാണത്തിന് 12.50 കോടി രൂപ ഉപധനാഭ്യർത്ഥനയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-13)

<u>ശിപാർശ</u>

2700-01-101-98—<u>പെരിയാർ നദീതട പദ്ധതി (വാണിജ്യപരം)</u>

പെരിയാർ നദീതട പദ്ധതിയുടെ സംരക്ഷണ പണികൾക്കായി 6 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കനാലുകളുടെ സംരക്ഷണ പണികൾ കാലാകാലം തീർക്കേണ്ടതിനാൽ 4 കോടി രൂപകൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

2012-13 വർഷത്തിൽ പെരിയാർ നദീതട പദ്ധതിക്കായി അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2700-02-101-98—<u>മലമ്പുഴ പദ്ധതി (വാണിജ്യപരം)</u>

മലമ്പുഴ പദ്ധതിയുടെ സംരക്ഷണ പണികൾക്ക് 5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

2012-13 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയാണ് അനുവദിച്ചതെങ്കിലും പ്രസ്തുത സാമ്പത്തിക വർഷത്തിൽ 5,15,86,063 രൂപ ചെലവഴിച്ചിട്ടുള്ളതും അധികം വന്ന തുകയ്ക്ക് അഡീഷണൽ ഓതറൈസേഷൻ ഉത്തരവ് ലഭിക്കുകയും ധനപുനർവിനിയോഗത്തിലൂടെ അധികച്ചെലവ് ക്രമീകരിച്ചിട്ടുള്ളതുമാണ്. 2012-13 സാമ്പത്തിക വർഷത്തിൽ 10/2012 വരെയുള്ള പെന്റിങ്ങ് ബില്ലുകൾക്ക് മാത്രമേ ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിരുന്നുള്ളൂ.

<u>ശിപാർശ</u>

2700-03-101-98—<u>വാളയാർ പദ്ധതി (വാണിജ്യപരം)</u>

വാളയാർ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി 1.50 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

2012-13 സാമ്പത്തിക വർഷത്തിൽ വാളയാർ പ്രോജക്റ്റിന് 1.50 കോടി രൂപ വകയിരുത്തിയെങ്കിലും പ്രസ്തുത സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത സാമ്പത്തിക വർഷത്തിൽ 67,84,267 രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. 2012-13 സാമ്പത്തികവർഷത്തിൽ 10/2012 വരെയുള്ള പെന്റിങ്ങ് ബില്ലുകൾക്ക് മാത്രമേ ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിരുന്നുള്ളൂ. പ്രതീക്ഷിച്ചത്ര ചെലവുകൾ ഉണ്ടായില്ല.

ശിപാർശ

2700-04-101-98—മംഗലം പദ്ധതി (വാണിജ്യപരം)

മംഗലം പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ച ഒരു കോടി രൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

മംഗലം പദ്ധതിയ്ക്കായി അനുവദിച്ച 1 കോടി രൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു. എന്നാൽ പ്രസ്തുത സാമ്പത്തികവർഷം അധികമായി ഫണ്ട് അനുവദിക്കുകയുണ്ടായില്ല. 2012-13 സാമ്പത്തിക വർഷത്തിൽ 1,10,17,960 രൂപ ചെലവഴിച്ചിട്ടുണ്ട്. അധികമായി ചെലവഴിക്കുന്നതിന് G.O.(Rt.)No. 761/13/Fin. dated 30-1-2013, G.O.(Rt.) No. 2088/13/Fin. dated 20-3-2013 ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അധികമായി ചെലവഴിച്ച 10,17,960 രൂപ ധനപുനർവിനിയോഗം മുഖാന്തിരം ക്രമീകരിച്ചിട്ടുണ്ട്.

ശിപാർശ

2700-05-101-98—മീൻകര പദ്ധതി (വാണിജ്യേതരം)

മീൻകര പദ്ധതിയുടെ സംരക്ഷണപണികൾക്ക് ഈ ശീർഷകത്തിൽ അനുവദിച്ച 69.30 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

മീൻകര പദ്ധതിക്കായി അനുവദിച്ച 69.30 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അനുവദിക്കുന്നതിനായി ശിപാർശ ചെയ്തിരുന്നു. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം അധികമായി ഫണ്ട് അനുവദിക്കുകയുണ്ടായില്ല. 71,49,174 രൂപയുടെ ചെലവ് ഉണ്ടാകുകയും അധികമായി വന്ന 2,19,174 രൂപയുടെ ചെലവ് ധനപുനർവിനിയോഗം മുഖാന്തിരം ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. അധികമായി ചെലവഴിക്കുന്നതിന് G.O.(Rt.)No. 2088/13/Fin. dated 20-3-2013 ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്.

## ശിപാർശ

2700-12-101-98—പഴശ്ശി പദ്ധതി (വാണിജ്യേതരം)

പഴശ്ശി പദ്ധതിയുടെ സംരക്ഷണ പണികൾക്ക് 1.21 കോടി രൂപയാണ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത്. പഴശ്ശി പദ്ധതിയുടെ മോശമായ 14 റേഡിയൽ ഗേറ്റുകൾ പുനഃസ്ഥാപിക്കുന്നതിന് ഈയിനത്തിൽ 8 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

## സ്വീകരിച്ച നടപടി

പഴശ്ശി പദ്ധതിയുടെ മോശമായ 14 റേഡിയൽ ഗേറ്റുകൾ പുന:സ്ഥാപിക്കുന്നതിന് 13-ാം ധനകമ്മീഷന്റെ അവാർഡിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ട് മേൽ കാര്യത്തിന് ഈ ശീർഷകത്തിൽ ഫണ്ടിന്റെ ആവശ്യകത ഉണ്ടായില്ല.

## ശിപാർശ

2700-14-101-98—വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)

വടക്കാഞ്ചേരി (വാഴാനി) പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള ബഡ്ജറ്റ് വിഹിതം 1.32 കോടി രൂപയാണ്. ഇത് അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

## സ്വീകരിച്ച നടപടി

2012-13 വർഷത്തിൽ ശിപാർശ പ്രകാരം വടക്കാഞ്ചേരി പദ്ധതിക്കുവേണ്ടി 88.10 ലക്ഷം രൂപ അധികമായി അനുവദിച്ചു.

ശിപാർശ

2700-18-101-98—കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

കാഞ്ഞിരപ്പുഴ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 2.4 കോടി രൂപ അപര്യാപ്തമായതിനാൽ 2.8 കോടി രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷത്തിൽ കാഞ്ഞിരപ്പുഴ പ്രോജക്ടിനായി 2.4 കോടി രൂപയിൽ 1.93 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ശിപാർശ

2701-02-101-98—ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം)

ഈ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ച 2 കോടി രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ 2012-13 വർഷത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2701-03-101-98—ചീരക്കുഴി പദ്ധതി (വാണിജ്യപരം)

ചീരക്കുഴി പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 87 ലക്ഷം രൂപ തുലോം കുറവായതിനാൽ 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

2012-13 വർഷത്തിൽ ചീരക്കുഴി പദ്ധതിക്കുവേണ്ടി ശിപാർശ പ്രകാരം 94 ലക്ഷം രൂപ അധികമായി അനുവദിച്ചു.

<u>ശിപാർശ</u>

2701-20-101-99—<u>വെള്ളിയാംകല്ല് കാസ്‌വേ പദ്ധതി (വാണിജ്യേതരം)</u>

വെള്ളിയാംകല്ല് കാസ്‌വേ പദ്ധതിയുടെ വർക്ക് ചാർജ്ഡ് എസ്റ്റാബ്ളിഷ്മെന്റ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള 60,000 രൂപ അപര്യാപ്തമായതിനാൽ 1.10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

വെള്ളിയാംകല്ല് കാസ്‌വേ പദ്ധതിയുടെ വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ 60,000/- രൂപയാണ് അനുവദിച്ചിരുന്നത്. 2012-13 സാമ്പത്തിക വർഷത്തിൽ 6,06,840 രൂപ ചെലവഴിക്കുകയും അധികം ചെലവായ തുക ധനപുനർവിനിയോഗത്തിലൂടെ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

2711-02-800-99—<u>കടലാക്രമണ നിരോധനം സംബന്ധിച്ച പദ്ധതികൾ, കോസ്റ്റൽ ഇറോഷൻ പദ്ധതികൾ സംബന്ധിച്ച പഠനം</u>

കടലാക്രമണ നിരോധന പദ്ധതിയുടെ ഭാഗമായി കടൽത്തീര മണ്ണൊലിപ്പ് തടയുന്നതിനായി കോസ്റ്റൽ ഇറോഷൻ സംബന്ധിച്ച പഠനം നടത്തുന്നതിനായി ഒരു ഡിവിഷനും 2 സബ്‌ഡിവിഷനുകളുടെയും 5 സെക്ഷനുകളുടെയും പ്രവർത്തനങ്ങൾക്കുമായി 2.1279 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 1.6032 കോടി രൂപ കൂടി ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

അധികമായി ശിപാർശ ചെയ്ത 1.6032 കോടി രൂപ പ്രസ്തുത കാലയളവിൽ അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

4700-02—മലമ്പുഴ പദ്ധതി (വാണിജ്യപരം)

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. മലമ്പുഴ ഉദ്യാനം രണ്ടാംഘട്ട പണിയുടെ പൂർത്തീകരണത്തിന് 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

മലമ്പുഴ ഉദ്യാനം രണ്ടാംഘട്ടത്തിന് ഇപ്പോൾ പുതുതായി പ്രവൃത്തികൾ ഏർപ്പാട് ചെയ്യുന്നില്ല. കോൺട്രാക്ടർമാർ നൽകുന്ന ബില്ലുകൾ മുൻഗണനാ ക്രമത്തിൽ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ഓതറൈസേഷൻ അനുവദിക്കുകയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ശിപാർശ

4700-22—മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)

4.50 കോടി രൂപയാണ് ഈ പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പണികൾക്ക് ഈ തുക അപര്യാപ്തമാണ്. 2012-13 വർഷത്തിൽ എ.ഐ.ബി.പി. ഗ്രാന്റ് ലഭ്യമാക്കുവാനായി 35 കോടി രൂപയും ഭരണപരമായ ചെലവുകൾക്ക് 15 കോടി രൂപയും കൂടാതെ സ്ഥലമെടുപ്പിനായി 10 കോടി രൂപയും സ്ഥലമെടുപ്പ് കേസുകൾക്കായി 5 കോടി രൂപയും ചേർത്ത് 65 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

8.5 കോടി രൂപ ഭരണപരമായ ചെലവുകൾക്കും 14.69 കോടി രൂപ AIBP ഗ്രാന്റ് ലഭ്യമാക്കുവാനും 17.85 ലക്ഷം രൂപ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട കേസുകൾക്കുമായി അധികമായി അനുവദിച്ചു.

ശിപാർശ

4701-18—ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി (വാണിജ്യേതരം)

പ്രസ്തുത പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിലും മരാമത്ത് പണികൾക്കുമായി 28.5696 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ മരാമത്ത് പണിയുടെ ബില്ലുകൾ കൊടുക്കുന്നതിലേക്കായി 1,88,53,000 (ഒരു കോടി എൺപത്തിയെട്ട് ലക്ഷത്തി അൻപത്തി മൂവായിരം രൂപ )അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

4701-80-800-99—കേരള എഞ്ചിനീയറിംഗ് റിസർച്ച് സ്റ്റേഷൻ പീച്ചി സ്റ്റേജ് 2-ന്റെ വികസനം

പീച്ചിയിലെ ഗവേഷണ പഠന കേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി നീക്കി വച്ചിരിക്കുന്ന 85 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 3.65 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

2012-13-ലേക്ക് അധിക തുക അനുവദിച്ചിട്ടില്ല. എന്നാൽ 2013-14-ൽ 2 കോടി രൂപ അനുവദിച്ചതു കൊണ്ട് പീച്ചിയിലെ ഗവേഷണ പഠന കേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പിന്നീട് അധിക തുക ആവശ്യമായി വരുകയുണ്ടായില്ല.

പൊതുശിപാർശ

പഴശ്ശി പദ്ധതിയുടെ ഷട്ടറുകളെല്ലാം ദ്രവിച്ച് കുടിവെള്ളം പോലും കിട്ടാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും ആഴത്തിൽ ഷട്ടറുകൾ ഡിസൈൻ ചെയ്തതാണ് പ്രശ്നമെന്നും സമിതി അഭിപ്രായപ്പെട്ടു. പഴശ്ശി ഡാമിന്റെ ഷട്ടറുകളുടെ പണി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

14 ഷട്ടറുകൾ സമയബന്ധിതമായി മാറ്റി സ്ഥാപിക്കുന്നതിന് സർക്കാർ സ്ഥാപനമായ കെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

പൊതുശിപാർശ

പുതുക്കിപ്പണിത മലമ്പുഴ ഡാമിനോടനുബന്ധിച്ചുള്ള ഗാർഡൻ വൃന്ദാവൻ ഗാർഡൻ പോലെ മനോഹരമാണെന്നും 22 കോടി രൂപ ചെലവഴിച്ച് പുതുക്കിപ്പണിതെങ്കിലും സന്ദർശകരുടെ എണ്ണം വർദ്ധിച്ചതുമൂലം 40 ദിവസത്തെ കളക്ഷൻ 44 ലക്ഷം രൂപയാണെന്നും സമിതി വിലയിരുത്തി.ഇതിന്റെ അടിസ്ഥാനത്തിൽ കുറ്റ്യാടി, കാരാപ്പുഴ, പെരുവണ്ണാമൂഴി, വെള്ളിയാംകല്ല് കാസ്‌വേ എന്നീ ജലപദ്ധതികളുടെ പരിസരത്തും, ടൂറിസം ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് വിനോദസഞ്ചാരികളേയും നാട്ടുകാരേയും ആകർഷിക്കത്തക്കവിധത്തിൽ പൂന്തോട്ടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

കുറ്റ്യാടി ജലസേചന പദ്ധതികൾക്ക് കീഴിൽ പെരുവണ്ണാമൂഴിയിൽ ഗാർഡൻ ഉണ്ടാക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് ഉണ്ടാക്കി വരുന്നു. കാരാപ്പുഴ പ്രോജക്റ്റിൽ ഗാർഡന്റെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ജലസേചന വകുപ്പാണ് പ്രവൃത്തികൾ ഏർപ്പാട് ചെയ്യുന്നത്. കേരള ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്‌മെന്റ് കോർപ്പറേഷനാണ് പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നത്. വെള്ളിയാംകല്ല് കാസ്‌വേയിൽ ഗാർഡൻ നിർമ്മിക്കുന്നതിനായി ടൂറിസം വകുപ്പിന് സ്ഥലം വിട്ടു നൽകിയിട്ടുണ്ട്.

പൊതുശിപാർശ

മലമ്പുഴ അണക്കെട്ടും സമീപ പ്രദേശങ്ങളും സിനിമാ നിർമ്മാണാവശ്യങ്ങൾക്കായി നൽകുമ്പോൾ ഇപ്പോൾ പ്രതിദിനം 5,000 രൂപയാണ് വാടകയായി ഈടാക്കുന്നത്. ഇത് പ്രതിദിനം 25,000 രൂപയായി ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

വാടക ഉയർത്തുന്നതിന് മലമ്പുഴ ഗാർഡന്റെ റിനോവേഷൻ പ്രവൃത്തികളുടെ ശിപാർശയിന്മേൽ ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. നടപടികൾ സ്വീകരിച്ചുവരുന്നു.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2013-14)

### ശിപാർശ

2215-01-190-99-04—കേരള ജല അതോറിറ്റിക്കുള്ള സഹായധനം - നഗര ജലവിതരണ സ്കീമുകൾ-നിലവിലുള്ള സ്കീമുകളുടെ മെച്ചപ്പെടുത്തലും പുനരുദ്ധാരണവും

നഗര ജലവിതരണ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 6 കോടി രൂപ അപര്യാപ്തമായതിനാൽ ശുദ്ധജല വിതരണ പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

### സ്വീകരിച്ച നടപടി

ശിപാർശ നമ്പർ 5-ൽ പ്രതിപാദിച്ചിരിക്കുന്ന ശീർഷകത്തിൽ (2215-01-190-99-04) 2013-14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതമായ 6 കോടി രൂപ പര്യാപ്തമായതിനാൽ അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ല.

### ശിപാർശ

2215-01-190-89—തീരപ്രദേശങ്ങളിലും കുട്ടനാട്ടിലും ഉപ്പുവെള്ളം ശുചീകരിക്കുന്ന ദ്വിമുഖ പരിപാടികൾ ഉൾപ്പെടെയുള്ള നവീകരണ സാങ്കേതിക വിദ്യ

കടലോര പ്രദേശങ്ങളിലും കുട്ടനാട്ടിലും നടപ്പിലാക്കുന്ന സമുദ്രജലത്തിൽ നിന്ന് ഉപ്പ് വേർതിരിച്ച് കുടിവെള്ളമാക്കുന്ന നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുന്ന പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 5 കോടി രൂപ അപര്യാപ്തമായതിനാൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് കേരളത്തിലുടനീളം കുടിവെള്ള വിതരണം സുഗമവും കുറ്റമറ്റതാക്കുന്നതിനും വേണ്ടി 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

### സ്വീകരിച്ച നടപടി

കേരള വാട്ടർ അതോറിറ്റി വിവിധ പദ്ധതികൾക്കായി 5 കോടി രൂപയുടെ ധനാഭ്യർത്ഥനകൾ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് ധനകാര്യ വകുപ്പ് അംഗീകരിച്ചില്ല.

ശിപാർശ

4215-01-102-98-01—നബാർഡ് സഹായമുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ

നബാർഡ് സഹായത്തോടെ RIDF XIV-ൽ 36 സ്കീമുകളും RIDF XVI-ൽ പമ്പുകൾ മാറ്റിവെയ്ക്കുന്നതിനുവേണ്ടിയും RIDF XVII-ൽ 2 (Excluding 52 Projects under Endosulphan Packages) RIDF XVIII എന്നീ പദ്ധതികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 60 കോടി രൂപ അപര്യാപ്തമായതിനാൽ 40 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

കേരള വാട്ടർ അതോറിറ്റി 40 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകൾ സമർപ്പിച്ചിരുന്നുവെങ്കിലും ധനകാര്യ വകുപ്പ് ആയത് അംഗീകരിച്ചിട്ടില്ല.

ശിപാർശ

2700-01-101-98-18—പെരിയാർ നദീതട പദ്ധതി (വാണിജ്യപരം) സംരക്ഷണപ്പണികൾ

മറ്റുചെലവുകൾ - സംരക്ഷണം

പെരിയാർ നദീതട പദ്ധതിയുടെ നിർമ്മാണം പൂർത്തിയായ ഭാഗങ്ങളുടെ സംരക്ഷണ പണികൾക്കായി 6.90 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. അക്വാഡക്റ്റുകളുടെയും, പാലങ്ങളുടെയും, കനാലുകളുടെയും സംരക്ഷണ പണികൾക്കും ക്രോസ് ഡ്രെയിനേജ് പ്രവൃത്തികൾക്കും വേണ്ടി 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

പെരിയാർ നദീതട പദ്ധതിയുടെ നിർമ്മാണം പൂർത്തിയായ ഭാഗങ്ങളുടെ സംരക്ഷണ പണികൾക്കായി 6.90 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. അക്വാഡക്റ്റുകളുടെയും, പാലങ്ങളുടെയും, കനാലുകളുടെയും സംരക്ഷണ പണികൾക്കും ക്രോസ് ഡ്രെയിനേജ് പ്രവൃത്തികൾക്കും വേണ്ടി 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. സംരക്ഷണ പണികൾക്കായി 28.85 ലക്ഷം രൂപ അധികമായി അനുവദിച്ചു. പ്രസ്തുത ശീർഷകം LC വഴി നിയന്ത്രിക്കുന്നതാകയാൽ പ്രവൃത്തികൾ നടത്തി ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് അധിക ധനാനുമതി വഴിയോ ധനപുനർവിനിയോഗം വഴിയോ ബാക്കി തുക അനുവദിക്കുന്നതാണ്.

ശിപാർശ

2700-04-101-98-18—മംഗലം പദ്ധതി (വാണിജ്യപരം)-സംരക്ഷണപ്പണികൾ-മറ്റുചെലവുകൾ - സംരക്ഷണം

മംഗലം പദ്ധതിയുടെ സംരക്ഷണ പണികൾക്കായി 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. നിരക്കവർദ്ധന കാരണം അറ്റകുറ്റപ്പണികൾക്കായി 25 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകം LC വഴി നിയന്ത്രിക്കുന്നതാകയാൽ പ്രവൃത്തികൾ നടത്തി ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് അധിക ധനാനുമതി വഴിയോ ധനപുനഃവിനിയോഗം വഴിയോ ബാക്കി തുക അനുവദിക്കുന്നതാണ്.

ശിപാർശ

2700-05-101-98-18—മീൻകര പദ്ധതി (വാണിജ്യപരം)-സംരക്ഷണപ്പണികൾ-മറ്റുചെലവുകൾ-സംരക്ഷണം

മീൻകര പദ്ധതിയുടെ സംരക്ഷണ പണികൾക്ക് അനുവദിച്ചിട്ടുള്ള 60 ലക്ഷം രൂപ അപര്യാപ്തമായതിനാൽ അറ്റകുറ്റപ്പണികൾക്കായി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകം LC വഴി നിയന്ത്രിക്കുന്നതാകയാൽ പ്രവൃത്തികൾ നടത്തി ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് അധിക ധനാനുമതി വഴിയോ ധനപുനഃവിനിയോഗം വഴിയോ തുക അനുവദിക്കുന്നതാണ്.

ശിപാർശ

2700-12-101-98—പഴശ്ശി പദ്ധതി (വാണിജ്യേതരം)

പഴശ്ശി പദ്ധതിയുടെ സംരക്ഷണ പണികൾക്കായി 1 കോടി രൂപയാണ് ബഡ്ജറ്റിൽ വക കൊള്ളിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ വെള്ളപ്പൊക്കത്തിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ വെളിച്ചത്തിൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സ്വീകരിച്ച നടപടി</u>

പഴശ്ശി പദ്ധതിയുടെ സംരക്ഷണ പണികൾക്ക് 50 ലക്ഷം രൂപയുടെ അധിക ഫണ്ട് ആവശ്യപ്പെട്ടിരുന്നതിനാൽ ധനപുനഃവിനിയോഗത്തിലൂടെ 98,000 രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2700-13-101-98-18—<u>കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)- സംരക്ഷണപ്പണികൾ മറ്റുചെലവുകൾ - സംരക്ഷണം</u>

കുറ്റ്യാടി ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്ക് 2.40 കോടി രൂപയാണ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. വലിയ നീർപാലങ്ങളുടെ പുനർനിർമ്മാണം ആവശ്യമായതിനാൽ സംരക്ഷണ പണികൾക്ക് 5 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സ്വീകരിച്ച നടപടി</u>

ഫണ്ടിന്റെ അപര്യാപ്തത നിമിത്തം അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2700-14-101-98-82—<u>വടക്കാഞ്ചേരി പദ്ധതി (വാണിജ്യപരം)- സംരക്ഷണപ്പണികൾ - മറ്റുചെലവുകൾ - ഗാർഡനുകൾ</u>

വടക്കാഞ്ചേരി പദ്ധതിയിൽ തോട്ടങ്ങളുടെ സംരക്ഷണപ്പണികൾക്കായുള്ള ബഡ്ജറ്റ് വിഹിതം 6 ലക്ഷം രൂപയാണ്. ഇത് അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സ്വീകരിച്ച നടപടി</u>

തോട്ടങ്ങളുടെ സംരക്ഷണപ്പണികൾക്കായുള്ള ബഡ്ജറ്റ് വിഹിതം 6 ലക്ഷം രൂപയാണ്. ഇത് അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന്

സമിതി ശിപാർശ ചെയ്തിരുന്നു. തോട്ടങ്ങളുടെ സംരക്ഷണത്തിനായി 55,000/-രൂപ അധികമായി അനുവദിച്ചു. പ്രസ്തുത ശീർഷകം LC വഴി നിയന്ത്രിക്കുന്നതാകയാൽ പ്രവൃത്തികൾ നടത്തി ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് അധിക ധനാനുമതി വഴിയോ ധനപുനഃവിനിയോഗം വഴിയോ ബാക്കി തുക അനുവദിക്കുന്നതാണ്.

ശിപാർശ

2700-16-101-98-18—പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ മറ്റുചെലവുകൾ - സംരക്ഷണം

പമ്പാ ജലസേചന പദ്ധതിയുടെ സംരക്ഷണപ്പണികൾക്കായി വകകൊള്ളിച്ചിട്ടുള്ള 4.60 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണപ്പണികൾക്കായി 2 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

പമ്പാ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വക കൊള്ളിച്ചിട്ടുള്ള 4.60 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണ പണികൾക്കായി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും അനുവദിച്ചില്ല.

ശിപാർശ

2700-18-101-98-18 —കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)- സംരക്ഷണപ്പണികൾ - മറ്റുചെലവുകൾ - സംരക്ഷണം

കാഞ്ഞിരപ്പുഴ പദ്ധതിയുടെ സംരക്ഷണപ്പണികൾക്കായി വകയിരുത്തിയിട്ടുള്ള 2 കോടി രൂപ അപര്യാപ്തമായതിനാൽ അറ്റകുറ്റപ്പണികൾക്കായി 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സ്വീകരിച്ച നടപടി

കാഞ്ഞിരപ്പുഴ പദ്ധതിയുടെ സംരക്ഷണപ്പണികൾക്കായി 1 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2700-27-101-98-18—കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം)-സംരക്ഷണ പണികൾ- മറ്റു ചെലവുകൾ- സംരക്ഷണം

കല്ലട ജലസേചന പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി വകകൊള്ളിച്ചിട്ടുള്ള 7 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണപ്പണികൾക്കും, കാഡ പൂർത്തിയാക്കിയ പ്രവൃത്തികളുടെ അറ്റകുറ്റപ്പണി കൾക്കുമായി 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

കല്ലട ജലസേചന പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2700-80-800-98—ഡാം സൈറ്റുകൾ മനോഹരമാക്കൽ

ഡാം സൈറ്റുകൾ മനോഹരമാക്കുന്നതിനും ടൂറിസം വികസനത്തിനുമായി ടോക്കൺ പ്രൊവിഷൻ (1,000) രൂപ മാത്രമേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഈയിനത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

ഡാം സൈറ്റുകൾ മനോഹരമാക്കുന്നതിനും ടൂറിസം വികസനത്തിനുമായി ടോക്കൺ പ്രൊവിഷൻ (1,000) രൂപ മാത്രമേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നുള്ളൂ. പ്രസ്തുത പ്രവൃത്തികൾക്കായി അധിക ധനാനുമതിയായി 24,46,000/- രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2701-03-101-98-18—ചീരക്കുഴി പദ്ധതി (വാണിജ്യപരം)-സംരക്ഷണപ്പണികൾ- മറ്റുചെലവുകൾ - സംരക്ഷണം

ചീരക്കുഴി പദ്ധതിയുടെ സംരക്ഷണപ്പണികൾക്കായി 100.05 ലക്ഷം രൂപ

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ റിസർവോയറിന്റെ സംഭരണ ശേഷി കൂട്ടുന്നതിന് ചെക്ക്ഡാം നിർമ്മിക്കേണ്ടതുണ്ട്. ഇതിനായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകം LC വഴി നിയന്ത്രിക്കുന്നതാകയാൽ പ്രവൃത്തികൾ നടത്തി ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് അധിക ധനാനുമതി വഴിയോ ധനപുനഃവിനിയോഗം വഴിയോ ബാക്കി തുക അനുവദിക്കുന്നതാണ്.

<u>ശിപാർശ</u>

2701-13—<u>കബിനി - കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)</u>

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. പദ്ധതി പ്രകാരം ഏർപ്പാടാക്കിയ വരൾച്ചാദുരിതാശ്വാസ പദ്ധതികൾക്കായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സ്വീകരിച്ച നടപടി</u>

4701-13-800-92 PV എന്ന ശീർഷകത്തിൽ അധികമായി 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4700-02-800-97—<u>മലമ്പുഴ പദ്ധതി (വാണിജ്യപരം)- മറ്റുചെലവുകൾ - അണക്കെട്ടും അനുബന്ധ പണികളും</u>

നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ കുടിശ്ശിക ബില്ലുകൾ നൽകേണ്ടതിന് തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നതിനാൽ, അവ നൽകുന്നതിനായി ഈ ശീർഷകത്തിൽ 5.34 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

<u>സ്വീകരിച്ച നടപടി</u>

മലമ്പുഴ ഉദ്യാനത്തിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി ഈ സാമ്പത്തിക വർഷം 5.34 കോടി രൂപയുടെ ഫണ്ട് ആവശ്യമുണ്ട്. കോൺട്രാക്ടർമാരുടെ പെന്റിംഗ് ബില്ലുകൾ പാസ്സാക്കുന്ന മുറയ്ക്ക് അഡീഷണൽ ഓതറൈസേഷനായി അനുവദിക്കുകയും എസ്.ഡി.ജി.യിലൂടെ ഫണ്ട് ക്രമീകരിക്കുകയും ചെയ്യണമെന്ന് അപേക്ഷിച്ചിരുന്നു. ഇതുവരെ 37.69 ലക്ഷം രൂപയുടെ അധിക ചെലവിനുള്ള അനുമതി നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

4700-20-001-97—<u>ഇടമലയാർ പദ്ധതി (വാണിജ്യേതരം)- ഭരണവും നടത്തിപ്പും</u>

2013-ൽ ഭാഗികമായി കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്ന ഈ പദ്ധതിയ്ക്ക് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ മരാമത്ത് പണികൾക്കായി 10 കോടി രൂപയും സ്ഥലമെടുപ്പിനായി 3 കോടി രൂപയും ചേർത്ത് ആകെ 13 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

<u>സ്വീകരിച്ച നടപടി</u>

2013-ൽ ഭാഗികമായി കമ്മീഷൻ ചെയ്യാൻ ഉദ്ദേശിച്ചിരുന്ന ഇടമലയാർ പദ്ധതിക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ മരാമത്ത് പ്രവൃത്തികൾക്കായി 10 കോടി രൂപയും സ്ഥലമെടുപ്പിന് 3 കോടി രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും അധിക തുക ആവശ്യമായി വന്നിട്ടില്ല. ആയതിനാൽ അധിക തുക അനുവദിക്കേണ്ടതായി വന്നില്ല.

ശിപാർശ

4700-22-001-97—മൂവാറ്റുപുഴ പദ്ധതി (വാണിജ്യപരം)-ഭരണവും നടത്തിപ്പും-നടത്തിപ്പ്

1974-ൽ ആരംഭിച്ച് 1994-ൽ ഭാഗികമായി കമ്മീഷൻ ചെയ്ത ഈ പദ്ധതി 2014-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതിനാൽ മരാമത്ത് പണികൾക്കായി 35 കോടി രൂപയും സ്ഥലമെടുപ്പിന് 5 കോടി രൂപയും സ്ഥലമെടുപ്പ് കേസുകൾക്ക് 5 കോടി രൂപയും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് 10 കോടി രൂപയും ചേർത്ത് ആകെ 55 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സ്വീകരിച്ച നടപടി

ഈ പദ്ധതി 2014-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതിനാൽ മൊത്തം മൂവാറ്റുപുഴ പദ്ധതികൾക്കുവേണ്ടി സമിതി ഈ ശീർഷകത്തിൽ അധികമായി 55 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. മരാമത്ത് പണികൾക്കായി ആകെ 1312.85 ലക്ഷം രൂപയും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി 895.6 ലക്ഷം രൂപയും അധികമായി അനുവദിച്ചു. പ്രസ്തുത ശീർഷകം LC വഴി നിയന്ത്രിക്കുന്നതാകയാൽ പ്രവൃത്തികൾ നടത്തി ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് അധിക ധനാനുമതി വഴിയോ ധനപുനഃവിനിയോഗം വഴിയോ ബാക്കി തുക അനുവദിക്കുന്നതാണ്.

ശിപാർശ

4700-28-001-97- ബാണാസുരസാഗർ പദ്ധതി (വാണിജ്യേതരം)- ഭരണവും നടത്തിപ്പും - നടത്തിപ്പ്

ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മരാമത്ത് പ്രവൃത്തികൾക്ക് 4 കോടി രൂപയും ശമ്പളത്തിന് 1 കോടി രൂപയും ചേർത്ത് ആകെ 5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സ്വീകരിച്ച നടപടി

ബാണാസുരസാഗർ പദ്ധതിയുടെ ഭരണ നടത്തിപ്പിനായി 1.07 കോടി രൂപ 4700-28-001-97-PV എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

4700-80-005-99-02— വൻകിട ജലസേചന പദ്ധതികളിന്മേൽ അന്വേഷണം - മരാമത്ത് പണികൾ

ഈ പദ്ധതിയുടെ മരാമത്ത് പണികൾക്കായി അനുവദിച്ച 128.57 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 3.7 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സ്വീകരിച്ച നടപടി

വൻകിട ജലസേചന പദ്ധതിയുടെ മരാമത്ത് പണികൾക്കായി അനുവദിച്ച 128.57 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 3.7 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം തുക അനുവദിച്ചിട്ടില്ല.

ശിപാർശ

4701-18 — ചമ്രവട്ടം റഗുലേറ്റർ -കം -ബ്രിഡ്ജ് (വാണിജ്യേതരം)

നടപ്പുസാമ്പത്തികവർഷത്തിൽ ഈ പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ശമ്പളം നൽകുന്നതിന് 1.70 കോടി രൂപയും കുടിശ്ശിക ബില്ലുകൾ നൽകുന്നതിന് 8 കോടി രൂപയും അനിവാര്യമായതിനാൽ, ഈ ശീർഷകത്തിൽ ആകെ 9.7 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സ്വീകരിച്ച നടപടി

ചമ്രവട്ടം പ്രോജക്റ്റ് ഡിവിഷന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തുകയൊന്നും അനുവദിച്ചിരുന്നില്ല. ആയതിനാൽ ശമ്പളം നൽകുന്നതിനായി 1.70 കോടി രൂപയും കോൺട്രാക്ടർമാരുടെ പെൻഡിംഗ് ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് കുടിശ്ശിക ബില്ലുകൾക്കും തുക അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു. ആയതിനാൽ 50 ലക്ഷം രൂപയ്ക്ക് അധിക ധനാനുമതി നൽകിയിട്ടുണ്ട്.

ശിപാർശ

4701-80-800-76-02—മുൻഗണനാ പ്രവൃത്തികൾ - മരാമത്ത് പണികൾ

ഇടത്തരം ജലസേചന പദ്ധതികളിൽ മുൻഗണനാ പ്രവൃത്തികൾക്ക് 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. മുമ്പ് അനുവദിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ 75 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സ്വീകരിച്ച നടപടി

ഇടത്തരം ജലസേചന പദ്ധതികളിൽ മുൻഗണനാ പ്രവൃത്തികൾക്ക് 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. മുമ്പ് അനുവദിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ 75 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ മുമ്പ് അനുവദിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ അനുവദിക്കുന്നതിനുമായി 44 കോടി രൂപ അധികമായി അനുവദിച്ചു.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-2015)

ശിപാർശ

2215-01-190-99—കേരള ജല അതോറിറ്റിക്കുള്ള സഹായധനം (04)-നഗര ജലവിതരണസ്കീമുകൾ -നിലവിലുള്ള സ്കീമുകളുടെ മെച്ചപ്പെടുത്തലും പുനരുദ്ധാരണവും

നഗരശുദ്ധജലവിതരണ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 6 കോടി രൂപ അപര്യാപ്തമായതിനാൽ നഗര ശുദ്ധജല വിതരണ പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുവാൻ ആവശ്യമായ നിർദ്ദേശം കേരള വാട്ടർ അതോറിറ്റി സമർപ്പിക്കുകയുണ്ടായില്ല. ആയതിനാൽ 2014-2015 സാമ്പത്തിക വർഷം പ്രസ്തുത ബഡ്ജറ്റ് ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2215-01-190-96—കുപ്പിവെള്ള നിർമ്മാണ യൂണിറ്റ്

കുപ്പിവെള്ള നിർമ്മാണ യൂണിറ്റിനായി ഒരു ലക്ഷം രൂപയാണ് നടപ്പ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. കേരള വാട്ടർ അതോറിറ്റി 2008-ൽ കുപ്പിവെള്ള നിർമ്മാണ പദ്ധതി ആരംഭിക്കുന്നതിനുവേണ്ടി 2.85 കോടി രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും പല കാരണങ്ങളാൽ ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. കേരള വാട്ടർ അതോറിറ്റിയുടെ ബോർഡ് ഇതിനെപ്പറ്റി വളരെ സൂക്ഷ്മമായി പഠിക്കുകയും പഴയ ടെണ്ടറിലെ പാളിച്ചകളെപ്പറ്റി അവലോകനം ചെയ്യുകയും ഇതിൻ പ്രകാരം പ്രോജക്റ്റ് പ്രൊപ്പോസൽ നിലവിലുള്ള ടെക്നോളജി ഉന്നമനം കൂടി കണക്കിലെടുത്ത് പുതിയ പദ്ധതി തയ്യാറാക്കുകയും ഇതിനുവേണ്ടി 10 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വളരെയധികം സാമ്പത്തിക നേട്ടം ഉണ്ടാക്കുവാനും നമ്മുടെ സംസ്ഥാനത്ത് കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുവാനും സാധിക്കുന്ന ഈ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ ഈ ശീർഷകത്തിൽ 4.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

കുപ്പിവെള്ള നിർമ്മാണ യൂണിറ്റിനായുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ചു വരുന്നതിനാൽ അധിക തുക ആവശ്യം വന്നില്ല.

ശിപാർശ

2215-01-190-94—ഉപയോഗശൂന്യവും പഴയതുമായ കുഴലുകൾ മാറ്റി സ്ഥാപിക്കൽ

സംസ്ഥാനത്തുടനീളം ഉപയോഗശൂന്യമായതും പഴയതുമായ പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനായി 95 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു. തിരുവനന്തപുരത്തെ മുട്ടട-കേശവദാസപുരം, ഉള്ളൂർ-അമ്പലമുക്ക് എന്നീ ഭാഗങ്ങളിലെ പൈപ്പുകൾ മാറ്റുന്നതുൾപ്പെടെയുള്ള പദ്ധതികൾക്കായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുവാൻ ആവശ്യമായ നിർദ്ദേശം കേരള വാട്ടർ അതോറിറ്റി സമർപ്പിക്കുകയുണ്ടായില്ല. ആയതിനാൽ 2014-2015 സാമ്പത്തിക വർഷം പ്രസ്തുത ബഡ്ജറ്റ് ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2215-01-800-60—<u>സാർക്ക് (2010-11) സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനുള്ള പ്രത്യേകപദ്ധതികൾ</u>

കഴിഞ്ഞ സാമ്പത്തിക വർഷം വളരെയധികം പുരോഗതി കൈവരിച്ച ഈ പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷം 2.98 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ സാമ്പത്തികവർഷം ബാക്കിയുള്ള പദ്ധതികൾ ദ്രുതഗതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതിനാൽ 7.02 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റിക്ക് ധനപുനഃവിനിയോഗം വഴി സർക്കാർ 12.52 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2215-02-190-99—<u>കേരള ജല അതോറിറ്റിക്കുള്ള സഹായധനം (01)-തിരുവനന്തപുരം സിവറേജ് സ്കീം</u>

തിരുവനന്തപുരം നഗരത്തിലെ സിവറേജ് പദ്ധതിയുടെ വിപുലീകരണത്തിന് 5 കോടി രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. ഭരണാനുമതിയും ഫണ്ടും ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ ഇതുവരെയും സാധിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുവാൻ ആവശ്യമായ നിർദ്ദേശം കേരള വാട്ടർ അതോറിറ്റി സമർപ്പിക്കുകയുണ്ടായില്ല. ആയതിനാൽ 2014-15 സാമ്പത്തിക വർഷം പ്രസ്തുത ബഡ്ജറ്റ് ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്) ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവയും കൂടി ആകെ 1062.75 കോടി രൂപയാണ് 2014-15 സാമ്പത്തികവർഷം ആവശ്യമായി വന്നിരിക്കുന്നത്. എന്നാൽ വാട്ടർ ചാർജ്ജ് ഇനത്തിലും മറ്റ് ഇനത്തിലും വാട്ടർ അതോറിറ്റി പ്രതീക്ഷിക്കുന്ന ആകെ വരവ് 512.60 കോടി രൂപയാണ്. അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റുന്നതിന് അധിക പദ്ധതിയേതര സഹായമായി 324.99 കോടി രൂപ താഴെപ്പറയുന്ന കണക്കിനങ്ങളിലൂടെ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| നമ്പർ | ശീർഷകം | അധികം വകയിരുത്തേണ്ട തുക |
|---|---|---|
| 1 | 2215-01-190-99 (19) 31 | 162 . 2150 കോടി രൂപ |
| 2 | 2215-01-190-99 (19) 36 | 133 . 5412 കോടി രൂപ |
| 3 | 2215-02-190-99 (02) 36 | 13 . 1303 കോടി രൂപ |
| 4 | 2215-02-190-99 (02) 31 | 16 . 1027 കോടി രൂപ |

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

2014-15 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് നിർദ്ദേശങ്ങൾ പരിശോധിച്ചപ്പോൾ, സർക്കാർ വെള്ളക്കരം വർദ്ധിപ്പിക്കാൻ തീരുമാനിച്ച വസ്തുതയും ആയതിൻ പ്രകാരം ജല അതോറിറ്റിക്ക് വർഷംതോറും 200 കോടിയോളം രൂപയുടെ അധികവരുമാനം ലഭ്യമാകും എന്ന വസ്തുതയും കണക്കിലെടുത്തിരുന്നു. ആയതിനാൽ 2014-2015 വർഷത്തെ പുതുക്കിയ

ബഡ്ജറ്റിൽ അധിക വിഹിതം വകയിരുത്തേണ്ട ആവശ്യമുണ്ടായിരുന്നില്ല. മാത്രവുമല്ല പദ്ധതി-പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് വിഹിതം വകയിരുത്തുന്നത് സർക്കാരിന്റെ വിഭവ ലഭ്യതയുടെ കൂടി അടിസ്ഥാനത്തിലായതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

4215-01-800-93— നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി

2013-2014 സാമ്പത്തിക വർഷത്തിൽ (ആസ്തി വികസന പദ്ധതിയിൽ) ഉൾപ്പെടുത്തി 1060.85 ലക്ഷം രൂപയുള്ള സ്കീമുകൾക്ക് ഭരണാനുമതി നൽകിയിട്ടുള്ള ഈ പദ്ധതിക്ക് നടപ്പുസാമ്പത്തിക വർഷം 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കൂടാതെ 1161 ലക്ഷം രൂപയുള്ള പദ്ധതിയുടെ നിർദ്ദേശം പരിഗണനയിലുള്ളതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

2014-2015 സാമ്പത്തിക വർഷത്തിലെ പ്രസ്തുത ശീർഷകത്തിൽ പ്ലാനിനത്തിൽ അനുവദിച്ച 1 കോടി രൂപയ്ക്ക് പുറമെ നോൺ പ്ലാനിനത്തിൽ 29 കോടി രൂപ കൂടി അനുവദിച്ചിട്ടുള്ളതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യം വന്നില്ല.

ശിപാർശ

6215-01-190-98—ജെ.ബി.ഐ.സി. സഹായമുള്ള കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് കേരള ജല അതോറിറ്റിക്കുള്ള വായ്പകൾ

തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികളുടെ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം പണികൾക്കും തിരുവനന്തപുരം, കോഴിക്കോട് സ്കീമുകളുടെ റീഹാബിലിറ്റേഷൻ പണികൾക്കും അനുവദിച്ചിരിക്കുന്ന 150 കോടി രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത വർക്കുകൾക്കായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ 2014-15 വർഷം അനുവദിച്ച തുക പര്യാപ്തമായതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യം വന്നില്ല.

<u>ശിപാർശ</u>

2702-02-005-99-19—<u>ഭൂഗർഭ ജലത്തിനുള്ള അന്വേഷണവും വികസനവും - യന്ത്രോപകരണങ്ങൾ</u>

സംസ്ഥാനത്ത് എല്ലാ സ്ഥലങ്ങളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് കുഴൽ കിണർ നിർമ്മാണത്തിനായി വിവിധതരം ആധുനിക സാങ്കേതിക മികവുള്ള റിഗ്ഗുകളും സയന്റിഫിക് ഉപകരണങ്ങളും വാങ്ങുന്നതിലേക്ക് ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

ഭൂജല വകുപ്പിലേക്ക് റിഗ്ഗുകൾ വാങ്ങുന്നതിനായി 8 കോടി രൂപയുടെ ഭരണാനുമതി 2013-2014 സാമ്പത്തിക വർഷം സർക്കാരിൽ നിന്നും നൽകിയിരുന്നു. ആയത് പ്രകാരം ടെണ്ടർ നടപടികൾ പൂർത്തിയാക്കി പുതുക്കിയ ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിനായി ഭൂജല വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജി.ഒ. (ആർടി.) നമ്പർ 265/15/ജവിവ. തീയതി 31-3-2015 പ്രകാരം പുതിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

2702-02-005-77— <u>രാജീവ് ഗാന്ധി കുടിവെള്ള സംരംഭം (സംസ്ഥാന പദ്ധതി)</u>

കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ ഭൂജല പര്യവേഷണം നടത്തി കുഴൽകിണർ നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി അവ നിർമ്മിച്ച് ജലവിതരണം നടത്തുകയും ചെയ്യുന്ന പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1.26 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. കഴിഞ്ഞ കുറേ വർഷങ്ങളായി അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ സാധിച്ചിട്ടുള്ള ഈ പദ്ധതിക്ക് നിലവിലുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 2702-02-005-77 എന്ന ശീർഷകത്തിൽ ജി.ഒ.(ആർടി.) നമ്പർ 7648/14/ഫിൻ. 16-10-2014 പ്രകാരം 7.2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

<u>2700-17-101-98—ചിറ്റൂർ പുഴ പദ്ധതി (സംരക്ഷണ പണികൾ)-മറ്റു ചെലവുകൾ (വാണിജ്യേതരം)</u>

ചിറ്റൂർ പുഴ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിരിക്കുന്ന 350 ലക്ഷം രൂപയും വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ അനുവദിച്ചിരിക്കുന്ന 6 ലക്ഷം രൂപയും കേസുകൾക്കായി അനുവദിച്ചിരിക്കുന്ന 6 ലക്ഷം രൂപയും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

2700-17-101-98- ചിറ്റൂർ പുഴ പദ്ധതിയുടെ സംരക്ഷണ പണികൾക്ക് 2014-2015 സാമ്പത്തിക വർഷത്തിൽ 3.50 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. പെന്റിംഗ് ബിൽ ഇനത്തിൽ 2.05 കോടി രൂപയും നിലവിലുള്ള പണികൾക്ക് 3.95 കോടി രൂപയും അടക്കം ആകെ 6 കോടി രൂപയാണ് 2014-2015 സാമ്പത്തിക വർഷത്തേക്ക് ആവശ്യമുണ്ടായിരുന്നത്. ഇക്കാരണത്താലാണ് അധികമായി 2.5 കോടി രൂപ കൂടി അനുവദിക്കുന്നതിന് അപേക്ഷിച്ചിരിക്കുന്നത്. 2014-2015 സാമ്പത്തിക വർഷത്തിൽ ഇതുവരെ 2.16 കോടി രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. (ഫണ്ടിന്റെ അപര്യാപ്തതമൂലം തുക അനുവദിച്ചിട്ടില്ല.)

<u>ശിപാർശ</u>

<u>2700-18-101-98—കാഞ്ഞിരപ്പുഴ പദ്ധതി - (സംരക്ഷണ പണികൾ) - മറ്റു ചെലവുകൾ (വാണിജ്യേതരം)</u>

കാഞ്ഞിരപ്പുഴ പദ്ധതിയുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയിട്ടുള്ള 2 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സ്വീകരിച്ച നടപടി</u>

2700-18-101-98-കാഞ്ഞിരപ്പുഴ പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി 2 കോടി രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചിരിക്കുന്നത്. പെന്റിംഗ് ബില്ലുകളും നിലവിലുള്ള പ്രവൃത്തികളും കൂടി പരിഗണിച്ചാണ് 2 കോടി രൂപ കൂടി അനുവദിക്കുന്നതിനായി അപേക്ഷിച്ചിരിക്കുന്നത്. 2014-2015 സാമ്പത്തിക വർഷത്തിൽ ഇതുവരെ 57 ലക്ഷം രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ടി സാമ്പത്തിക വർഷത്തിൽ കൂടുതൽ ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിക്കാത്തതിനാൽ ഫണ്ടിന്റെ ആവശ്യം ഉണ്ടായില്ല.

<u>ശിപാർശ</u>

2701-18-001-97—<u>ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ്-ഭരണവും നടത്തിപ്പും (വാണിജ്യേതരം)</u>

ചമ്രവട്ടം പദ്ധതിക്കായി ടോക്കൺ പ്രൊവിഷൻ ആയി 1,000 രൂപ മാത്രമേ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളൂ. ശമ്പളം നൽകുന്നതിനായി ഈ ശീർഷകത്തിൽ 2.85192 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സ്വീകരിച്ച നടപടി</u>

2701-18-001-97-ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് എന്ന ശീർഷകത്തിൽ 1,000 രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. ചമ്രവട്ടം-റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിലവിൽ ശമ്പളം വാങ്ങിക്കൊണ്ടിരിക്കുന്ന 4701-18-001-97 എന്ന ശീർഷകത്തിൽ ബജറ്റിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല. ഈ സാഹചര്യത്തിലാണ് ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേക്കായി 2701-18-001-97-ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 2.85192 കോടി രൂപ അധികമായി അനുവദിക്കുന്നതിനായി അപേക്ഷിച്ചിരുന്നത്. എന്നാൽ ടി സാമ്പത്തിക വർഷത്തിൽ ജി.ഒ. (ആർടി.) നം. 8700/14/ധന. തീയതി 19-11-2014 ഉത്തരവു പ്രകാരം 50 ലക്ഷം രൂപ 4701-18-001-97-ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് (നോൺ പ്ലാൻ) ശീർഷകത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ടി സാമ്പത്തിക വർഷം 2014 സെപ്റ്റംബർ വരെ 92.53 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

2701-20-101-98 - വെള്ളിയാംകല്ല് കാസ്‌വേ - സംരക്ഷണ പണികൾ മറ്റു ചെലവുകൾ (വാണിജ്യേതരം)

വെള്ളിയാംകല്ല് കാസ്‌വേ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 25 ലക്ഷം രൂപ അപര്യാപ്തമായതിനാൽ അടിയന്തര അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപകൂടി അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

2701-20-101-98-വെള്ളിയാംകല്ല് കാസ്‌വേ പദ്ധതിയുടെ സംരക്ഷണ പദ്ധതിക്കായി 25 ലക്ഷം രൂപയായിരുന്നു വകയിരുത്തിയിരുന്നത്. കാസ്‌വേയുടെ സംരക്ഷണ പ്രവൃത്തികൾക്ക് പ്രസ്തുത തുക മതിയാകാത്തതുകൊണ്ടാണ് 25 ലക്ഷം രൂപ കൂടി അധികമായി ആവശ്യപ്പെട്ടത്. എന്നാൽ 2014-15 സാമ്പത്തിക വർഷത്തിൽ പ്രവൃത്തികൾ ഏർപ്പാട് ചെയ്യാൻ കഴിയാത്തതിനാൽ അധികമായി ആവശ്യപ്പെട്ട ഫണ്ട് ആവശ്യമില്ലെന്ന് അറിയിക്കുന്നു.

ശിപാർശ

4701-18-ചമ്രവട്ടം റഗുലേറ്റർ -കം- ബ്രിഡ്ജ് (വാണിജ്യേതരം)

നടപ്പു സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഈ ശീർഷകത്തിൽ 10.04 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

4701-18-ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയ്ക്കായി നടപ്പു വർഷം തുകയൊന്നും വകയിരുത്തിയിരുന്നില്ല. ഈ പ്രവൃത്തിയുടെ 99% പ്രവൃത്തികളും പൂർത്തിയായിട്ടുള്ളതാണ്. ബാക്കിയുള്ള സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുള്ള തുകയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഫണ്ടിന്റെ അപര്യാപ്തത മൂലം തുക അനുവദിച്ചിട്ടില്ല.

സമിതിയുടെ യോഗനടപടിക്കുറിപ്പിലെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ 27-1-2016-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## (i) 24-1-2007-ലെ യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരങ്ങൾ

### ശിപാർശ

കല്ലട, പഴശ്ശി, കാഞ്ഞിരപ്പുഴ എന്നീ വൻകിട ജലസേചന പദ്ധതികളുടെ പണി 2002 മാർച്ച് മാസം 31-ന് അവസാനിച്ചിരിക്കുകയാണെന്നും, മൂന്നാം പദ്ധതി കാലത്ത് ആരംഭിച്ച പദ്ധതിയുടെ പണി പത്താം പദ്ധതികാലത്തും തുടർന്നുകൊണ്ടിരിക്കാൻ സാധ്യമല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ഈ വർഷം അവയുടെ അറ്റകുറ്റപണികൾ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### സ്വീകരിച്ച നടപടികൾ

കല്ലടപദ്ധതി:- കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ അറ്റകുറ്റപ്പണികൾക്കായി 1-4-2004 മുതൽ തുക അനുവദിച്ച് ലഭ്യമാക്കിയിട്ടുള്ളതാണ്. നോൺപ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ടി പ്രോജക്ടിന്റെ അറ്റകുറ്റപ്പണികൾക്കായി 1996-1997 മുതൽ 2003-2004 കാലയളവിൽ എ.ഐ.ബി.പി. സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്രധനസഹായവും ലഭിച്ചിട്ടുണ്ട്. 2006-2007 മുതൽ 2009-2010 വർഷങ്ങളിലെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച വിശദാംശം താഴെപ്പറയുന്ന പ്രകാരമാണ്:

| വർഷം | അനുവദിച്ച് കിട്ടിയ തുക | ഉപയോഗിച്ച തുക (ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|---|
| 2006-2007 | 546 ലക്ഷം | 245.8 | |
| 2007-2008 | 550 ലക്ഷം | 766.15 | കേന്ദ്ര ഫണ്ട് ഉപയോഗിച്ചത് |
| 2008-2009 | 550 ലക്ഷം | 2366.06 | " |
| 2009-2010 | 605.64 ലക്ഷം | 629.14 | " |

മൂന്ന് ജില്ലകളിലായി വ്യാപിച്ച് കിടക്കുന്ന പദ്ധതികളുടെ കനാലുകളുടെയും, ഓഫീസ് കെട്ടിടങ്ങളുടെയും കാമ്പസുകളുടെയും അറ്റകുറ്റപ്പണികൾക്കായി ഈ കാലയളവിൽ അനുവദിച്ച് കിട്ടിയ തുക അപര്യാപ്തമാണ്. ഏതാണ്ട് 550 ലക്ഷം രൂപ, അതായത്

ഹെക്ടറിന് ശരാശരി 1,028 രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. അറ്റകുറ്റപ്പണികൾക്കായി അനുവദിക്കുന്ന തുക വർദ്ധിപ്പിച്ച് കിട്ടേണ്ടതുണ്ട്. എന്നിരുന്നാലും ലഭ്യമായ തുക ഉപയോഗിച്ച് പരമാവധി പണികൾ നടത്തിയിട്ടുണ്ട്.

**പഴശ്ശി പദ്ധതി:-**

പഴശ്ശി പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്ക് കാലാനുസൃതമായി പി.ഡബ്ള്യൂ.ഡി. ഷെഡ്യൂൾ പുതുക്കുന്നതിനനുസരിച്ച് ഇറിഗേഷൻ വകുപ്പിലും നിരക്ക് പുതുക്കി നിശ്ചയിക്കുന്നത് നടപ്പിൽ വരുത്തിയിട്ടുണ്ട്. പഴശ്ശി പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി വർഷംതോറും ബജറ്റിൽ വകയിരുത്തിയിരുന്ന തുക ചെലവഴിക്കുന്നുണ്ട്. 2010-2011 സാമ്പത്തിക വർഷത്തിൽ ലഭ്യമായ 110 ലക്ഷം രൂപ പദ്ധതിയുടെ വെളിമ്പ്ര ബാരേജിലെ ഷട്ടർ നിർമ്മാണത്തിനായി മെക്കാനിക്കൽ വിഭാഗത്തിന് വിനിയോഗിക്കുവാൻ തീരുമാനിക്കുകയും അപ്രകാരം പണികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി:-**

കാഞ്ഞിരപ്പുഴ പദ്ധതി 2 ഘട്ടമായിട്ടാണ് പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്നത്. ഒന്നാം ഘട്ടത്തിൽ ഭാരതപ്പുഴയുടെ കൈവഴിയായ കാഞ്ഞിരപ്പുഴക്കു കുറുകെ ഒരു അണ പണിത് അതിൽനിന്നുള്ള വെള്ളം ഉപയോഗിച്ച് 9714 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാനുമാണ് വിഭാവനം ചെയ്തിരുന്നത്. 1961-ൽ തുടങ്ങിയ ഒന്നാം ഘട്ടത്തിന്റെ പണി 1980-ൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി 212 മീറ്റർ നീളവും 30 മീറ്റർ ഉയരവുമുള്ള അണയും, 166 കി.മീ. കനാലുകളും പണി തീർത്തിട്ടുണ്ട്.

കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി പ്രധാനമന്ത്രിയുടെ പ്രത്യേക പാക്കേജ് പ്രകാരം എ.ഐ.ബി.പി. സ്കീമിൽ ഉൾപ്പെടുത്തി 2008-2009 വർഷത്തിൽ 30 കോടി രൂപയുടെ അനുമതി ലഭിച്ചിരുന്നു.

പ്രസ്തുത പദ്ധതിയിൽ കനാലുകളുടെയും മറ്റും അറ്റകുറ്റപ്പണികൾക്ക് 84 ഇനങ്ങളിലായി 183 പ്രവൃത്തികൾ ഉൾപ്പെടുത്തിയതിൽ 75 ഇനങ്ങളിലായി 156 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 25.48 കോടി രൂപ ചെലവായിട്ടുണ്ട്. ശേഷിച്ച പ്രവൃത്തികൾ പുരോഗമിക്കുന്നു. എ.ഐ.ബി.പി.-യിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ ഫലമായി 61710 കി.മീ. നീളമുള്ള ഇടതുകര മെയിൻ കനാലിന്റെ വാലറ്റംവരെയും ഏകദേശം എല്ലാ ഉപകനാലുകളുടെ അറ്റങ്ങളിലും വെള്ളമെത്തിക്കാൻ കഴിഞ്ഞു. മാത്രമല്ല നിർദ്ദിഷ്ട അയക്കെട്ട് ഏരിയ ആയ 1247 ഹെക്ടറിൽ 976 ഹെക്ടർ നേടാൻ കഴിഞ്ഞു.

കൂടാതെ, പാലക്കാട് ജില്ലയുടെ പല ഭാഗങ്ങളിലും അതിരൂക്ഷമായി വരൾച്ചയും, ജലദൗർലഭ്യതയും അനുഭവപ്പെടുന്ന വേനൽക്കാലത്ത് മേയ് മാസാവസാനം വരെ കാഞ്ഞിരപ്പുഴ പദ്ധതികളുടെ കനാലുകളിലൂടെ ജലവിതരണം നടത്താൻ കഴിഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു നേട്ടമാണ്.

കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി 2010-2011, 2011-2012, 2013-2014 കാലയളവുകളിൽ സംസ്ഥാന ബജറ്റിൽ അനുവദിച്ച തുക 2.40 കോടി രൂപ വീതമാണ്. ഇതിൽ 2010-2011-ലെ പ്രവൃത്തികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്.

ഇതു കൂടാതെ ഡാം സേഫ്റ്റി പ്രവൃത്തികൾക്കായി 2010-2011-ലും 2011-2012-ലും 10 ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു. ഇതിൽ 2010-2011-ൽ ക്രമീകരിച്ച പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. 2011-2012-ലെ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്.

## (ii) 31-10-2012-ലെ യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരങ്ങൾ

### ശിപാർശ

ജലവിഭവ വകുപ്പിന് കീഴിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ, ടെക്നിക്കൽ സാങ്ഷൻ എന്നിവയ്ക്ക് വരുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന 17-4-2012-ലെ യോഗനടപടിക്കുറിപ്പിലെ നാലാം നമ്പർ ശിപാർശയിലെ സമിതി തീരുമാനം ചർച്ച ചെയ്യവെ പി.ഡബ്ല്യു.ഡി.-യിൽ ചെയ്യുന്നതുപോലെ ജലവിഭവ വകുപ്പിലും ചീഫ് എഞ്ചിനീയറുടെ ഒരു കമ്മിറ്റി ഉണ്ടാക്കുന്നതിന് ഒരു പ്രൊപ്പോസൽ ഉണ്ടാക്കണമെന്നും ഇതു സംബന്ധമായ ഒരു കുറിപ്പ് ധനകാര്യ വകുപ്പ് മന്ത്രിക്ക് അയയ്ക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

### സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്തതിൻപ്രകാരം കാലതാമസം ഒഴിവാക്കുന്നതിനായി പി.ഡബ്ല്യു.ഡി.-യിൽ ചെയ്യുന്നതുപോലെ ജലവിഭവ വകുപ്പിലും ചീഫ് എഞ്ചിനീയറുടെ ഒരു കമ്മിറ്റി ഉണ്ടാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുകയും ഇതു സംബന്ധിച്ച കുറിപ്പ് ധനകാര്യ വകുപ്പ് മന്ത്രിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. (28-5-2015-ലെ 20312/പി1/12/ജ.വി.വ. നമ്പരിലെ കുറിപ്പും ടി പ്രൊപ്പോസലിന്റെ പകർപ്പും ഉള്ളടക്കം ചെയ്യുന്നു.)

നമ്പർ 20312/പി1/12/ജ.വി.വ.

ജലവിഭവ (ജി & പി) വകുപ്പ്,
തിരുവനന്തപുരം,
28 ജൂൺ, 2015.

<u>കുറിപ്പ്</u>

സബ്ജക്ട് കമ്മിറ്റി III (ജലവിഭവം) 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി 31-10-2012-ൽ നടന്ന യോഗനടപടിക്കുറിപ്പിലെ സമിതി നിർദ്ദേശങ്ങളിലെ ക്രമനമ്പർ 5 ചുവടെ ചേർത്തിരിക്കുന്നു:

ജലവിഭവ വകുപ്പിനുകീഴിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ, ടെക്നിക്കൽ സാംഗ്ഷൻ എന്നിവയ്ക്ക് വരുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് 17-4-2012-ലെ യോഗനടപടിക്കുറിപ്പിലെ നാലാം നമ്പർ ശിപാർശയിലെ സമിതി തീരുമാനം ചർച്ച ചെയ്യവെ പി.ഡബ്ല്യു.ഡി.-യിൽ ചെയ്യുന്നതുപോലെ ജലവിഭവ വകുപ്പിലും ചീഫ് എഞ്ചിനീയറുടെ ഒരു കമ്മിറ്റി ഉണ്ടാക്കുന്നതിന് ഒരു പ്രൊപ്പോസൽ ഉണ്ടാക്കണമെന്നും ഇത് സംബന്ധമായ ഒരു കുറിപ്പ് ധനകാര്യ വകുപ്പ് മന്ത്രിക്ക് അയയ്ക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഇതിൻപ്രകാരം ജലവിഭവ വകുപ്പിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന കമ്മിറ്റിയെ സംബന്ധിച്ച കുറിപ്പ് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ഇതോടൊന്നിച്ചയയ്ക്കുന്നു. പ്രസ്തുത കുറിപ്പ് ബഹു.ജലവിഭവ വകുപ്പുമന്ത്രി അംഗീകരിച്ചിട്ടുള്ളതാണെന്ന വിവരം കൂടി അറിയിക്കുന്നു.

(ഒപ്പ്)

കെ. പി. ചന്ദ്രപ്രകാശ്

ബഹു.ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

**നിയമസഭാ സബ്ജക്റ്റ് കമ്മിറ്റി III (ജലവിഭവം) ജലസേചന വകുപ്പുമായി ബന്ധപ്പെട്ട സമിതി-പ്രൊപ്പോസൽ**

സബ്ജക്റ്റ് കമ്മിറ്റി III (ജലവിഭവം) 31-10-2012-ൽ കൂടിയ യോഗത്തിലെ നടപടിക്കുറിപ്പ് പ്രകാരം, ജലസേചന വകുപ്പിൽ പ്രവൃത്തികൾക്കുള്ള ഭരണ, സാങ്കേതിക അനുമതി അനുവദിക്കുന്നതിനുവരുന്ന കാലതാമസം ഒഴിവാക്കി വേഗത്തിൽ അനുമതികൾ അനുവദിക്കുന്നതിലേക്കായി ചീഫ് എഞ്ചിനീയറുടെ ലെവലിൽ ഒരു കമ്മിറ്റി ഉണ്ടാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. നിലവിൽ ജലസേചന വകുപ്പിൽ അതത് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ ഓഫീസിൽനിന്നും അപ്പപ്പോൾ ലഭിക്കുന്ന പ്രൊപ്പോസൽ അനുസരിച്ചാണ് ചീഫ് എഞ്ചിനീയറുടെ മൊത്തം തുകയിൽനിന്നും പ്രവൃത്തികൾക്ക് സാമ്പത്തിക ഭരണാനുമതികൾ നൽകിവരുന്നത്. ഈ കാരണത്താൽ മേൽപ്പറഞ്ഞ അനുമതികൾക്ക് കാലതാമസം നേരിടുകയും ഏകീകരണ സ്വഭാവം നഷ്ടപ്പെടുകയും ചെയ്യുന്നുണ്ട്. ആയതിനാൽ സബ്ജക്റ്റ് കമ്മിറ്റി III-ന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജലസേചന വകുപ്പിൽ പ്രവൃത്തികൾക്ക് വേഗത്തിൽ സാമ്പത്തിക, ഭരണ, സാങ്കേതികാനുമതികൾ നൽകുന്നതിലേക്കായി താഴെപ്പറയുന്ന രീതിയിൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

**1. ജില്ലാതല ടാസ്ക് ഫോഴ്സ്**

I. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ചെയർമാൻ)

II. എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും (അംഗങ്ങൾ)

**2. സംസ്ഥാനതല ടാസ്ക് ഫോഴ്സ്**

I. ചീഫ് എഞ്ചിനീയർ (ചെയർമാൻ)

II. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വർക്ക്സ്) (അംഗം)

III. സീനിയർ ഫൈനാൻസ് ഓഫീസർ

IV. സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ (അംഗം)

**ജില്ലാതല ടാസ്ക് ഫോഴ്സ്:**

അടുത്ത വർഷം നടത്തേണ്ട പ്രവൃത്തികളുടെ ലിസ്റ്റ്, ജില്ലാതല ടാസ്ക് ഫോഴ്സ് തയ്യാറാക്കേണ്ടതാണ്. ഇതിനായി മാർച്ച് മാസത്തിൽ യോഗം കൂടി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി ഏപ്രിൽ മാസത്തിലെ ആദ്യ ആഴ്ചയിൽ സംസ്ഥാനതല ടാസ്ക് ഫോഴ്സിന് സമർപ്പിക്കേണ്ടതാണ്. ജില്ലാതല ടാസ്ക്ഫോഴ്സ് കുറഞ്ഞത് രണ്ടാഴ്ചയിലൊരിക്കലെങ്കിലും കൂടുകയും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിയുടെ പുരോഗതി നിരീക്ഷിക്കുകയും എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അവ സംസ്ഥാനതല ടാസ്ക് ഫോഴ്സിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.

**സംസ്ഥാനതല ടാസ്ക് ഫോഴ്സ്:**

ജില്ലാതല ടാസ്ക് ഫോഴ്സിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് അവയ്ക്ക് അനുമതി നൽകേണ്ടതാണ്. സംസ്ഥാനതല ടാസ്ക്ഫോഴ്സ് മാസത്തിലൊരിക്കൽ കൂടുകയും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്. സംസ്ഥാനതല ടാസ്ക് ഫോഴ്സിൽ നിന്നും സാമ്പത്തികാനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തുടങ്ങിയവർ തുടർന്ന് നൽകുന്ന ഭരണാനുമതിയും സാങ്കേതികാനുമതിയും അപ്പപ്പോൾ പ്രാബല്യത്തിലുള്ള ഡെലിഗേഷൻ ഓഫ് പവറിന്റെ അടിസ്ഥാനത്തിലാവണം.

## (iii) 28-5-2014-ലെ യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരങ്ങൾ

<u>ശിപാർശ</u>

'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പഞ്ചായത്തുകളെ സംബന്ധിച്ച് എം.എൽ.എ.മാരുമായി കൂടിയാലോചിച്ചതിനുശേഷം എക്സിക്യൂട്ടീവ് എഞ്ചിനീയർ ലിസ്റ്റ് നൽകുക, എം.എൽ.എ.മാരുടെ അംഗീകാരത്തോടുകൂടി നിർദ്ദേശമയയ്ക്കുക.

<u>സ്വീകരിച്ച നടപടികൾ</u>

'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പഞ്ചായത്തുകളിലെ കുളങ്ങളുടെ ലിസ്റ്റ് ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുവേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

<u>ഭാഗം III</u>

<u>സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകളെ സംബന്ധിച്ച വിവരം:</u>

(i) <u>പെപ്സി കമ്പനിയുടെ അമിത ജല ഉപയോഗവും ജലമലിനീകരണവുംസംബന്ധിച്ച റിപ്പോർട്ട്</u>

<u>ശിപാർശ</u>

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ കുറച്ചു കൊണ്ടുവരുന്നതിനും വ്യവസായ പുരോഗതിയിലൂടെ സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനുമാണ് ഏകജാലക സംവിധാനം കൊണ്ടുവന്ന് വ്യവസായവല്ക്കരണം ത്വരിതപ്പെടുത്തുവാൻ തീരുമാനിച്ചത്. എന്നാൽ പ്രാദേശിക ഭരണകൂടങ്ങളുടെ യാതൊരു നിയന്ത്രണങ്ങൾക്കും വഴങ്ങാതെ പ്രവർത്തിക്കുവാൻ ഈ

നിയമങ്ങളെ ചില കമ്പനികൾ ദുരുപയോഗം ചെയ്യുന്നുണ്ടെന്നത് ദുഃഖകരമാണ്. ഇത്തരം വ്യവസായങ്ങളെ പഞ്ചായത്ത് രാജ് ആക്ടിന്റെ പരിധിയിൽ നിന്നൊഴിവാക്കപ്പെട്ടതുമൂലം പഞ്ചായത്തിനെയോ ജനങ്ങളെയോ വിശ്വാസത്തിലെടുക്കാതെ, പ്രവർത്തനം തുടരുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് കടിഞ്ഞാണിടേണ്ടത് അത്യാവശ്യമാണെന്ന് സമിതി കരുതുന്നു. പഞ്ചായത്തിലെ ജലം അസംസ്കൃത വസ്തുവായി ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി ലാഭം കൊയ്യുന്ന പെപ്സി പോലെയുള്ള കമ്പനികൾ പഞ്ചായത്തിന് ഭൂനികുതി പോലും നൽകുന്നില്ല എന്നത് ധിക്കാരപരമാണ്. ഇത്തരം വ്യവസായങ്ങളെ പഞ്ചായത്ത് രാജ് ആക്ടിന്റെ പരിധിക്കുള്ളിൽ കൊണ്ടുവരേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനാവശ്യമായ നിയമ ഭേദഗതി എത്രയും പെട്ടെന്ന് കൊണ്ടുവരണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

## ശിപാർശ

മനുഷ്യന്റെ അതിജീവനത്തിന് അത്യന്താപേക്ഷിതമായ കുടിവെള്ളത്തിനെയും ജീവനോപാധിയായ കൃഷിയെയും അവഗണിച്ചുകൊണ്ടുള്ള വ്യവസായവല്ക്കരണ പ്രവർത്തനങ്ങൾ ജനങ്ങളുടെ എതിർപ്പിന് പാത്രമാവുക സ്വാഭാവികമാണ്. ജനങ്ങൾക്ക് വെല്ലുവിളി ഉയർത്തുന്ന പ്രശ്നങ്ങൾ കണ്ടെത്തി മുന്നേറുക എന്നതാണ് ഉത്തരവാദിത്വപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ട നിലപാടെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രത്യക്ഷമായും പരോക്ഷമായും 3500-ഓളം പേർക്ക് തൊഴിൽ നൽകുന്ന ഒരു വ്യവസായ സ്ഥാപനം അടച്ചുപൂട്ടുക എന്ന തീവ്രനിലപാട് കൂടുതൽ പ്രശ്നങ്ങൾക്ക് വഴിവയ്ക്കുമെന്നതിനാൽ കമ്പനിയെ കർശനമായ നിയന്ത്രണങ്ങൾക്കു വിധേയമായി പ്രവർത്തിക്കുവാൻ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

## സ്വീകരിച്ച നടപടി (26 & 33)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 1 (2) പ്രകാരം പഞ്ചായത്ത് രാജ് ആക്ടിന് കേരള സംസ്ഥാനത്തെ കന്റോൺമെന്റുകളുടെയും നഗര പഞ്ചായത്തുകളുടെയും മുനിസിപ്പൽ കൗൺസിലുകളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും വ്യവസായ പ്രദേശങ്ങളുടെയും അതിർത്തിക്കുള്ളിലുള്ള പ്രദേശങ്ങളിൽ വ്യാപ്തിയില്ല എന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. പെപ്സിക്കോള കമ്പനി സ്ഥിതി ചെയ്യുന്ന പുതുശ്ശേരി ഗ്രാമപഞ്ചായത്ത് പ്രദേശം ഉൾപ്പെടുന്ന പ്രദേശം "വ്യവസായ പ്രദേശങ്ങളിൽ" ഉൾപ്പെടുന്നതിനാൽ പ്രസ്തുത പ്രദേശത്ത് പഞ്ചായത്ത് രാജ് നിയമം ബാധകമല്ലായിരുന്നു. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് 1(2) വകുപ്പിൽ

'വ്യവസായ പ്രദേശങ്ങളുടേയും' എന്ന വാക്കുകൾക്ക് പകരം "ഭരണഘടനയുടെ 243 ക്യൂ അനുച്ഛേദം (1) ഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധന പ്രകാരം വ്യാവസായിക പട്ടണമായി നിർദ്ദേശിച്ചിട്ടുള്ള പ്രദേശങ്ങളുടെയും" എന്നീ വാക്കുകൾ ചേർത്ത് ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 23-12-2014-ൽ അസാധാരണ ഗസറ്റായി (ഗസറ്റ് നമ്പർ 3146) പ്രസിദ്ധപ്പെടുത്തിയ 2014-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1 (2) വകുപ്പിന്റെ ഭേദഗതി വ്യവസായ വകുപ്പിന്റെ കൂടി നിർദ്ദേശങ്ങൾ പരിഗണിച്ച് ചില മാറ്റങ്ങളോടെ ഉൾപ്പെടുത്തിയിട്ടുണ്ട്. "വ്യവസായ പ്രദേശങ്ങളുടെയും" എന്ന വാക്കുകൾക്ക് പകരം ഭരണഘടനയുടെ 243 ക്യൂ അനുച്ഛേദം (1) ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനപ്രകാരം "വ്യാവസായിക പട്ടണമായി നിർദ്ദേശിച്ചിട്ടുള്ള പ്രദേശങ്ങളുടെയും" 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റ് (2000-ലെ 5) പ്രകാരം വ്യവസായ പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങളുടെയും എന്ന വാക്കുകൾ ചേർത്താണ് ഭേദഗതി വരുത്തിയിരിക്കുന്നത്. പ്രസ്തുത വകുപ്പിൽ 1999-ലെ വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് പ്രകാരം വ്യവസായ പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങളിൽ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ XIX-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് വ്യാപ്തിയുണ്ടായിരിക്കുന്നതാണെന്ന ക്ലിപ്തനിബന്ധനയും ചേർത്തിട്ടുണ്ട്. ഇതുപ്രകാരം വ്യവസായ പ്രദേശങ്ങളിലെ കമ്പനികൾ പഞ്ചായത്തിന് വസ്തു നികുതിയും തൊഴിൽ നികുതിയും ഒടുക്കാൻ ബാധ്യസ്ഥരാണ്. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1 (2)-ാം വകുപ്പിന്റെ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ ചിലവ്യവസ്ഥകൾക്ക് വ്യവസായ പ്രദേശങ്ങളിലും പ്രാബല്യമുണ്ടായിരിക്കും.

(ii) ' നാഷണൽ രജിസ്റ്റർ ഓഫ് ലാർജ് ഡാംസ് ' എന്ന 63-ാം നമ്പർ നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിന്മേൽ ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ. സഭയിൽ ഉന്നയിച്ച വിഷയവും, അതിന്മേൽ മുഖ്യമന്ത്രി നൽകിയ വിശദീകരണവുമായി ബന്ധപ്പെട്ട് സഭയുടെ മേശപ്പുറത്തുവച്ച രേഖകളിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങളും അന്വേഷിച്ച വിഷയനിർണ്ണയ സമിതി III-ന്റെ പ്രത്യേക റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്

ശിപാർശ

"നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റിയുടെ 32-ാമത്തെ യോഗത്തിൽ NRLD രജിസ്റ്ററിലെ തിരുത്തൽ സംബന്ധിച്ച് വിശദമായ ചർച്ച വന്നിട്ടില്ല. ഈ വിഷയം പിന്നീട് മിനിട്സിൽ എഴുതിച്ചേർത്തതാണ്. പറമ്പിക്കുളം-ആളിയാർ സബ്കമ്മിറ്റി മെമ്പറായതിനാൽ അതിന്റെ മീറ്റിംഗിനുവേണ്ടിയാണ് ഞാൻ (ശ്രീമതി ലതിക, ചീഫ് എഞ്ചിനീയർ) പോയത്. അതേ മീറ്റിംഗിൽ തന്നെയാണ് ഈ വിഷയം വന്നത്. എന്നാൽ ഇതിനെക്കുറിച്ച് എനിക്ക് അറിയില്ലായിരുന്നു. NRLD രജിസ്റ്റർ എന്നുമാത്രമേ പറഞ്ഞുള്ളൂ 'owned' എന്ന പദം

ചേർക്കുന്നതിനെക്കുറിച്ച് ചർച്ച വന്നിട്ടില്ല. IDRB ചീഫ് എഞ്ചിനീയർ യോഗത്തിൽ പങ്കെടുക്കും എന്നാണ് ഞാൻ കരുതിയത്. യോഗത്തിന്റെ അജണ്ടയിൽ ഈ വിഷയം ഉൾപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതിനെക്കുറിച്ച് ചർച്ച ഉണ്ടായിട്ടില്ല". എന്നാൽ ഇതേ മീറ്റിംഗിന്റെ അവസാന ഘട്ടത്തിൽ മുകളിൽ പറഞ്ഞതിൽനിന്നും വ്യത്യസ്തമായാണ് ടിയാൾ പറഞ്ഞത്. ആ മൊഴി ചുവടെ ചേർക്കുന്നു. "നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റിയുടെ യോഗത്തിൽ എല്ലാ ഡാമുകളെയും അവതരിപ്പിച്ച കൂട്ടത്തിൽ ഈ ഡാമുകളെപ്പറ്റിയും അവതരിപ്പിച്ചതാകാനേ വഴിയുള്ളൂ. അല്ലാതെ പ്രത്യേകിച്ച് ചർച്ച ചെയ്തിട്ടില്ല. അതുകൊണ്ടാണ് എന്റെ ശ്രദ്ധയിൽപ്പെടാതിരുന്നത് " .

ഇരുമൊഴികളിലെയും വൈരുദ്ധ്യം പ്രകടമാണ്. മേൽ പരാമർശിച്ച നാല് ഡാമുകളുടെയും സ്റ്റാറ്റസ് സംബന്ധിച്ച് ചർച്ച വന്നിട്ടുണ്ടെന്ന് ഇരു മൊഴികളും കൂട്ടി വായിച്ചാൽ അനുമാനിക്കാവുന്നതാണ്. വർഷത്തിൽ ഒരിക്കലോ മറ്റോ നടക്കുന്ന വളരെ പ്രധാനപ്പെട്ട യോഗമാണ് നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റിയുടെ യോഗം. നീണ്ട ഇടവേളയ്ക്കുശേഷം മാത്രം നടക്കുന്ന യോഗമായതിനാൽ സ്വാഭാവികമായും യോഗ അജണ്ട വലുതായിരിക്കും. ഒരു സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ഒരു ഉന്നതതല യോഗത്തിൽ ഹാജരാകുന്ന ഉദ്യോഗസ്ഥൻ, രണ്ടു സംസ്ഥാനങ്ങളുടെയും ഇടയിൽ നിരന്തരം പ്രശ്നമുണ്ടാകുന്ന ഒരു വിഷയം പരിഗണിക്കുമ്പോൾ നിതാന്ത ജാഗ്രത പുലർത്താതിരിക്കുകയോ, മൗനം പാലിക്കുകയോ, സംസ്ഥാനത്തിന് അഹിതമായ ഒരു കാര്യം ചർച്ചയ്ക്കെടുക്കുമ്പോൾ അതിനെ എതിർക്കുവാനുള്ള ആർജ്ജവം കാണിക്കാതിരിക്കുകയോ ചെയ്യുന്നത് അക്ഷന്തവ്യമായ അപരാധമാണ്. തന്നിൽ നിക്ഷിപ്തമായ കർത്തവ്യത്തിൽ നിന്നുള്ള ഒളിച്ചോട്ടമായി മാത്രമേ അതിനെ കാണാനാവൂ. ടിയാളുടെ ഈ കൃത്യവിലോപത്തിൽ സമിതി ശക്തമായി പ്രതിഷേധം രേഖപ്പെടുത്തുന്നതോടൊപ്പം മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാത്ത വിധത്തിൽ ടിയാളെ താക്കീത് ചെയ്യണമെന്നും നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

കേരള നിയമസഭയുടെ വിഷയനിർണ്ണയ സമിതി III (ജലവിഭവം) 'നാഷണൽ രജിസ്റ്റർ ഓഫ് ലാർജ് ഡാംസ് ' എന്ന 63-ാം നമ്പർ നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിന്മേൽ ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ. സഭയിൽ ഉന്നയിച്ച വിഷയവും, അതിന്മേൽ മുഖ്യമന്ത്രി നൽകിയ വിശദീകരണവുമായി ബന്ധപ്പെട്ട് സഭയുടെ മേശപ്പുറത്തുവച്ച രേഖകളിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങളും അന്വേഷിച്ച വിഷയനിർണ്ണയ സമിതി III-ന്റെ പ്രത്യേക റിപ്പോർട്ട് 29-6-2015-ന് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ

ഖണ്ഡിക 19-ലെ സമിതി ശിപാർശ പ്രകാരം കുറ്റാരോപിതയായ ചീഫ് എഞ്ചിനീയർക്ക് താക്കീത് നൽകേണ്ടതായുണ്ട്. എന്നാൽ പരമാർശവിധേയമായ NCDS യോഗത്തിൽ പങ്കെടുത്ത കുറ്റാരോപിതയായ ചീഫ് എഞ്ചിനീയർ ശ്രീമതി പി. ലതിക 30-4-2015-ൽ സർവ്വീസിൽ നിന്നും വിരമിക്കുകയുണ്ടായി. സർവ്വീസിൽ നിന്നും വിരമിച്ച ടിയാൾക്ക് സമിതി ശിപാർശ ചെയ്ത പ്രകാരം ഒരു താക്കീത് നൽകുകയെന്നത് പ്രായോഗികമല്ല. മേൽ വിവരിച്ച സാഹചര്യത്തിൽ; നിലവിൽ അന്തർസംസ്ഥാന നദീജലം കൈകാര്യം ചെയ്യുന്ന ചീഫ് എഞ്ചിനീയർക്കും അദ്ദേഹത്തിന്റെ കാര്യാലയത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് എന്നുള്ള കർശന നിർദ്ദേശം നൽകുന്നതാണ്, കൂടുതൽ ഉചിതവും പ്രയോജനപ്രദവും എന്നുള്ള നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ഉന്നതതല യോഗത്തിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർക്ക്; ഇതര സംസ്ഥാനങ്ങളുമായി തർക്കം നിലനിൽക്കുന്ന വിഷയങ്ങൾ പരിഗണിക്കുമ്പോൾ സംസ്ഥാന താല്പര്യം മുൻനിർത്തി സംസ്ഥാനത്തിന് അഹിതമായ കാര്യം ചർച്ചയ്ക്കെടുക്കുമ്പോൾ അത്തരം സംഗതികളെ കാര്യകാരണ സഹിതം എതിർക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ തലത്തിൽ നൽകി വരുന്നുണ്ട്.

## ശിപാർശ

നാഷണൽ രജിസ്റ്റർ ഓഫ് ലാർജ് ഡാംസിൽ കേരളത്തിന്റെ പട്ടികയിലെ 59 ഡാമുകളിൽ 55 ഡാമുകൾ കാണിക്കുന്നതിനായി Project Identification Code ആയി KL-07, KL-29, KL-37 എന്നീ കോഡുകളും പരാമർശവിധേയമായ നാലു ഡാമുകളുടെ Project Identification Code ആയി KL-12 എന്നുമാണ് കാണിച്ചിരിക്കുന്നത്. എന്നാൽ തമിഴ്നാടിന്റെ 108 ഡാമുകൾ കാണിക്കുന്നതിനായി TN-12 എന്ന കോഡ് മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. Alphabet Code കേരളത്തിന്റെയും Numerical Code തമിഴ്നാടിന്റെയും ചേർത്ത് ഒരു പുതുക്കിയ കോഡ് System ആയിട്ടാണ് CWC പ്രസ്തുത ഡാമുകളെ കാണിച്ചിരിക്കുന്നത്. 2012-ലെ തിരുത്തിയ രജിസ്റ്ററിലും ഈ തെറ്റ് അതേപോലെ ആവർത്തിക്കുകയാണുണ്ടായത്. ഇത് സംഭവിച്ചുകൂടാത്തതും അനുവദനീയമല്ലാത്തതുമാണ്. ആയതിനാൽ ഈ തെറ്റുകൾ ചൂണ്ടിക്കാട്ടി വിശദമായ കത്ത് സെൻട്രൽ വാട്ടർ കമ്മീഷനയയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 22)

## സ്വീകരിച്ച നടപടി

നാഷണൽ രജിസ്റ്റർ ഓഫ് ലാർജ് ഡാംസിൽ കേരളത്തിൽ സ്ഥിതി ചെയ്യുന്ന 59 ഡാമുകളുടെ വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ഡാമുകളിൽ 20 എണ്ണം ഇറിഗേഷൻ വകുപ്പും 33 എണ്ണം കെ.എസ്.ഇ.ബി.യും 2 എണ്ണം വാട്ടർ അതോറിറ്റിയും ബാക്കി 4 ഡാമുകൾ തമിഴ്നാട് പി.ഡബ്ല്യു.ഡി.യും പ്രവർത്തനവും പരിപാലനവും ചെയ്യുന്നതാണ്. ഇതനുസരിച്ച് ഈ ഡാമുകൾക്ക് യഥാക്രമം KL-07, KL-29, KL-37, KL-12 എന്നീ പ്രോജക്ട് ഐഡന്റിഫിക്കേഷൻ കോഡുകളാണ് സെൻട്രൽ വാട്ടർ കമ്മീഷൻ (സി.ഡബ്ല്യു.സി.) അനുവദിച്ചിരിക്കുന്നത്.

NRLD-യിൽ ഓരോ ലാർജ്ജ് ഡാമിനും ഒരു നിർദ്ദിഷ്ട പ്രോജക്ട് ഐഡന്റിഫിക്കേഷൻ കോഡ് (PIC) നല്കിയിട്ടുണ്ട്. പത്ത് ഡിജിറ്റുള്ള ഈ ആൽഫാ ന്യൂമെറിക് കോഡിലെ ആദ്യത്തെ രണ്ടക്ക ആൽഫാ കോഡ് ഡാം സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തെയും രണ്ടാമത്തെ സെറ്റ് രണ്ടക്ക ന്യൂമെറിക് കോഡ് ഡാം സേഫ്റ്റി ഓർഗനൈസേഷൻ അല്ലെങ്കിൽ ഡാം പരിപാലിക്കുന്ന വകുപ്പ്/ഏജൻസിയെയും മൂന്നാമത്തെ രണ്ടക്ക ആൽഫാ കോഡ് ഡാം സൈറ്റിനെ സൂചിപ്പിക്കുന്നതും നാലാമത്തെ ന്യൂമെറിക് കോഡ് ഡാമിന്റെ ക്രമനമ്പരിനെ സൂചിപ്പിക്കുന്നതുമാകുന്നു.

തമിഴ്നാട് പരിപാലിക്കുന്ന 4 ഡാമുകളായ മുല്ലപ്പെരിയാർ, പറമ്പികുളം, തൂണക്കടവ്, പെരുവാരിപ്പള്ളം എന്നിവയ്ക്ക് കേരള ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ പി.ഐ.സി. (07) മാറ്റി നൽകുന്നതിനായി ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.യുടെ കാര്യാലയത്തിൽ നിന്നും 29-8-2014 കത്ത് പ്രകാരം സി.ഡബ്ല്യു.സി.ക്ക് അപേക്ഷ നൽകിയിട്ടുണ്ട്, (അനുബന്ധം-I). ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള 24 ഡാമുകളെയും പി.ഐ.സി. കെ.എൽ-07 എന്നാക്കി NRLD-യിൽ പ്രസിദ്ധീകരിക്കാനുള്ള പ്രൊഫോർമയും സി.ഡബ്ല്യു.സി.ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. നാഷണൽ കമ്മിറ്റി ഓഫ് ലാർജ് ഡാംസ് (എൻ.സി.ഡി.എസ്.)-ന്റെ 33-ാമത്തെ യോഗത്തിന്റെ കാര്യ പരിപാടിയുടെ സ്റ്റാറ്റസ് നോട്ടിലും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട് (അനുബന്ധം-II). 2014-ന്റെ NRLD യിലെ പി.ഐ.സി. പേജിൽ 2-ാമത്തെ രണ്ടക്ക ന്യൂമെറിക് കോഡിനെ വ്യാഖ്യാനിച്ചിരുന്ന "DSO or owner" (പകർപ്പ് അനുബന്ധം-III) എന്നതു മാറ്റി DSO or Department/ Agency operating and maintaining the large dams എന്നാക്കി മാറ്റിയിട്ടുണ്ട്.

സി.ഡബ്ല്യു.സി. ചീഫ് എഞ്ചിനീയർ ഐ.എസ്.ഡബ്ല്യു.വിന് അയച്ച നമ്പർ 3/19/NRLD/DSM/Court Case 2012/1304 dated 12-9-2014 കത്ത് പ്രകാരം പി.ഐ.സി.യുടെ ആദ്യത്തെ രണ്ടക്ക ആൽഫാ കോഡ് സൂചിപ്പിക്കുന്നത് ഡാം സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തെയും രണ്ടാമത്തെ രണ്ടക്ക ന്യൂമെറിക് കോഡ് അതാത് ഡാം സേഫ്റ്റി ഓർഗനൈസേഷൻ (ഡി.എസ്.ഒ.) അല്ലെങ്കിൽ ഡാം പരിപാലിക്കുന്ന ഡിപ്പാർട്ട്മെന്റിനെയാണ് സൂചിപ്പിക്കുന്നതെന്നും ഒരു പൊതു സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ഡാമിനുംവേണ്ടി നിശ്ചയിച്ചിട്ടുള്ളതായതിനാൽ ഇതിൽ മാറ്റം വരുത്താൻ സാധിക്കുകയില്ലായെന്നും സെൻട്രൽ വാട്ടർ കമ്മീഷൻ (സി.ഡബ്ല്യു.സി.) അറിയിച്ചിട്ടുണ്ട്.

NRLD-യുടെ മറ്റു സംസ്ഥാനങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ഉത്തരാഖണ്ഡിൽ സ്ഥിതി ചെയ്യുന്ന അഞ്ച് ഡാമുകൾക്ക് ഉത്തർപ്രദേശ് പരിപാലിക്കുന്നതാകയാൽ യു.പി.യുടെ ഡി.എസ്.ഒ. സൂചിപ്പിക്കുന്ന 13 എന്ന ന്യൂമെറിക് കോഡ് ആണ് നൽകിയിരിക്കുന്നത്. മധ്യപ്രദേശ്, വെസ്റ്റ് ബംഗാൾ, ജമ്മു കാശ്മീർ, ഉത്തരാഞ്ചൽ എന്നീ സംസ്ഥാനങ്ങൾക്ക് വ്യത്യസ്ത ന്യൂമെറിക് കോഡും മറ്റു സംസ്ഥാനങ്ങളായ മഹാരാഷ്ട്ര, ഒഡീഷ, പഞ്ചാബ്, തെലുങ്കാന എന്നിവയും ഒരേ ന്യൂമെറിക് കോഡും ഉപയോഗിച്ചിരിക്കുന്നതായി കാണാം എന്ന് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

എന്നിരുന്നാലും ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ 29-8-2014 തീയതി പ്രകാരം അയച്ച നിർദ്ദേശം അനുഭാവപൂർവ്വം പരിഗണിച്ച് കിട്ടുന്നതിനുവേണ്ടി അടുത്ത എല്ലാ NCDS യോഗങ്ങളിലും ടി വിഷയം വീണ്ടും ഉന്നയിക്കുന്നതിനുള്ള നിർദ്ദേശം ഐ.ഡി.ആർ.ബി. ആന്റ് ഐ.എസ്.ഡബ്ല്യു. ചീഫ് എഞ്ചിനീയർമാർക്ക് പ്രത്യേകം നിർദ്ദേശം നൽകുന്നുണ്ടെന്നുള്ള വിവരം കൂടി വിഷയനിർണ്ണയ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തികൊള്ളുന്നു.

<u>ഭാഗം 4</u>

<u>സഭയുടെ മേശപ്പുറത്തുവച്ച കാലതാമസപത്രികകളും വാർഷിക പ്രവർത്തന റിപ്പോർട്ടുകളും സംബന്ധിച്ച വിവരങ്ങൾ:</u>

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം കാലതാമസപത്രിക സഭയുടെ മേശപ്പുറത്തുവച്ചത് സംബന്ധിച്ച വിവരങ്ങൾ:**

| റിപ്പോർട്ട് | ഖണ്ഡിക നമ്പർ | സഭയുടെ മേശപ്പുറത്തുവച്ച തീയതി |
|---|---|---|
| 2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് | 32,36,46,47,52,61,65,68, 69,70,71,72, 75,76 | 1-7-2015 |
| 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് | 16,21,25,32,40,41,45,47 പൊതുശിപാർശ നമ്പർ 1,2,4 | 1-12-2015 |
| | 15,17,18,19,23,29,30,43 | 14-12-2015 |
| 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് | 5,10,20 | 27-7-2015 |
| | 41,42,45,49,52,67,68, 71,72,75,82 | 1-12-2015 |
| 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് | 1,2,3,6,8,9,10,11,13,14, 32,33,42,43,64 | 1-12-2015 |

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (6) പ്രകാരം വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവച്ചതു സംബന്ധിച്ച വിവരങ്ങൾ:**

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | സഭയുടെ മേശപ്പുറത്തുവച്ച തീയതി |
|---|---|---|
| 2013-2014 | XXXVIII- ജലസേചനം | 21-7-2015 |
| 2014-2015 | XXXVIII- ജലസേചനം | 2-12-2015 |
| | XXIX- കൃഷി | |
| | XX-ശുദ്ധജലവിതരണവും ശുചീകരണവും | |

മാത്യു ടി. തോമസ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം,
2016 ഒക്ടോബർ 26.

Annexure I

**MOST URGENT**

No. 1680/2013/IDRB/DS3/AD5

Office of the Chief Engineer(I&D)
IDRB, Vikas Bhavan
Thiruvananthapuram
Ph/ Fax No: 0471-2306159
Email: jddsisw@gmail.com
Date: 29-08-2014

From

The Chief Engineer

To

The Chief Engineer (DSO) &
Member Secretary, NCDS
CWC, Dam Safety Monitoring Directorate
Room No.710(S), Sewa Bhavan
R.K.Puram, New Delhi-110066

Sir,

**Sub:** - Minutes of 32nd meeting of National Committee on Dam Safety (NCDS) Disagreement on the decision taken on item 32.12.0, NRLD - reg.

**Ref:** - 1. That office letter No.3/19/NCDS/DSM/2014/565 dtd. 23.04.2014

2. This office letter of even no. dated 17.02.2014, 02.06.2014, 19.06.2014 & 04.07.2014.
3. That office letter No.3/19/NCDS/DSM/32nd Meeting/2014/455 dated 15.04.2014.
4. That office letter No. 3/19/NCDS/DSM/32nd Meeting/2014/1098 to 99 dtd 06.08.2014

Kind attention is invited to the references cited. I may bring to your attention that the Hon. High Court of Kerala has dismissed the petition WP © 2654/2012 in 11/2012 based on submission of the updated NRLD by CWC uploaded on CWC website in which the four dams namely Mullaperiyar, Parambikulam, Peruvaripallam and Thunakadavu are listed in the table of Kerala and the footnote which was already there below the table of Tamil Nadu had also been deleted as seen from a copy of NRLD taken on 07.11.2012. The same scenario continued till 12/2013. It is also

clear from the para (3) of the reference letter cited (4) that the foot note had been incorporated in the table of Tamil Nadu as per the request of Tamil Nadu vide letter dated 4.11.2013only, almost one year after the dismissal of the said petition and obviously not as per the decision of 31st meeting of NCDS on 13.07.2012 or Government of Kerala letter dated 17.10.2012. Hence adding the footnote again one year after the petition had been disposed off in respect of the four dams will be contempt of court with regard to the above said petition. Hence once again I request that modifications made in the table of Tamil Nadu shall be deleted and the status-quo of NRLD as on 07.11.2012 shall be reinstated and maintained.

I may also request that the four dams, Mullaperiyar, Parambikulam, Thunakkadavu and Peruvaripallam which are in the table of Kerala shall be given Kerala Project Identification Code (PIC) accordingly.

The data as per the attached Proforma may please be included in the list.

Yours faithfully

Sd/-

Chief Engineer

Encl: Revised proforma of NRLD

## NATIONAL REGISTER OF LARGE DAMS

## STATE . KERALA

| Sl.No. | Project Identification Code | Name of Dam | Operated & Maintained by | Location of dam | | year of Completion | River Basin | River | Nearest city | Seismic zone | Type of dam | Height above lowest foundation(m) | Length of dam (m) | volume content of dam ($10^3m3$) | Gross storage capacity ($10^3m^3$) | Reservoir Area ($10^3m^2$) | Effective storage capacity ($10^3m^3$) | Purpose | Designed Spillway capacity($m^3$/Sec) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | Longitude of dam | Latitude of dam | | | | | | | | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| 1 | KL07HH00 03 | Malam puzha | Irrigati on depart ment | Betwe en 76°39' and 76°42' | Between 10°48'an d10°55' | 1955 | Bha rath apu zha | Malam puzha (Tribut ary of Bharat hapuz ha) | Palak kad | 3 | TE/ PG | 38.10 | 1849 | 554 | 226000 | 22000 | 213600 | I | 367 |
| 2 | KL07HH00 04 | Walay ar | Irrigati on depart ment | 76°46' E | 10°47'30" N | 1955 | Bha rath apu zha | Walay ar (Tribut ary of Bharat hapuz ha) | Palak kad | 3 | TE/ PG | 30.48 | 1477 | 1754 | 18400 | 2590 | 15188 | I | 396.4 |

| | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 3 | KL07HH0008 | Peechi | Irrigation department | 76°15' E | 10°30'N | 1957 | Karuvannur | Manali (Tributary of Karuvannur) | Thrissur | 3 | PG | 41.85 | 213 | 68 | 110436 | 12950 | 108170 | I | 368 118 |
| 4 | KL07MH0007 | Vazhani | Irrigation department | 76°15' E | 10°40'N | 1959 | Kechery | Wadakkanchery( Tributary of Keche | Thrissur | 3 | TE | 25.91 | ·792 | 1814 | 18121 | 1820 | 16650 | I | 294 (4 |
| 5 | KL07MH0010 | Meenkara (Gayathri stage - 1) | Irrigation department | 76°48' E | 10°38'N | 1964 | Baharathapuzha | Meenkara (Tributary of Bharathapuzha) | Palakkad | 3 | TE | 18.90 | 964 | 917 | 11300 | 2500 | 10300 | I | 472 |
| 6 | KL07LH0013 | Periyar valley Barrage | Irrigation department | 76°40' 00"E | 10°08'16" N | 1964 | Periyar | Periyar | Cochin | 3 | PG | 18.50 | 211 | | 169791 | 16400 | Diversion | I | [illegible] |
| 7 | KL07HH0009 | Neyyar | Irrigation department | 77°09' E | 8°32'N | 1964 | Neyyar | Neyyar | Thiruvananthapuram | 3 | PG | 56.08 | 295 | 125 | 106250 | 9100 | 101146 | I | 809 |

| | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | KL07MH0020 | Mangalam | Irrigation department | 76°32'E | 10°31'N | 1966 | Bharathapuzha | Cherukunnapuzha | Thrissur | 3 | TE/PG | 29.23 | 162 | 24 | 25494 | 3960 | 25344 | I | 244 795 |
| 9 | KL07HH0018 | Chulliar (Gayathri stage II) | Irrigation department | 76°36'E | 10°36'N | 1970 | Bharathapuzha | Chulliar | Palakkad | 3 | TE/PG | 30.50 | 1755 | 182 | 13700 | 1650 | 12700 | I | 223 |
| 10 | KL07HH0023 | Pothundy | Irrigation department | 76°37'31.53"E | 10°32'31.46"N | 1971 | Bharathapuzha | Ayiloor (Tributary of Bharathapuzha) | Palakkad | 3 | TE | 32.61 | 1680 | 462 | 50914 | 4190 | 43890 | I | 680 |
| 11 | KL07HH0026 | Kuttiyadi Irrigation project | Irrigation department | 75°49'27"E | 11°36'45"N | 1973 | Kuttiyadi | Kuttiyadi | Kozhikode | 3 | PG | 35.36 | 171 | 58 | 120520 | 10520 | 113440 | I | 1444 |
| 12 | KL07MH0029 | Pamba Barrage (Maniy | Irrigation department | 76°53'E | 9°20'N | 1976 | Pamba | Kakkad (Tributary of [illegible] | Pathanamthitta | 3 | PG | 16.33 | 115 | | 8000 | 1080 | | I | 1287 |
| 13 | KL07MH0031 | Kullur Barrage (Pazhassi) | Irrigation department | 75°37'00"E | 11°59'00"N | 1979 | Valapattanam | Valapattanam | Kannur | 3 | PG | 18.29 | 245 | | 49084 | 6490 | 13500 | I | 3500 |

| | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 14 | KL07HH00 33 | Kanjirapuzha | Irrigation department | 72°32' E | 10°58'N | 1983 | Bharathapuzha | Kanjirapuzha | Palakkad | 3 | TE/ PG | 30.78 | 2128 | 6240 | 70827 | 4650 | 70808 | I | 51 |
| 15 | KL07HH00 35 | Siruvani | Irrigation department | 76°38' 30"E | 10°58'36" N | 1984 | Bhavni | Siruvani | Palakkad | 3 | PG | 57.00 | 224 | 140 | 25500 | 1636 | 17420 | S | 435 |
| 16 | KL07HH00 37 | Kallada (Parappar) | Irrigation department | 77°4'2 0"E | 8°57'N | 1986 | Kallada | Kallada | Kollam | 3 | PG | 85.35 | 335 | 433 | 624300 | 23000 | 507000 | I | 2830 |
| 17 | KL07MH00 49 | Malankara | Irrigation department | 76° 20'E 44 | 9°51' N | 1994 | Muvattupuzha | Thodupuzha | Muvattupuzha | 3 | PG | 23.00 | 460 | 38 | 42000 | 5660 | 10000 | I | 1444.3 |
| 18 | KL07HH00 50 | Chimoni | Irrigation department | 76°28' 00"E | 10°26'00" N | 1996 | Karuvannur | Chimony(Tributary of Karuv | Thrissur | 3 | TE/ PG | 52.82 | 1181 | 667 | 179390 | 10100 | 176540 | I | 1680 |
| 19 | KL07MH00 52 | Karapuzha | Irrigation department | 76°10' 30"E | 11°37"N | 2004 | Kabani | Karapuzha | Kozhikode | 3 | TE/ PG | 28.00 | 625 | | 76500 | 8550 | 72000 | | 969 |

| | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| [illegible]0 | KL07HH00 53 | Attapady | Irrigation department | 76°39' E | 11°3'N | U/C | Bhavani | Siruvani | Palakkad | 3 | PG | 51.50 | 442 | | 65000 | 3500 | 60500 | I | [illegible] |
| 21 | KL07HH00 54 | Mulla Periyar (Periyar) | Tamil nadu PWD | 77°8'45"E | 9°31'30" N | 1895 | Periyar | Periyar | Kumily | 3 | PG | 53.66 | 366 | 221 | 443490 | 264[illegible] | 299306.24 | I&H | 3454[illegible] |
| 22 | KL07HH00 55 | Parambikulam | Tamil nadu PWD | 76°46' E | 10°23'N | 1967 | Chalakudy | Parambikulam | Pollachi | 3 | TE | 73.15 | 897 | 69165 | 504660 | 20720 | 379710 | I&H | [illegible] |
| 23 | KL07HH00 56 | Thunakkadavu | Tamil nadu PWD | 76°46' E | 10°25'45" N | 1965 | Chalakudy | Thunakkadavu | Pollachi | 3 | TE | 26.91 | 314 | 244 | 15770 | 4320 | 9060 | I&H | [illegible] |
| 24 | KL07MH00 57 | Peruvarippallam | Tamil nadu PWD | 76°46' E | 10°26'30" N | 1971 | Chalakudy | Peruvarippallam | Pollachi | 4 | TE | 27.74 | 466 | 362 | 17560 | 2900 | 11020 | I&H | |

PG-Gravity/ Masonry   I-Irrigation purpose   U/C-Under Construction

TE-Earth dam   H-Hydel   S-water supply

## Annexure II

No. 1680/2013/IDRB/DS3/AD5

Office of the Chief Engineer(I&D)
IDRB, Vikas Bhavan
Thiruvananthapuram
Ph/ Fax No: 0471-2784002
Email: jddsisw@gmail.com
Date: 17-09-2014

From

The Chief Engineer

To

The Chief Engineer (DSO) &
Member Secretary, NCDS
CWC, Dam Safety Monitoring Directorate
Room No.710(S), Sewa Bhavan
R.K.Puram, New Delhi-110066

Sir,

**Sub**: - Status note on Agenda items of 33rd meeting of National Committee on Dam Safety (NCDS) - reg.

**Ref**: - That office letter No.3/19/NCDS/DSM/2014/33rd Meeting/1178 to1220 dated 28.08.2014.

Kind attention is invited to the references cited. The status note on the agenda items of the 33rd meeting of National Committee on Dam Safety (NCDS) is enclosed herewith for further necessary action.

# Status Note on the Agenda of the 33rd meeting of NCDS

**33.1.0 Confirmation of the minutes of 32nd meeting:**

We have requested for the modification in the item 31.11 (b) of minutes regarding PAP Sub Committee and expressed disagreement on the decision taken on item 31.12 (b) regarding the foot note "the 4 (four) dams namely, Mullaperiyar (Periyar), Parambikulam, Thunakadavu and Peruvaripallam geographically located in Kerala are owned, operated and maintained by Tamil Nadu PWD" in NRLD as per the request of Tamil Nadu during 32nd meeting of NCDS which is not yet implemented. We have also requested to delete the footnote which was added in the table of Tamil Nadu on the request of Tamil Nadu vide letter dated 04.11.2013 almost one year after the dismissal of petition WP (c) 2654/2012 by the Hon. High Court of Kerala and to reinstate and maintain the status-quo of NRLD as on 07.11.2012

**33.2.0 Inclusion of Telangana & Himachal Pradesh States under NCDS:**

**33.3.0 National Register of Large Dams:**

**33.3.1 Updation as per new format:**

The NRLD related information in the revised proforma (as given in Annexure II of Agenda) has already been forwarded to CWC. We have also requested to give Kerala Project Identification Code for the four dams Mullaperiyar, Parambikulam, Thunakadavu and Peruvaripallam which are in the table of Kerala.

**33.3.2 Matter related to footnote:**

During the 32nd meeting of National Committee on Dam Safety a decision was taken to incorporate a foot note "Mullapeiyar (Periyar), Parambikulam, Thunakadavu and Peruvaripallam dams geographically located in Kerala are owned, operated and maintained by Tamil Nadu PWD" in the NRLD table below "state – Tamil Nadu" on request made by the representative of GoT.

1213/2016.

# Annexure III

NRLD - June 2014

## Project Identification Code (PIC)

Each large dams in National Register of Large Dams has been given a unique Project Identification Code(PIC).The PIC consists of ten-digit-alpha-numeric code(XX11XX1111).First set of two-digit alpha code represents the **State** in which dam is situated; second set of two-digit numeric code represents the concerned **Dam Safety Organisation (DSO)** or owner, third set of two-digit alpha code indicates the **Category** of dam under the pertinent project; and fourth digit numeric code indicates the **Serial number** of the dam.

The following categorization of dams is adopted for the PIC generation;

Category:- VH- Very High Large dam ( Large dams being of hundred meters height or above )

HH- High Height Large Dam (Large dams being of thirty meter or above, but less than hundred meters height)

MH- Medium Height Large Dam (Large Dams being of fifteen meters height or above, but less than thirty meters height)

LH- Low Height Large Dams (Large dams being of ten meters height or above, but less than 15 meters height).

Example:- The PIC of Koyana Dam is **MH09VH0100**.Here MH is code for Maharashtra State in which the Koyana Dam is situated;09 is DSO code for Maharashtra Dam Safety Organization; VH is category of dam as it is more than 100 meters high; and 01000 is serial number of dam in the large dam,s list of Maharashtra.

Note:- in few cases, the information concerning dams are revised by State Governments during updation process. Thus there may be changes in some of parameters of dam reflected by PIC.However, since PIC is required as a permanent and unique reference for each dam, no change is effected in the PIC during updation process.

## Annexure IV

NRLD-November 2014

**Project Identification Code (PIC)**

Each large dams in National Register of Large Dams has been given a unique Project Identification Code(PIC).The PIC consists of ten-digit-alpha-numeric code(XX11XX1111).First set of two-digit alpha code represents the **State** in which dam is situated; second set of two-digit numeric code represents the concerned **Dam Safety Organisation (DSO) If it exists, or the department/agency which is operating and maintaining the large dam**, third set of two-digit alpha code indicates the **Category** of dam under the pertinent project; and fourth digit numeric code indicates the **Serial** number of the dam.

The following categorization of dams is adopted for the PIC generation;

Category:- VH- Very High Large dam ( Large dams being of hundred meters height or above )

HH- High Height Large Dam (Large dams being of thirty meter or above, but less than hundred meters height)

MH- Medium Height Large Dam (Large Dams being of fifteen meters height or above, but less than thirty meters height)

LH- Low Height Large Dams (Large dams being of ten meters height or above, but less than 15 meters height).

Example:- The PIC of Koyna Dam is **MH09VH0100**.Here MH is code for Maharashtra State in which the Koyana Dam is situated;09 is DSO code for Maharashtra Dam Safety Organization; VH is category of dam as it is more than 100 meters high; and 0100 is serial number of dam in the large dam,s list of Maharashtra.

Note:- in few cases, the information concerning dams are revised by State Governments during updation process. Thus there may be changes in some of parameters of dam reflected by PIC. However, since PIC is required as a permanent and unique reference for each dam, no change is effected in the PIC during updation process.

## 17-4-2015-ലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി III (ജലവിഭവം) 17-4-2015 വെള്ളിയാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V-ഡി'സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. വി. ടി. ബൽറാം
2. ശ്രീ. വർക്കല കഹാർ
3. ശ്രീ. തോമസ് ഉണ്ണിയാടൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീ. സുഭാഷ് വി., ചീഫ് എഞ്ചിനീയർ (പ്രോജക്ട്-II)
3. ശ്രീമതി സി. കെ. രാധാമണി, ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ്
4. ശ്രീ. എ. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
5. ശ്രീ. കെ. ആർ. ശശികുമാർ, ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്
6. ശ്രീ. സുനിൽ ജോർജ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ സെൻട്രൽ സർക്കിൾ, തൃശ്ശൂർ
7. ശ്രീ. പി. എൻ. സുരേഷ് ബാബു, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഐ.എസ്.സി., തിരുവനന്തപുരം
8. ശ്രീമതി റോസി മാത്യു, കെ., സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഫീൽഡ് സ്റ്റഡീസ് സർക്കിൾ, തൃശ്ശൂർ

9. ശ്രീമതി ഉഷാദേവി, ജി., സൂപ്രണ്ടിംഗ് എഞ്ചിനീയർ, പ്രോജക്ട് സർക്കിൾ, മൂവാറ്റുപുഴ

10. ശ്രീ. ഓമനക്കുട്ടൻ വി. പി., ജോയിന്റ് ഡയറക്ടർ, ഐ.ഡി.ആർ.ബി.

സമിതി 2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXXVIII-ജലസേചനം സംബന്ധിച്ച കണക്കിനങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

വെള്ളിയാംകല്ല് ഡാമിന്റെ അറ്റകുറ്റപ്പണികൾക്കായി കഴിഞ്ഞ വർഷം അനുവദിച്ച 25 ലക്ഷം രൂപയിൽ 9 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നും, വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതുമൂലം കണക്ഷൻ വിച്ഛേദിച്ചിരിക്കുന്നതിനാൽ അത്യാവശ്യത്തിന് ഷട്ടർ ഉയർത്തുകയോ താഴ്ത്തുകയോ ചെയ്യേണ്ടിവന്നാൽ ജനറേറ്റർ ഉപയോഗിക്കേണ്ട അവസ്ഥയാണ് ഉള്ളതെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു. കൂടാതെ, ഡാമിന്റെ റെഗുലേറ്റർ ഷെൽട്ടർ കഴിഞ്ഞാൽ 10 മീറ്ററോളം മാത്രമേ കല്ലുകൾ ഉള്ളുവെന്നും 3 മീറ്ററോളം ഭാഗത്തെ കല്ലുകൾ ഒലിച്ചുപോയിട്ടുണ്ടെന്നും ഭാവിയിൽ ഇത് ഡാമിന്റെ സുരക്ഷയെ ബാധിക്കുന്ന പ്രശ്നമായി മാറുമെന്നും സമിതി വിലയിരുത്തി. പ്രസ്തുത വിഷയം പരിശോധിക്കാമെന്ന് ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

കഴിഞ്ഞ മൂന്ന് വർഷമായി കനാലിന്റെ വശങ്ങളിലുള്ള സിൽറ്റ് നീക്കം ചെയ്യൽ, കാടുവെട്ടൽ, വെള്ളം തുറന്നു വിടുന്നതിനുമുമ്പുള്ള അറ്റകുറ്റപ്പണികൾ എന്നിവയെല്ലാം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയാണ് ചെയ്തിരുന്നതെന്നും എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ തൊഴിലുറപ്പ് പദ്ധതിയുടെ (2015-16) പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നടപ്പുവർഷം ഇത്തരം ജോലികൾ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ചെയ്യാൻ സാധിക്കില്ലെന്ന് അറിയിച്ചിട്ടുള്ളതിനാൽ എല്ലാ പദ്ധതികൾക്കും ഏകദേശം 20 ശതമാനത്തോളം അധികതുക കണ്ടെത്തേണ്ടിവരുമെന്ന് ചീഫ് എഞ്ചിനീയർ (പ്രോജക്ട്-II) സമിതിയെ അറിയിച്ചു.

ഒരു പ്രോജക്ടിന്റെ വാർഷിക അറ്റകുറ്റപ്പണികൾക്കായി നോൺപ്ലാനിൽ ഒരു കോടി രൂപ അനുവദിച്ചാലും എൽ.സി. (ലെറ്റർ ഓഫ് ക്രെഡിറ്റ്) കിട്ടാത്തതുകൊണ്ട് ഒരു രൂപപോലും ചെലവഴിക്കാൻ ആകുന്നില്ലെന്നും അത് സ്പിൽ ഓവർ ആയി വരുന്നുവെന്നും, ഇതിന് പരിഹാരമായി ഓരോ വർഷവും ബഡ്ജറ്റ് പ്രൊവിഷനിലെ തുകയ്ക്ക് അറ്റകുറ്റപ്പണികൾ ചെയ്യാനുള്ള അധികാരം ഉദ്യോഗസ്ഥർക്ക് നൽകണമെന്നും ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ കമ്മിറ്റി മുമ്പാകെ ബോധിപ്പിച്ചു.

2700—വൻകിട ജലസേചനം

2700-11-101-98—നെയ്യാർ ജലസേചന പദ്ധതി സംരക്ഷണ പണികൾ-മറ്റു ചെലവുകൾ (വാണിജ്യേതരം)

നെയ്യാർ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിട്ടുള്ള 5.06 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, കനാലിലെ വാട്ടർ ലീക്കേജ് മൂലമുള്ള അറ്റകുറ്റപണികൾക്കായി ഈ ശീർഷകത്തിൽ 2.21 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-14-101-98—വടക്കാഞ്ചേരി പദ്ധതി-സംരക്ഷണപ്പണികൾ-മറ്റു ചെലവുകൾ (വാണിജ്യേതരം)

വടക്കാഞ്ചേരി പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള 1.57 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-16-101-98—പമ്പാ ജലസേചന പദ്ധതി-സംരക്ഷണ പണികൾ-മറ്റു ചെലവുകൾ (വാണിജ്യേതരം)

പമ്പാ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിട്ടുള്ള 4 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ സംരക്ഷണ പണികൾക്കായി ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-27-101-98—കല്ലട ജലസേചന പദ്ധതി-സംരക്ഷണ പണികൾ-മറ്റു ചെലവുകൾ (വാണിജ്യേതരം)

കല്ലട ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിട്ടുള്ള 6 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ടി പദ്ധതിയുടെ പരവൂർ ഡിസ്ട്രിബ്യൂട്ടറി ഭാഗങ്ങളിലെ പ്രവർത്തികളും, കനാലുകളുടെ പ്രവർത്തികളും തീർക്കുന്നതിനായി 4.34 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കല്ലട ജലസേചനപദ്ധതി പൂർത്തിയാക്കുന്നതിനായി 12.5 കോടി രൂപയുടെ പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിൽ കൊടുത്തപ്പോൾ വൈൻഡിംഗ് അപ് ശീർഷകത്തിൽ ഉൾപ്പെടുത്തി തുക അനുവദിക്കാമെന്ന് പറഞ്ഞുവെങ്കിലും ബഡ്ജറ്റിൽ ഇത് ഫലവത്തായി വന്നിട്ടില്ലെന്നും പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്താൽ മാത്രമേ കേന്ദ്രഗവൺമെന്റിന്റെ ഗ്രാന്റ് വാങ്ങുവാൻ സാധിക്കുകയുള്ളൂവെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട്-II) സമിതിയെ അറിയിച്ചു.

2700-80-001-99—ജനറൽ-ഭരണവും നടത്തിപ്പും

ചീഫ് എഞ്ചിനീയർ-കാവേരി സെൽ, കോഴിക്കോട് (ചീഫ് എഞ്ചിനീയർ-പ്രോജക്റ്റ്-1) ഓഫീസിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 2.2572 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701—ഇടത്തരം ജലസേചനം

2701-02-101-98—ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി-സംരക്ഷണ പണികൾ-മറ്റു ചെലവുകൾ (വാണിജ്യപരം)

ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിരിക്കുന്ന 1.50 കോടി രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതിയുടെ ലിങ്ക് കനാലിന്റെ വീതി കൂട്ടുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-03-101-98—ചീരക്കുഴി പദ്ധതി-സംരക്ഷണപ്പണികൾ-മറ്റു ചെലവുകൾ (വാണിജ്യപരം)

ചീരക്കുഴി പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിരിക്കുന്ന 1 കോടി രൂപയും, മറ്റു ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന 15 ലക്ഷം രൂപയും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-13 —കബിനി-കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)

പ്രസ്തുത പദ്ധതികൾക്കായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ടി പദ്ധതിക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-14-101-98—ചിമ്മിണി പദ്ധതി-സംരക്ഷണപ്പണികൾ-മറ്റു ചെലവുകൾ (വാണിജ്യേതരം)

ചിമ്മിണി ഡാമിന്റെ സംരക്ഷണ പണികൾക്ക് അനുവദിച്ചിരിക്കുന്ന 90 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സംരക്ഷണ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-18-001-97—ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ്-ഭരണവും നടത്തിപ്പും (വാണിജ്യേതരം)

ചമ്രവട്ടം പദ്ധതികൾക്കായി ടോക്കൺ പ്രൊവിഷൻ 1,000 രൂപ മാത്രമേ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളൂ. ശമ്പളം നൽകുന്നതിനും മറ്റു ചെലവുകൾക്കായി ഈ ശീർഷകത്തിൽ 3.0308 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-80-001-99-99—ജനറൽ-ഭരണവും നടത്തിപ്പും-നടത്തിപ്പ്, ചീഫ് എഞ്ചിനീയർ ജലസേചനം-വിവരസാങ്കേതികവിദ്യ

ഇറിഗേഷൻ, പ്രോജക്ട് എന്നീ ചീഫ് എഞ്ചിനീയർമാരുടെയും മറ്റ് ജീവനക്കാരുടെയും ഓഫീസുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് നാമമാത്രമായ തുകയാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-80-001-98-99—ജനറൽ-ഭരണവും നടത്തിപ്പും-മേൽനോട്ടം-വിവരസാങ്കേതിക വിദ്യ

ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ ഓഫീസുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-80-001-97-99—ജനറൽ-ഇടത്തരം ജലസേചനം-ഭരണവും നടത്തിപ്പും-നടത്തിപ്പ് വിവരസാങ്കേതികവിദ്യ

ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഇറിഗേഷൻ, മെക്കാനിക്കൽ, ഇൻലാൻഡ് നാവിഗേഷൻ എന്നീ ഡിവിഷനുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-80-001-95—ജനറൽ-ഭരണവും നടത്തിപ്പും-കേരള ഡാം സുരക്ഷ അതോറിറ്റി

കേരള ഡാം സുരക്ഷ അതോറിറ്റിയിലെ ജീവനക്കാരുടെ ശമ്പളത്തിന് ധനസഹായമായും, മറ്റു ചെലവുകൾക്കുമായും വകയിരുത്തിയിരിക്കുന്ന 91.31 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-80-005-98—ജനറൽ-സർവ്വേയും ഇൻവെസ്റ്റിഗേഷനും-അന്വേഷണവും ഗവേഷണവും

പര്യവേഷണവും ഗവേഷണവും സംബന്ധിച്ച മറ്റ് ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 20.26 ലക്ഷം രൂപയിൽ നിന്നും റെയിൻഗേജ് റീഡർമാരുടെ വേതനവും കൂടി നൽകുന്നതിനാൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്, എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, റെയിൻഗേജ് റീഡർമാരുടെ വേതനവും കുടിശ്ശിക വേതനവും നൽകുന്നതിനായി ഈ ശീർഷകത്തിൽ 86.78 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-80-005-95—ജനറൽ-സർവ്വേയും ഇൻവെസ്റ്റിഗേഷനും-ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാട്

പാലക്കാട് ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷനിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന 3.0302 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8.2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-80-005-94—ജനറൽ-സർവ്വേയും ഇൻവെസ്റ്റിഗേഷനും-കടമന്തോട് പദ്ധതി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കലും പരിസ്ഥിതി പ്രത്യാഘാത പഠനവും

പ്രസ്തുത പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ടി പദ്ധതിയ്ക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-80-800-97—ജനറൽ-മറ്റു ചെലവുകൾ-മറ്റു ജലസേചന പണികളുടെ സംരക്ഷണ പണികളും അറ്റകുറ്റപ്പണികളും

പൂർത്തിയായ ജലസേചന പദ്ധതികളിൽ സംരക്ഷണപ്പണികൾക്ക് പ്രത്യേകമായി തുക വകകൊള്ളിച്ചിട്ടില്ലാത്തവയുടെ സംരക്ഷണപ്പണികൾക്കും തൃശ്ശൂർ കോൾ നിലയങ്ങളിൽ ജലസേചന വികസന പ്രവർത്തനങ്ങൾക്കുമായി 2.5 കോടി രൂപയാണ് നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത തുക

അപര്യാപ്തമായതിനാലും സാൾട്ട് വാട്ടർ ബാരേജിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്കായും ഈ ശീർഷകത്തിൽ 9.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711—<u>വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും</u>

2711-01-103-99—<u>വെള്ളപ്പൊക്ക നിയന്ത്രണം-സിവിൽ വർക്ക്-വെള്ളപ്പൊക്ക നിയന്ത്രണ പണികൾ-സംരക്ഷണം</u>

വെള്ളപ്പൊക്കനിയന്ത്രണ പദ്ധതികൾക്കായി കൂടുതൽ തുക അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711-01-103-98—<u>വെള്ളപ്പൊക്ക നിയന്ത്രണം-സിവിൽ വർക്ക്-വെള്ളപ്പൊക്കക്കെടുതികൾ മൂലമുള്ള അറ്റകുറ്റപ്പണികൾ</u>

വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ പ്രത്യേകമായ സംരക്ഷണത്തിനും വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുമായി 8 കോടി രൂപയാണ് ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ വെള്ളപ്പൊക്കക്കെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711-02-103-99—<u>കടലാക്രമണ നിരോധന പദ്ധതികൾ-സിവിൽ വർക്ക്-കടലാക്രമണ നിരോധന പണികൾ-സംരക്ഷണം</u>

കടൽഭിത്തികൾക്ക് നേരിടുന്ന കെടുതികളുടെ സംരക്ഷണപ്പണികൾക്കും കൂടാതെ പ്രകൃതിക്ഷോഭത്തിൽനിന്നും കടൽ തീരത്തെ സംരക്ഷിക്കുന്നതിനുമുള്ള അടിയന്തര പണികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711-02-800-99(03)—<u>കടലാക്രമണ നിരോധന പദ്ധതികൾ-മറ്റ് ചെലവുകൾ കടലാക്രമണ നിരോധനപദ്ധതികൾ കോസ്റ്റൽ എറോഷൻ പദ്ധതികൾ സംബന്ധിച്ച പഠനം-മറ്റു ചെലവുകൾ</u>

കടലാക്രമണ നിരോധന പദ്ധതിയുടെ ഭാഗമായി കടൽതീരത്തെ മണ്ണൊലിപ്പ് തടയുന്നതിനെക്കുറിച്ച് പഠനം നടത്തുന്ന ഒരു ഡിവിഷൻ, രണ്ട് സബ് ഡിവിഷൻ, അഞ്ച് സെക്ഷൻ എന്നിവയുടെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന 12 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 48 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700—<u>വൻകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്</u>

4700-15—<u>വാമനപുരം പദ്ധതി (വാണിജ്യേതരം)</u>

പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തിരുവനന്തപുരത്തെ വാമനപുരം പ്രോജക്ട് കഴിഞ്ഞ മൂന്നുവർഷമായി യാതൊരു പുരോഗതിയുമില്ലാതെ നിൽക്കുകയാണെന്നും, വാമനപുരം പദ്ധതിക്കായി ഹെഡ് ഓഫ് അക്കൗണ്ടൊന്നും നീക്കിവച്ചിട്ടില്ലെന്നും അതിനാൽ പ്രോജക്ട്-II-ൽ, സീരീസ് ഓഫ് ചെക്ക് ഡാമിൽ വാമനപുരം പദ്ധതിയെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള നിർദ്ദേശം പ്ലാനിംഗ് ബോർഡിനും ഗവൺമെന്റിനും കൊടുത്തിട്ടുണ്ടെന്നും ഒരു കോടി രൂപയെങ്കിലും ടോക്കൺ പ്രൊവിഷൻ നൽകിയാൽ 10 ചെക്ക് ഡാമുകളുടെ പഠനം പൂർത്തിയാക്കി നബാർഡിന് സമർപ്പിക്കാൻ സാധിക്കുമെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട്-II) സമിതിയെ അറിയിച്ചു.

4700-20—<u>ഇടമലയാർ പദ്ധതി-(വാണിജ്യേതരം)</u>

ഇടമലയാർ പദ്ധതിയുടെ ഭരണപരമായ പ്രവർത്തനങ്ങൾക്കും മരാമത്ത് പണികൾക്കും ലാന്റ് അക്വിസിഷൻ കേസുകൾക്കുമായി വകയിരുത്തിയിരിക്കുന്ന 20 കോടി രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതിക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഇടമലയാർ പദ്ധതിയുടെ ട്രയൽ റൺ നടത്തിയിട്ടുണ്ടെന്നും, പ്രസ്തുത പദ്ധതിയുടെ കുറച്ച് ഭാഗത്തുകൂടി ലൈനിംഗ് ക്രമീകരിക്കുവാനുണ്ടെന്നും, ഇത് സംബന്ധിച്ച് കോൺട്രാക്ടർ ഫയൽ ചെയ്ത ഒരു കേസ് കോടതിയുടെ പരിഗണനയിലാണെന്നും, കേസ് പരിഹരിച്ചാൽ ഈ വർഷം തന്നെ 700 മീറ്ററോളം ഭാഗത്ത് ലൈനിംഗ് ചെയ്യാനാകുമെന്നും, ലൈനിംഗ് പൂർത്തിയാക്കിയതിനുശേഷം മാത്രമേ ഇടമലയാർ പദ്ധതി കമ്മീഷൻ ചെയ്യാവൂ എന്ന് സി.ഡബ്ല്യു.സി. നിർദ്ദേശിച്ചിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട്-II) സമിതിയെ അറിയിച്ചു.

4700-21—<u>മീനച്ചിൽ പദ്ധതി (വാണിജ്യേതരം)</u>

പ്രസ്തുത പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. മീനച്ചിൽ നദിയിൽ നാല് മിനി ഡാമുകൾ പണിയുന്നതിനായി കഴിഞ്ഞ സാമ്പത്തികവർഷം അഡീഷണൽ ആതറൈസേഷൻ വഴി 16 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും സാങ്കേതികാനുമതി ആയപ്പോഴേക്കും വർക്ക് അറേഞ്ച് ചെയ്ത് നൽകാൻ പറ്റാത്തതിനാൽ അനുവദിച്ച തുക ഉപയോഗിക്കാൻ കഴിഞ്ഞില്ല. ടി സാങ്കേതികാനുമതി ഇപ്പോഴും നിലനിൽക്കുന്നതിനാൽ ടി പദ്ധതിക്കായി ഈ ശീർഷകത്തിൽ 18.62 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-22—<u>മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)</u>

മൂവാറ്റുപുഴ പദ്ധതിയുടെ ഭരണപരമായ പ്രവർത്തനങ്ങൾക്ക് 12 കോടി രൂപയും മരാമത്ത് പണികൾക്ക് 8 കോടി രൂപയുമാണ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. കേന്ദ്രഗവൺമെന്റിന്റെ എ.ഐ.ബി.പി. വഴിയുള്ള 50 കോടി രൂപ ഈ പ്രോജക്റ്റിന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സി.ഡബ്ല്യു.സി. പദ്ധതി പരിശോധിച്ചുകഴിഞ്ഞുവെന്നും 2016-17-ൽ മൂവാറ്റുപുഴ പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യണമെങ്കിൽ ഇപ്പോൾ അനുവദിച്ച തുക തികയില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-25—<u>മൂലത്തറ ആർ.ബി. കനാൽ (വാണിജ്യേതരം)</u>

ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആരംഭിക്കേണ്ടതിലേക്കായി ഈ ശീർഷകത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-28 —<u>ബാണാസുരസാഗർ പദ്ധതി-(വാണിജ്യേതരം)</u>

ഈ പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന 2.50 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മരാമത്ത് പ്രവർത്തികൾക്കും ശമ്പളത്തിനുമായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701—<u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്</u>

4701-12—<u>അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)</u>

ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തികവർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഉളിക്കടവ്-ചിറ്റൂർ റോഡിന് എ.എസ്. ലഭിച്ച സാഹചര്യത്തിൽ പ്രവൃത്തികൾ ആരംഭിക്കുന്നതിലേക്കായി ഈ ശീർഷകത്തിൽ 19 കോടി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701-13—<u>കബിനി കാരപ്പുഴ പദ്ധതി (വാണിജ്യേതരം)</u>

കബിനി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് വകയിരുത്തിയിരിക്കുന്ന 6 കോടി രൂപ അപര്യാപ്തമായതിനാൽ ലാന്റ് അക്വിസിഷൻ, പെൻഡിംഗ് ബില്ലുകൾ കൊടുത്തു തീർക്കൽ എന്നീ ഇനത്തിലേക്ക് ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701-18—<u>ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് (വാണിജ്യേതരം)</u>

നടപ്പുസാമ്പത്തികവർഷത്തിൽ ഈ പദ്ധതിയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഈ ശീർഷകത്തിൽ 13.55 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ചമ്രവട്ടം റെഗുലേറ്റർ കം-ബ്രിഡ്ജുമായി ബന്ധപ്പെട്ട് ഒരു പഠനം നടത്തുന്നതിനുള്ള ഐ.ഐ.ടി.യുടെ അപേക്ഷയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. ഈ പഠനത്തിനായി ടി.എ., ഡി.എ. ഇനത്തിൽ ഒരു ലക്ഷം രൂപ ഐ.ഐ.ടി. ചോദിച്ചിട്ടുണ്ട് എന്നും, സർക്കാർ ഫണ്ടിനുവേണ്ടി എഴുതിയിരിക്കുകയാണെന്നും, ആയത് സംബന്ധിച്ച പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I) അറിയിച്ചു. അടിയന്തരമായി ചെയ്യേണ്ട ഒരു പഠനമാണിതെന്നും സമിതി തുടർന്ന് അഭിപ്രായപ്പെട്ടു.

4701-22—<u>പലകപ്പാണ്ടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യേതരം)</u>

നടപ്പു സാമ്പത്തികവർഷത്തിൽ ഈ പദ്ധതിയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും തുക അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701-23—<u>അട്ടപ്പള്ളി റഗുലേറ്റർ-കം-ബ്രിഡ്ജ് (നബാർഡ് സഹായം) (വാണിജ്യേതരം)</u>

പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. പുതുക്കാട് നിയോജകമണ്ഡലത്തിലെ ഈ പദ്ധതിക്കായി NABARD ഇപ്പോൾ തന്നെ 11 കോടി രൂപ ചെലവാക്കിക്കഴിഞ്ഞുവെന്നും, മെക്കാനിക്കൽ ഷട്ടർ ഉൾപ്പെടെയുള്ള മറ്റുപണികൾക്ക് ഇനിയും തുക ആവശ്യമാണെന്നും ഒരിക്കൽ ഈ പദ്ധതിക്ക് വേണ്ടി തുക ചെലവഴിച്ചതിനാൽ ഇനിയും സഹായിക്കാൻ പറ്റില്ല എന്നാണ് NABARD-ന്റെ നിലപാടെന്നും അതിനാൽ ഇപ്പോൾ ജോലിയൊന്നും നടക്കുന്നില്ലെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ആയതിനാൽ, ടി പദ്ധതിക്കായി ഈ ശീർഷകത്തിൽ 7 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701-80-800-93—<u>ജനറൽ-മറ്റു ചെലവുകൾ-നാഷണൽ ഹൈഡ്രോളജി പ്രോജക്ട്</u>

നടപ്പുസാമ്പത്തികവർഷത്തിൽ ഈ പദ്ധതിയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ഇതിൽ HP-3-ക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്നും അനുമതി ലഭിക്കുന്നതിന് ഒരു വർഷം മുമ്പുള്ള ചെലവുകൾ മടക്കിത്തരുമെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. പ്രസ്തുത പദ്ധതിയ്ക്കായി 4.42 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701-80-800-88—<u>ജനറൽ-മറ്റു ചെലവുകൾ-നദീതട സംഘടന രൂപീകരണം</u>

മണ്ണു സംരക്ഷണം, മലിനീകരണ നിയന്ത്രണം, വെള്ളപ്പൊക്ക നിയന്ത്രണം ജലസമ്പത്തിന്റെ ശരിയായ ഉപയോഗം ഇവ ഉറപ്പാക്കി ഭാരതപ്പുഴയുടെയും മറ്റ് നദികളുടെയും നദീതട വികസനം ലക്ഷ്യമാക്കിയുള്ള ഈ പദ്ധതിയ്ക്ക് 1 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഭാരതപ്പുഴ നദീതട സംരക്ഷണത്തിനുള്ള പുതിയ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 4.7 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701-80-800-81—<u>ജനറൽ-മറ്റ് ചെലവുകൾ-ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനുവേണ്ടിയുള്ള നിലവാരനിർണ്ണയം</u>

വിവിധ പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനായി വകയിരുത്തിയിട്ടുള്ള 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.22 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701-80-800-76(02)—ജനറൽ-മറ്റു ചെലവുകൾ-മുൻഗണനാ പ്രവൃത്തികൾ മരാമത്ത പണികൾ

ഇടത്തരം ജലസേചന പദ്ധതികളിൽ മുൻഗണനാ പ്രവൃത്തികൾക്ക് 1,000 രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് മുമ്പ് അനുവദിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4711—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്

4711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണം-സിവിൽ പണികൾ

തിരുവനന്തപുരം നഗരം ഒഴികെ സംസ്ഥാനത്തിലെ മറ്റു പ്രദേശങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികളുടെ ചെലവ് വഹിക്കുന്നതിനായി ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ, വെള്ളപ്പൊക്ക നിയന്ത്രണത്തിന് പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4711-01-103-98—വെള്ളപ്പൊക്ക നിയന്ത്രണം-സിവിൽ പണികൾ-തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്കനിയന്ത്രണ പദ്ധതികൾ

ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തുക അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4711-01-103-90—വെള്ളപ്പൊക്കനിയന്ത്രണം-സിവിൽ പണികൾ-കുട്ടനാട് പാക്കേജ് (75% സി.എസ്.എസ്.)

കുട്ടനാട് പാക്കേജിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ 200 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 11-ാം പഞ്ചവത്സര കാലത്ത് ആരംഭിച്ച കെ.ഇ.എൽ.-3, കെ.ഇ.എൽ.-4, എഫ്.എം.പി. സ്കീം എന്നിവയ്ക്കായും, കേന്ദ്രാനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തണ്ണീർമുക്കം ബാരേജിന്റെ നവീകരണം, കുട്ടനാട് താലൂക്കിലെ പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിവാരണ ജോലികൾ, തോട്ടപ്പള്ളി സ്പിൽവേ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 475 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കുട്ടനാട് പാക്കേജിൽ ആകെ 7 പദ്ധതികളാണ് ഉള്ളത്. കെ.ഇ.എൽ.-III-നായി 379 കോടി രൂപയുടെയും, കെ.ഇ.എൽ. IV-ൽ ഓണാട്ടുകര വാട്ടർ ഷെഡിനായി 248.5 കോടി രൂപയുടെയും സി.പി.ആർ. ലഭിച്ചുവെങ്കിലും എംപവേർഡ് കമ്മിറ്റി യഥാക്രമം 104 കോടി രൂപയും 70 കോടി രൂപയുമാണ് അനുമതി നൽകിയതെന്നും, 2013-ൽ ഓണാട്ടുകര ടെണ്ടർ ചെയ്തെങ്കിലും ടെണ്ടർ എക്സസ് കൂടുതലായതുകൊണ്ട് പലപ്രാവശ്യം ടെണ്ടർ ചെയ്യേണ്ടിവന്നുവെന്നും 2016 ഡിസംബറിനുള്ളിൽ മൊത്തം വർക്കുകളും പൂർത്തിയാക്കണമെന്നും ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ് സമിതിയെ അറിയിച്ചു.

തണ്ണീർമുക്കം പദ്ധതിക്ക് 255 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതാണെന്നും, കേന്ദ്രഗവൺമെന്റിൽനിന്നും ഉടൻതന്നെ ക്ലിയറൻസ് ലഭിക്കുമെന്നും, 2016 ഡിസംബറിനുള്ളിൽ തണ്ണീർമുക്കത്തിന്റെ പണി പൂർത്തീകരിക്കേണ്ടതാണെന്നും, തണ്ണീർമുക്കം വർക്കിന്റെ 30 കോടി രൂപയുടെ പെൻഡിംഗ് ബില്ലിൽ 13 കോടി രൂപ നൽകിയിട്ടുണ്ടെന്നും, പ്രസ്തുത വർക്ക് പുരോഗതിയിലാണെന്നും ഇപ്പോൾ 25% പൂർത്തീകരിച്ചുവെന്നും ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ് സമിതിയെ അറിയിച്ചു.

4711-02-103-99—കടലാക്രമണ നിരോധന പദ്ധതികൾ-സിവിൽ പണികൾ

കടലാക്രമണം സംഭവിക്കുന്ന സ്ഥലങ്ങളിൽ പുതിയ കടൽഭിത്തിയുടെ നിർമ്മാണത്തിനും പഴയവ പുതുക്കി പണിയുന്നതിനുമായി വകയിരുത്തിയിരിക്കുന്ന 35 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, കടൽ ഭിത്തി നിർമ്മാണത്തിനും പുലിമുട്ട് നിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4711-02-103-90—കടലാക്രമണ നിരോധന പദ്ധതികൾ-സിവിൽപണികൾ-നബാർഡിന്റെ സഹായത്തോടുകൂടിയുള്ള കടൽഭിത്തി നിർമ്മാണം

പ്രസ്തുത ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 40 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 1.30 മണിക്ക് പിരിഞ്ഞു.

# 27-1-2016-ലെ യോഗനടപടിക്കുറിപ്പ്

(ഫയൽ നമ്പർ 4268/സബ്.സി.എ 1/15/നി.സെ.)

സബ്ജക്ട് കമ്മിറ്റി-III (ജലവിഭവം) 27-1-2016 ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 ബി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. വി. ടി. ബൽറാം, എം.എൽ.എ.
2. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീ. ഷേഖ് പരീത്, സ്പെഷ്യൽ സെക്രട്ടറി (1), എൽ.എസ്.ജി.ഡി.
3. ശ്രീ. ജോർജ്ജ് മാത്യു, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
4. ശ്രീ. കെ. ആർ. ശശികുമാർ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
5. ശ്രീ. കെ. എസ്. മധു, ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്
6. ശ്രീ. അജിത് പാട്ടീൽ, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
7. ശ്രീ. മഹാനുദേവൻ വി. കെ., ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി
8. ശ്രീ. വി. ചന്ദ്രശേഖരൻ, ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം സമിതി "തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണപദ്ധതികൾ" എന്ന വിഷയം ചർച്ച ചെയ്തു. കൂടാതെ, സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെയും, യോഗനടപടിക്കുറിപ്പുകളിലെയും ശിപാർശകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും ചെയ്തു.

1. തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ:—

തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് സമിതി ആരാഞ്ഞു.

തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിവാരണത്തിനുവേണ്ടി 23-1-2012-ലെ 117/2012/WRD. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കിള്ളി, കരമന നദികളുടെയും ഉള്ളൂർ, പട്ടം, ആമയിഴഞ്ചാൻ തോട്, തെക്കനക്കര കനാൽ തുടങ്ങിയവയുടെയും ശിഥിലമായ ബണ്ടുകളുടെ പുനർനിർമ്മാണത്തിനായി ഒന്നാംഘട്ട ഹ്രസ്വകാല പദ്ധതികൾക്കുവേണ്ടി കാബിനറ്റ് സബ് കമ്മിറ്റിയുടെ തീരുമാനപ്രകാരം 27 കോടി രൂപ വിവിധ വകുപ്പുകൾക്കായി 2012-ൽ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ടെന്നും, അതിൽ ജലസേചന വകുപ്പിനായുള്ള 25.5 കോടി രൂപ 22 പ്രവൃത്തികളുടെ നടത്തിപ്പിനായി വിനിയോഗിച്ചിട്ടുണ്ടെന്നും അതിൽ 6 പ്രവൃത്തികൾ പൂർത്തിയാക്കുകയും 3 പ്രവൃത്തികൾ റദ്ദുചെയ്ത് പുനഃക്രമീകരിക്കുകയും ബാക്കി പ്രവൃത്തികൾ 2016 മേയ് മാസത്തിൽ പൂർത്തിയാക്കാൻ സാധിക്കുമെന്നും, ആകെ പ്രവൃത്തികളുടെ ഏകദേശം 70% പൂർത്തിയായിട്ടുണ്ടെന്നും ജലവിഭവ വകുപ്പ് അഡീ. സെക്രട്ടറി സമിതിയെ അറിയിച്ചു.

വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ദീർഘകാല പദ്ധതി തയ്യാറാക്കുന്നതിനായി 'റൈറ്റ്സ് ' എന്ന ഏജൻസി പഠനം നടത്തുകയും, റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും, പ്രസ്തുത റിപ്പോർട്ടിൽ കരമന-കിള്ളി ആറുകളുടെ മലിനീകരണം ഇല്ലാതാക്കുന്നതിനായി അഞ്ച് കോടി രൂപയുടെ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടെന്നും കരമന-കിള്ളി ആറുകളുടെ വീതി കൂട്ടി റിവർ ബാങ്ക് കെട്ടുക, തമ്പാനൂരിൽ നിലവിലുള്ള ഓട കൂടാതെ റെയിൽവെ ലൈനിന് അടി ഭാഗത്തുകൂടി വെള്ളം ഒഴുകി പഴവങ്ങാടി തോട്ടിൽ എത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക മുതലായവ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ട് കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണെന്നും അദ്ദേഹം തുടർന്ന് അറിയിച്ചു.

ജലസേചന വകുപ്പിനായി അനുവദിച്ച 25.5 കോടി രൂപ ഉപയോഗിച്ച് പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് സമിതി ആരാഞ്ഞതിന്,

1. മണ്ണാംമൂല തൊഴുവൻകോട് ബ്രിഡ്ജ്-88 ലക്ഷം രൂപ
2. കിള്ളി-ആറ്റുകാൽ ബ്രിഡ്ജ് (945 മീ.)-113 ലക്ഷം രൂപ
3. ആറ്റുകാൽ-ഐരാണിമുട്ടം ബ്രിഡ്ജ് (945 മീ.)-170 ലക്ഷം രൂപ
4. ഐരാണിമുട്ടം-കല്ലടിമുക്കം ബ്രിഡ്ജ് (1061 മീ.)-120 ലക്ഷം രൂപ
5. കല്ലടിമുക്കം-പള്ളത്തുകടവ് ബ്രിഡ്ജ് (335 മീ.)-67 ലക്ഷം രൂപ.

എന്ന രീതിയിൽ തുക വിനിയോഗിച്ച് മേൽപ്പറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

ഇവ കൂടാതെ, തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കനിവാരണത്തിനായി 'ഓപ്പറേഷൻ അനന്ത'യിൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്ന 6 പ്രവൃത്തികളിൽ 4 എണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും 2 വർക്കുകൾ പുരോഗതിയിലാണെന്നും റെയിൽവേ ലൈനിന് അടിഭാഗത്തുകൂടിയുള്ള വർക്ക് പൂർത്തീകരണഘട്ടത്തിലാണെന്നും ഏകദേശം 100 മീറ്ററോളം സിൽറ്റ് മാറ്റി തടസ്സം ഇല്ലാതാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി 18 ലക്ഷം രൂപയാണ് നീക്കിവച്ചിരിക്കുന്നതെന്നും അദ്ദേഹം തുടർന്ന് അറിയിച്ചു.

25.5 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് സാധിക്കുമോയെന്ന് സമിതി ആരാഞ്ഞതിന് തമ്പാനൂർ ഭാഗത്തെ വെള്ളപ്പൊക്കം പരിഹരിക്കുന്നതിന് പരമാവധി ഉയരത്തിലാണ് റിവർ ബാങ്ക് കെട്ടിയിരിക്കുന്നതെന്നും, അതിന് ഏകദേശം 3.5 മീറ്ററോളം ഉയരം വരുമെന്നും വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു.

തിരുവനന്തപുരം നഗരത്തിലെ മറ്റ് പ്രദേശങ്ങളിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് സമിതി തുടർന്ന് ആരാഞ്ഞു. ആയതിലേക്കായി രണ്ട് കോടി രൂപ നൽകി 'റൈറ്റ്സ് ' എന്ന ഏജൻസി സമർപ്പിച്ച പഠനറിപ്പോർട്ടിൽ ധാരാളം പ്രോജക്ടുകൾ നിർദ്ദേശിച്ചിട്ടുണ്ടെന്നും ടി റിപ്പോർട്ടിന്റെ സാധ്യതയെക്കുറിച്ച് പഠിക്കുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് അയച്ചുകൊടുത്തിട്ടുണ്ടെന്നും, റിപ്പോർട്ടിലെ ചില നിർദ്ദേശങ്ങൾ നാഷണൽ റിവർ പ്ലാൻ പ്രകാരമല്ലെന്ന് അവർ മറുപടി നൽകിയിട്ടുണ്ടെന്നും തുടർന്ന്, കേന്ദ്ര ജല കമ്മീഷന് റിപ്പോർട്ട് അയച്ചുകൊടുത്തിട്ടുണ്ടെന്നും ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയിൽ ബോധിപ്പിച്ചു.

പ്രസ്തുത റിപ്പോർട്ടിൽ വെള്ളപ്പൊക്ക നിയന്ത്രണം, മലിനീകരണനിയന്ത്രണം എന്നിങ്ങനെ രണ്ട് ഭാഗങ്ങൾ ഉള്ളതുകൊണ്ടാണ് കേന്ദ്ര പരിസ്ഥിതി കമ്മിറ്റിക്ക് അയച്ചുകൊടുത്തതെന്നും, ടി റിപ്പോർട്ടിൽ വിവിധ പ്രോജക്ടുകളെക്കുറിച്ച് വിശദമായി പരാമർശിച്ചിരിക്കുന്നതിന് പുറമെ പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുണ്ടെന്നും, പഠനം നടത്തുന്നതിനായി വിവിധ സ്ഥാപനങ്ങളുമായി 'റൈറ്റ്സ് ' ചർച്ച നടത്തിയിട്ടുണ്ടെന്നും, റിപ്പോർട്ടിലെ, വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട ഭാഗം മാത്രമാണ് കേന്ദ്രജല കമ്മീഷന് (C.W.C.) അയച്ചുകൊടുത്തിട്ടുള്ളതെന്നും, റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ചില കാര്യങ്ങൾ നാഷണൽ കൗൺസിൽ ഫോർ റിവർ പ്ലാനിംഗിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് എതിരാണെന്ന് വനം-പരിസ്ഥിതി മന്ത്രാലയം അറിയിച്ചതനുസരിച്ച് ടി റിപ്പോർട്ടിൽ ചില മാറ്റങ്ങൾ വരുത്താൻ 'റൈറ്റ്സി'നോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് നൽകാമെന്ന് 'റൈറ്റ്സ് ' അറിയിച്ചിട്ടുണ്ടെന്നും ജലവിഭവവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

സെപ്റ്റിക് ടാങ്കിൽനിന്നും മാലിന്യം നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 500 കോടി രൂപയുടെ പ്രോജക്ടുകളാണ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും വകുപ്പ് ഉദ്യോഗസ്ഥർ തുടർന്ന് അറിയിച്ചു.

തിരുവനന്തപുരം നഗരത്തിലെ മാലിന്യപ്രശ്നം ഉൾപ്പെടെ പരിഹരിക്കത്തക്ക രീതിയിലുള്ള സമഗ്രമായ ഒരു പാക്കേജാണ് 'റൈറ്റ്സ് ' വിഭാവനം ചെയ്തിട്ടുള്ളതെന്ന് സമിതി അഭിപ്രായപ്പെട്ടു.

2. <u>പെപ്സി കമ്പനിയുടെ അമിതജല ഉപയോഗവും ജലമലിനീകരണവും സംബന്ധിച്ച റിപ്പോർട്ട്-അനന്തരനടപടി സംബന്ധിച്ച്</u>

[ഫയൽ നമ്പർ 13848/സബ്.സി.എ 1/10/നി.സെ.]

തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ഖണ്ഡിക നമ്പർ 26, 33 എന്നിവയിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ 33-ാമത്തെ ശിപാർശയിലെ ചില പരാമർശങ്ങളിലൂടെ ജലചൂഷണത്തിന് ജലവിഭവവകുപ്പ് അനുകൂലമാണെന്ന അവസ്ഥയാണ് വന്നിട്ടുള്ളതെന്നും, എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട് എന്നല്ല അവിടുത്തെ ജലചൂഷണത്തെക്കുറിച്ച് മാത്രമാണ് പരാമർശിക്കേണ്ടിയിരുന്നതെന്നും അഭിപ്രായപ്പെട്ട സമിതി അംഗം പ്രസ്തുത ശിപാർശയോട് വിയോജിപ്പ് രേഖപ്പെടുത്തി.

സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, വ്യവസായങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരത്തക്ക രീതിയിൽ ആക്ടിൽ ആവശ്യമായ മാറ്റം വരുത്തിയിട്ടുണ്ടെന്നും അതനുസരിച്ച് വ്യവസായം ആരംഭിക്കുന്ന കമ്പനികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയും തൊഴിൽ നികുതിയും നൽകാൻ ബാധ്യസ്ഥരാണെന്നും, പെപ്സി കമ്പനി പ്രതിവർഷം 7 ലക്ഷത്തോളം രൂപ നികുതിയായി അടയ്ക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

പ്രതിദിനം എത്ര ലിറ്റർ ജലം ഉപയോഗിക്കുന്നതിനാണ് പെപ്സി കമ്പനിക്ക് അനുമതി നൽകിയിട്ടുള്ളതെന്ന് സമിതി ആരാഞ്ഞതിന് പ്രതിദിനം 2.34 ലക്ഷം ലിറ്റർ ജലം ഉപയോഗിക്കുന്നതിന് അനുമതി നല്കിയിരുന്നുവെങ്കിലും കമ്പനി 6 ലക്ഷം ലിറ്റർ ജലമാണ് ഉപയോഗിച്ച് വരുന്നതെന്നും, ഇതിനെതിരെ കോടതിയെ സമീപിച്ചപ്പോൾ തൽസ്ഥിതി തുടരാനാണ് ഉത്തരവുണ്ടായതെന്നും ജലവിഭവ വകുപ്പ് സമിതിയെ അറിയിച്ചു.

അനുവദിച്ച അളവിന്റെ മൂന്നിരട്ടിയിലേറെ വെള്ളം ഉപയോഗിക്കുന്ന സാഹചര്യമാണ് ഉള്ളതെന്നും കമ്പനി പ്രതിദിനം 6 ലക്ഷം ലിറ്ററിൽ കൂടുതൽ ജലം ഉപയോഗിക്കുന്നോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു.

കോടതി വിധിയനുസരിച്ചാണ് അത്രയും ജലം ഉപയോഗിച്ചുവരുന്നതെന്നും ഇക്കാര്യം നിരീക്ഷണം നടത്തുന്നതിന് പാലക്കാട് ജില്ലാ ഓഫീസിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും രണ്ട് വർഷമായി കേസ് കോടതിയിൽ പെൻഡിംഗിലാണെന്നും ജലവിഭവ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

കമ്പനി പ്രവർത്തനം ആരംഭിച്ചതുമുതൽ അമിതമായി ജല ചൂഷണം നടത്തികൊണ്ടിരിക്കുകയാണെന്ന് അഭിപ്രായപ്പെട്ട സമിതി കേസ് നടപടികൾ ത്വരിതപ്പെടുത്തണമെന്നും അനുവദിച്ച പരിധിയെക്കാൾ കൂടുതൽ ജല ചൂഷണം നടത്തുന്നുണ്ടോയെന്നത് കൃത്യമായി വിലയിരുത്തി ആവശ്യമായ നടപടി സ്വീകരിക്കണമെന്നും വകുപ്പിനോട് നിർദ്ദേശിച്ചു.

3. <u>കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് റൂൾസ്, 2011-കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>

[ഫയൽ നമ്പർ 3693/സബ്.സിഎ 1/11/നി.സെ.]

കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള അനാവശ്യ തസ്തികകൾ മീറ്റർ റീഡർ തസ്തികകളാക്കി മാറ്റുന്നതുൾപ്പെടെ സർക്കാരിൽ നിന്നും ലഭിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ 5-2-2016-ന് ചേരുന്ന ബോർഡ് യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് പാസാക്കുന്നതിനും, 10-2-2016 നകം തീരുമാനം സർക്കാരിനെ അറിയിക്കുന്നതുമാണെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

തുടർന്ന്, പ്രസ്തുത വിഷയം സംബന്ധിച്ച് നിലവിലുള്ള ഫയലിൽ നടപടികൾ അവസാനിപ്പിക്കുന്നതിനും, കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് റൂൾസിന്റെ കരട് ലഭ്യമാക്കുന്നമുറയ്ക്ക് പുതിയ ഫയൽ ആരംഭിച്ച് നടപടി സ്വീകരിക്കുന്നതിനും സമിതി തീരുമാനിച്ചു.

4. <u>നാഷണൽ രജിസ്റ്റർ ഓഫ് ലാർജ് ഡാംസ് എന്ന 63-ാം നമ്പർ നക്ഷത്ര ചിഹ്നമിട്ട ചോദ്യം സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി III-ന്റെ പ്രത്യേക റിപ്പോർട്ട്-അനന്തര നടപടി സംബന്ധിച്ച്</u>

[ഫയൽ നമ്പർ 3686/സബ്.സിഎ 1/15/നി.സെ.]

ഖണ്ഡിക നമ്പർ 19,22

പ്രസ്തുത ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

5. <u>താഴെപ്പറയുന്ന യോഗനടപടിക്കുറിപ്പുകളിലെ ശിപാർശകളിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:</u>

(i) 24-1-2007-ലെ യോഗനടപടിക്കുറിപ്പ് അനന്തര നടപടി സംബന്ധിച്ച്

[ഫയൽ നമ്പർ 13260/സബ്.സി.എ 1/06/നി.സെ.]

(ii) 31-10-2012-ലെ യോഗനടപടിക്കുറിപ്പ് അനന്തര നടപടി സംബന്ധിച്ച്

ശിപാർശ നമ്പർ 5

[ഫയൽ നമ്പർ 205/സബ്.സി.എ 1/2013/നി.സെ.]

(iii) 28-5-2014-ലെ യോഗനടപടിക്കുറിപ്പ്-ഒരു പഞ്ചായത്തിൽ ഒരു കളം പദ്ധതി- അനന്തര നടപടി സംബന്ധിച്ച്

[ഫയൽ നമ്പർ 2309/സബ്.സി.എ 1/14/നി.സെ.]

6. <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയുംചെയ്തു:</u>

(i) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-15)

[ഫയൽ നമ്പർ 3449/സബ്.സി.എ 1/14//നി.സെ.]

ശിപാർശ നമ്പർ 1, 2, 3, 6, 8, 9, 10, 11, 13, 14, 32, 33, 42, 43, 64

(ii) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2013-14)

[ഫയൽ നമ്പർ 2788/സബ്.സി.എ 1/2013/നി.സെ.]

ശിപാർശ നമ്പർ 5, 10, 20, 41, 42, 44, 45, 49, 52, 67, 68, 71, 72, 75, 82

(iii) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-13)

[ഫയൽ നമ്പർ 3056/സബ്.സി.എ 1/2012/നി.സെ.]

ശിപാർശ നമ്പർ 15, 16, 17, 18, 19, 21, 23,25, 29,30, 32, 40, 41, 43, 45, 47

പൊതു ശിപാർശ നമ്പർ 1, 2,4.

7. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-13)-ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തത് സമിതിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നതിനായുള്ള കുറിപ്പ്

[ഫയൽ നമ്പർ 3056/സബ്.സി.എ 1/2012/നി.സെ.]

പ്രസ്തുത റിപ്പോർട്ടിലെ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ലാത്ത ശിപാർശ കളിന്മേൽ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു

## 4-5-2015-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച വിഷയനിർണ്ണയ സമിതി III 4-5-2015 തിങ്കളാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'III A' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. വി. ടി. ബൽറാം
2. ശ്രീ. വർക്കല കഹാർ
3. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

ജലവിഭവം സംബന്ധിച്ച വിഷയനിർണ്ണയ സമിതി III-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്ന ശിപാർശകൾ കൂടി ഉൾപ്പെടുത്തി ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

4701-20—വെള്ളിയാംകല്ല് കാസ്‌വേ (വാണിജ്യേതരം)

പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-13—കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

രാവിലെ 11.55-ന് സമിതി യോഗം പിരിഞ്ഞു.

## 20-4-2015-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച വിഷയനിർണ്ണയ സമിതി III, 20-4-2015 തിങ്കളാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V-ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. വി. ടി. ബൽറാം
2. ശ്രീ. വർക്കല കഹാർ
3. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
4. ശ്രീ. ടി. എൻ. പ്രതാപൻ
5. ശ്രീ. തോമസ് ഉണ്ണിയാടൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീ. കെ. പി. ചന്ദ്രപ്രകാശ്, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീ. വി. വിജയകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

4. ശ്രീമതി പി. ജയലക്ഷ്മി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

5. ശ്രീമതി ലതിക പി., ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ, തിരുവനന്തപുരം

6. ശ്രീ. എസ്. രാജൻ, ചീഫ് എഞ്ചിനീയർ (സി.ആർ.) കേരളാ വാട്ടർ അതോറിറ്റി, കൊച്ചി

7. ശ്രീ. ടി. സി. സുബ്രൻ, ടെക്നിക്കൽ മെമ്പർ (എം.ഡി. ഇൻ-ചാർജ്)

8. ശ്രീ. ജി. ശ്രീകുമാർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (പി. & എം.)

9. ശ്രീ. ബാബു എൻ. ജോസഫ്, ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്.

സമിതി 2015-16 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXIX-(കൃഷി), ധനാഭ്യർത്ഥന നമ്പർ XX-(ശുദ്ധജലവിതരണവും ശുചീകരണവും) എന്നിവ സംബന്ധിച്ച കണക്കിനങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

2215—<u>ശുദ്ധജലവിതരണവും ശുചീകരണവും</u>

2215-01-101-98—<u>ശുദ്ധജലവിതരണം-നഗരശുദ്ധജലവിതരണ പദ്ധതി-നിർമ്മാണത്തിലിരിക്കുന്ന നഗരശുദ്ധജലവിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായുള്ള പ്രത്യേക പദ്ധതി</u>

നിർമ്മാണത്തിലിരിക്കുന്ന നഗരശുദ്ധജലവിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായുള്ള ഈ പദ്ധതിയിൽ 45 കോടി രൂപയാണ് നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ 12 നഗര ശുദ്ധജലവിതരണ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നതിനാലും, ഇതിൽ 4 പദ്ധതികൾ മിഷൻ 676-ൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നതിനാലും ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-102-81—<u>ശുദ്ധജലവിതരണം-ഗ്രാമീണ ജലവിതരണ പദ്ധതി-ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി</u>

ചെറുതും വലുതുമായ 15 ഓളം പദ്ധതികൾ ഈ ശീർഷകത്തിൽ ഉൾപ്പെടുന്നു. ഇതിൽ 6 പദ്ധതികൾ മിഷൻ 676-ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. ആയതിലേക്കായി ഈ ശീർഷകത്തിൽ 3.9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-190-99 (04)—<u>ശുദ്ധജല വിതരണം-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിക്കുള്ള സഹായധനം-നഗര ജലവിതരണ സ്കീമുകൾ നിലവിലുള്ള സ്കീമുകളുടെ മെച്ചപ്പെടുത്തലും പുനരുദ്ധാരണവും</u>

നഗരശുദ്ധജലവിതരണ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 7 കോടി രൂപ അപര്യാപ്തമായതിനാൽ, നഗര ശുദ്ധജലവിതരണ പദ്ധതികളുടെ വിവിധ ഘടകങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി പദ്ധതി കാര്യക്ഷമമാക്കുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-190-99(07)—<u>ശുദ്ധജല വിതരണം-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിക്കുള്ള സഹായധനം-മറ്റ് ഗ്രാമീണ ജലവിതരണ പദ്ധതികൾ-നിലവിലുള്ള സ്കീമുകൾ മെച്ചപ്പെടുത്തൽ</u>

1120 ഗ്രാമീണ ശുദ്ധജല പദ്ധതികളിലൂടെ കേരള വാട്ടർ അതോറിറ്റി ശുദ്ധജലം വിതരണം ചെയ്യുന്നു. ടി പദ്ധതികളുടെ വിവിധ ഘടകങ്ങളുടെ കാലപ്പഴക്കംമൂലം കുടിവെള്ളം പൂർണ്ണതോതിൽ വിതരണം നടത്താൻ സാധിക്കുന്നില്ല. ആയതിനാൽ, വിവിധ ഘടകങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനും, വേനൽക്കാലത്തെ ജലദൗർലഭ്യം പരിഹരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-190-99 (18)—<u>ശുദ്ധജല വിതരണം-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിക്കുള്ള സഹായധനം ഊർജ്ജിത ഗ്രാമീണ ജലവിതരണ പദ്ധതികൾ (50% കേന്ദ്രവിഹിതം)</u>

ത്വരിത ഗ്രാമീണ പദ്ധതിയിൽ ഉൾപ്പെടുത്തി 209 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതികൾ 2015-16-ൽ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 80 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-190-96—<u>ശുദ്ധജല വിതരണം-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കുപ്പിവെള്ളം നിർമ്മാണ യൂണിറ്റ്</u>

കുപ്പിവെള്ള നിർമ്മാണ പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. വളരെയധികം സാമ്പത്തികനേട്ടം ഉണ്ടാക്കുവാനും നമ്മുടെ സംസ്ഥാനത്ത് കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുവാനും കഴിയുന്ന പദ്ധതിയാണെന്ന് അഭിപ്രായപ്പെട്ട സമിതി യുദ്ധകാലാടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പിലാക്കുവാൻ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-190-94—<u>ശുദ്ധജല വിതരണം-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-ഉപയോഗശൂന്യവും പഴയതുമായ കുഴലുകൾ മാറ്റി സ്ഥാപിക്കൽ</u>

ഉപയോഗശൂന്യവും പഴയതുമായ പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനായി 95 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു. നിലവിൽ പഴയ എ.സി. (പമ്പിംഗ്, ഗ്രാവിറ്റി, ട്രാൻസ്മിഷൻ) മെയിനുകൾ മാത്രമാണ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. ഇതിനുപുറമെ വിതരണ ശൃംഖലയിലെ, നിരന്തരം പൊട്ടുന്നതും ഉപയോഗശൂന്യവുമായ പൈപ്പുകൾ മാറ്റി ജലശോഷണം പരിഹരിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 55 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

9 പഞ്ചായത്തുകളിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്ന പദ്ധതിയായ ചീക്കോട് കുടിവെള്ള പദ്ധതിക്ക് 7 ടാങ്കുകളും, ട്രീറ്റ്മെന്റ് പ്ലാന്റും നിർമ്മിക്കുകയും, പുതിയ റോഡുകളിൽ പൈപ്പ് ഇടുകയും ചെയ്തിട്ടുണ്ടെന്നും ഇനി ഹൗസ് കണക്ഷൻ നൽകാനാവശ്യമായ തുക ലഭിക്കേണ്ടതുണ്ടെന്നും, ജലനിധിയിൽ നൽകാനായി വാട്ടർ അതോറിറ്റിയിൽനിന്നും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടെന്നും, അത് അനുവദിച്ചാൽ പദ്ധതി രണ്ട് മാസത്തിനുള്ളിൽ ഉദ്ഘാടനം ചെയ്യാനാകുമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു. ടാങ്കിന്റെ സമീപത്തായി ബൾക്ക് മീറ്റർ വച്ച് പ്രസ്തുത ടാങ്കിലേക്ക് വരുന്ന വെള്ളത്തിന്റെ ചാർജ് വാട്ടർ അതോറിറ്റിക്ക് അതാത് പഞ്ചായത്തുകൾ നൽകുന്നതാണെന്നും, പഞ്ചായത്ത് ജലനിധി പ്രകാരം കമ്മിറ്റിയുണ്ടാക്കി തുക പിരിച്ചാണ് വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നതെന്നും ജലനിധിയുടെ സ്കീം തന്നെയാണ് ഇതെന്നും, കണക്ഷൻ നൽകുന്നതിനുള്ള തുകയുടെ 10 % മുതൽ 15% വരെ ഉപഭോക്താക്കളിൽനിന്ന് വാങ്ങാവുന്നതാണെന്നും സമിതി അംഗം തുടർന്ന് വ്യക്തമാക്കി.

പ്രസ്തുത സ്കീം നല്ലതാണെന്നും പക്ഷെ, അതിനായി സർക്കാർ തലത്തിൽ തീരുമാനമെടുക്കണമെന്നും പഞ്ചായത്ത് പണമടച്ചില്ലെങ്കിൽ ടാങ്ക് വഴിയുള്ള വെള്ളം നിർത്തലാക്കാൻ ജനങ്ങൾ ഒരിക്കലും സമ്മതിക്കില്ലെന്നും ആയതിനാൽ ഈ സ്കീം പ്രായോഗികമായി നടപ്പിലാക്കാൻ ബുദ്ധിമുട്ടാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി ജലവിഭവ വകുപ്പ് സമിതിയെ അറിയിച്ചു.

പാവറട്ടി ശുദ്ധജലവിതരണ പദ്ധതിയിലെ മോട്ടോറുകൾ സ്ഥിരമായി പ്രവർത്തനം നിലയ്ക്കുകയാണെന്നും ഇക്കാര്യത്തിൽ അടിയന്തരതീരുമാനം ഉണ്ടാകണമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടതിന് പഴയ പമ്പ് മാറ്റി പുതിയത് സ്ഥാപിക്കുന്നതിനായി 37 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടെന്നും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (പി. & എം.) സമിതിയെ അറിയിച്ചു.

കൂട്ടക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന് 15 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും, എന്നാൽ സാങ്കേതിക അനുമതി ലഭിച്ചിട്ടില്ലെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു. പൈങ്കുളം തടയണയുടെ സാങ്കേതികാനുമതി സംബന്ധിച്ച് ഗവൺമെന്റിന്റെ ടി.എസ്. കമ്മിറ്റിയിൽ വന്നപ്പോൾ 2011-ലെ ഡിസൈൻ ആയതുകൊണ്ട് പുതിയ ഡിസൈൻ നൽകണമെന്ന് പറഞ്ഞതുകൊണ്ടാണ് താമസം നേരിട്ടതെന്ന് ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

കൂട്ടക്കടവ്, പൈങ്കുളം, തേനാംപാറ എന്നീ പദ്ധതികളെ സംബന്ധിച്ച് ഒരു അവലോകന യോഗം വിളിച്ചുചേർത്ത് തീരുമാനമെടുക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

2215-01-190-89—ശുദ്ധജല വിതരണം-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-തീരപ്രദേശങ്ങളിലും കുട്ടനാട്ടിലും ഉപ്പുവെള്ളം ശുചീകരിക്കുന്ന ദ്വിമുഖ പരിപാടികൾ ഉൾപ്പെടെയുള്ള നവീന സാങ്കേതിക വിദ്യ

നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് കേരളത്തിലുടനീളം കുടിവെള്ള വിതരണം സുഗമവും കുറ്റമറ്റതുമാക്കുന്നതിലേക്കായി ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയ 4 കോടി രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2215-01-800-60—ശുദ്ധജല വിതരണം-മറ്റു ചെലവുകൾ-സാർക്ക് (2010-11) സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ

തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി നടപ്പിലാക്കി വരുന്ന 5 പദ്ധതികൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 4.99 കോടി രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണ ത്തിനായി ഈ ശീർഷകത്തിൽ 5.01 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2215-01-800-59—ശുദ്ധജല വിതരണം-മറ്റു ചെലവുകൾ-തലശ്ശേരിയിലെ മലബാർ ക്യാൻസർ സെന്ററിനുള്ള ശുദ്ധജല വിതരണ പദ്ധതി

തലശ്ശേരിയിലെ മലബാർ ക്യാൻസർ സെന്ററിനുള്ള ശുദ്ധജലവിതരണ പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഉടൻ തന്നെ പൂർത്തീകരിക്കുന്ന പ്രസ്തുത പദ്ധതിക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-02-190-99(01)—മാലിന്യനിവാരണവും ശുചീകരണവും-പൊതുമേഖലാ സ്ഥാപന ങ്ങൾക്കും മറ്റുമുള്ള സഹായം-കേരള ജല അതോറിറ്റിക്കുള്ള സഹായധനം-തിരുവനന്തപുരം സിവറെജ് സ്കീം

സിവറെജ് പദ്ധതികളുടെ വിപുലീകരണത്തിന് നടപ്പ് സാമ്പത്തികവർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത് 6 കോടി രൂപയാണ്. ദിനംപ്രതി വളർന്നു കൊണ്ടിരിക്കുന്ന തിരുവനന്തപുരം, കൊച്ചി നഗരങ്ങളുടെ നിലവിലുള്ള സിവറെജ് പദ്ധതി ഇന്നത്തെ സാഹചര്യത്തിൽ തികച്ചും അപര്യാപ്തമായതിനാൽ പദ്ധതി നടത്തിപ്പിനായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും (ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്) ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവയും കൂടി ആകെ 1025.50 കോടി രൂപയാണ് 2015-16 സാമ്പത്തിക വർഷം ആവശ്യമായി വന്നിരിക്കുന്നത്. എന്നാൽ വാട്ടർ ചാർജ് ഇനത്തിലും മറ്റ് ഇനത്തിലും വാട്ടർ അതോറിറ്റി പ്രതീക്ഷിക്കുന്ന ആകെ വരവ് 605.92 കോടി രൂപയാണ്. ആയതിനാൽ അടിയന്തര പ്രാധാന്യമുള്ള ചെലവുകൾ സമയബന്ധിതമായി നിറവേറ്റുന്നതിന് അധിക പദ്ധതിയേതര സഹായമായി 174.48 കോടി രൂപ താഴെപ്പറയുന്ന കണക്കിനങ്ങളിലൂടെ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

| നമ്പർ | ശീർഷകം | അധികം വകയിരുത്തേണ്ട തുക |
|---|---|---|
| 1 | 2215-01-190-99(19)-31-സഹായധനം-ശമ്പളം | 89.8839 കോടി രൂപ |
| 2 | 2215-01-190-99(19)-36-സഹായധനം-ശമ്പളേതരം | 68.8992 കോടി രൂപ |
| 3 | 2215-02-190-99(02)-31-സഹായധനം-ശമ്പളം | 8.9225 കോടി രൂപ |
| 4 | 2215-02-190-99(02)-36-സഹായധനം-ശമ്പളേതരം | 6.7744 കോടി രൂപ |

4215—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ്

4215-01-102-98(01)—ശുദ്ധജലവിതരണം-ഗ്രാമീണ ജലവിതരണം-നബാർഡ് സഹായമുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ

നബാർഡ് സഹായത്തോടെ RIDF XIV മുതൽ RIDF XX-ൽ വരെ ഉൾപ്പെട്ടുത്തി 40 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. ടി പദ്ധതികൾ ആരംഭിച്ച് മൂന്ന് വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 60.82 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215-01-800-96—ശുദ്ധജലവിതരണം-മറ്റു ചെലവുകൾ-വൻകിട ശുദ്ധജല വിതരണ പദ്ധതികൾ-മൂലധനനിക്ഷേപം

238.53 കോടി രൂപ മതിപ്പു ചെലവുള്ള കൊച്ചിയിലെ ശുദ്ധജല വിതരണത്തിനായുള്ള സമഗ്ര കുടിവെള്ള പദ്ധതി, 14.50 കോടി രൂപയുള്ള കൊല്ലം കല്ലടയാറ്റിലെ കടപ്പുഴ സ്രോതസ്സായുള്ള കുടിവെള്ള പദ്ധതി തുടങ്ങിയ ഭരണാനുമതി ലഭിച്ച വൻകിട പദ്ധതികൾക്കായി നടപ്പ് സാമ്പത്തികവർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന 4 കോടി രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702—ചെറുകിട ജലസേചനം

2702-01-001-99-99—ഉപരിതലജലം-ഭരണവും നടത്തിപ്പും-എസ്റ്റാബ്ലിഷ്മെന്റ്-വിവര സാങ്കേതിക വിദ്യ

ചെറുകിട ജലസേചന വിഭാഗം സർക്കിൾ, ഡിവിഷൻ, സബ്ഡിവിഷൻ, സെക്ഷൻ ഓഫീസുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേക്കായി അനുവദിച്ചിരിക്കുന്നത് നാമമാത്രമായ തുകയായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2702-02-005-99—ഭൂഗർഭജലം-അന്വേഷണം-ഭൂഗർഭ ജലത്തിനുള്ള അന്വേഷണവും വികസനവും

സംസ്ഥാനത്ത് എല്ലാ സ്ഥലങ്ങളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന്, കുഴൽ കിണർ നിർമ്മാണത്തിനായി, വിവിധതരം ആധുനിക സാങ്കേതിക മികവുള്ള പുതിയ റിഗ്ഗുകളും, ആധുനിക സയന്റിഫിക് ഉപകരണങ്ങളും വാങ്ങുന്നതിലേക്ക് ബഡ്ജറ്റിൽ

വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ഈ ശീർഷകത്തിൽ 8.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2702-02-005-82—<u>ഭൂഗർഭജലം-അന്വേഷണം-നാഷണൽ ഹൈഡ്രോളജി പ്രോജക്ട് ഭൂഗർഭ ജലവിഭാഗം</u>

ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ മൂന്നാംഘട്ട പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്കും, തുടർ പ്രോജക്ട് നടപ്പിലാക്കുന്നതിനുമായി ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ, നടപ്പുസാമ്പത്തികവർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന പ്രധാന പ്രവർത്തനങ്ങളായ ഹൈഡ്രോളജിക്കൽ ഇൻഫർമേഷൻ സിസ്റ്റത്തിന്റെ തുടർവികസനത്തിനും, സംരക്ഷണത്തിനും വേണ്ട നിരീക്ഷണ കിണറുകളുടെ നിർമ്മാണത്തിനും, റിയൽ ടൈം മോണിറ്ററിംഗ് ഉപകരണങ്ങൾ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ശമ്പളം, വേതനം, യാത്രാബത്ത, പെട്രോൾ ആന്റ് ലൂബ്രിക്കന്റ്, മറ്റ് ഇനങ്ങൾ എന്നിവയ്ക്കും വേണ്ടി അധികതുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 9.83 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702-02-005-77—<u>ഭൂഗർഭജലം-അന്വേഷണം-രാജീവ് ഗാന്ധി കുടിവെള്ള സംരംഭം (സംസ്ഥാനപദ്ധതി)</u>

കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ ഭൂജല പര്യവേഷണം നടത്തി കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥാനം കണ്ടെത്തി അവ നിർമ്മിച്ച് ജലവിതരണം നടത്തുകയും ചെയ്യുന്ന ഈ പദ്ധതിക്കായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 1 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ സാധിച്ചിട്ടുള്ള ഈ പദ്ധതിക്ക് നിലവിലുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനായി ഈ ശീർഷകത്തിൽ 11.55 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702-03-101-98 (03)—<u>സംരക്ഷണപ്പണികൾ-വാട്ടർ ടാങ്കുകൾ-സംരക്ഷണപ്പണികൾ-മറ്റ് ചെലവുകൾ-വെള്ളപ്പൊക്കനാശം മൂലമുള്ള അറ്റകുറ്റപ്പണികൾ</u>

വെള്ളപ്പൊക്കംമൂലം ചെറുകിട ജലസേചന പദ്ധതികൾക്ക് നേരിടുന്ന കേടുതികൾ ഇല്ലാതാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 12 കോടി രൂപ അപര്യാപ്തമായതിനാൽ, വെള്ളപ്പൊക്കംമൂലം ചെറുകിട ജലസേചനപദ്ധതികൾക്ക്

ഉണ്ടാകുന്ന കേടുപാടുകൾ തീർക്കുന്നതിനും തോടുകളുടെ പാർശ്വസംരക്ഷണത്തിനും ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702-03-101-97—<u>സംരക്ഷണപ്പണികൾ-വാട്ടർ ടാങ്കുകൾ-13-ാം ധനകാര്യ കമ്മീഷൻ അവാർഡിൻകീഴിലുള്ള ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം</u>

ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണത്തിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 31-3-2015 വരെയുള്ള കാലയളവിൽ പൂർത്തിയാക്കിയിട്ടുള്ള പണികളുടെ കടിശിക ബില്ലുകൾ കൊടുത്തു തീർക്കുന്നതിന് ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702-03-101-96—<u>സംരക്ഷണപ്പണികൾ-വാട്ടർ ടാങ്കുകൾ-14-ാം ധനകാര്യ കമ്മീഷൻ അവാർഡിൻ കീഴിലുള്ള ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം</u>

ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണത്തിനായി 14-ാം ധനകാര്യ കമ്മീഷൻ മുഖേന അനുവദിക്കുന്ന ഈ തുക, വിവിധ മൈനർ ഇറിഗേഷൻ പദ്ധതികളുടെ സംരക്ഷണത്തിനായി ഉപയോഗിക്കുന്നു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702-80-005-99—<u>ജനറൽ-അന്വേഷണം-ചെറുകിട ജലസേചന പണികളെപ്പറ്റി വിശദമായ അന്വേഷണവും സംയോജിത പദ്ധതികൾ തയ്യാറാക്കലും</u>

ചെറുകിട ജലസേചന പ്രവർത്തനങ്ങളിൽ പര്യവേഷണം തുടങ്ങുന്നതിനും വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനും നടപ്പ് സാമ്പത്തികവർഷം തുക വകയിരുത്തിയി ട്ടില്ലാത്തതിനാൽ പുതിയ പദ്ധതികളുടെ പര്യവേഷണത്തിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2705—<u>കമാൻഡ് ഏരിയ വികസനം</u>

2705-00-101-81—<u>കമാന്റ് ഏരിയ വികസന അതോറിറ്റിക്കുള്ള സഹായം-കേരളം കാഞ്ഞിരംപുഴ പ്രോജക്ട് (50% കേന്ദ്രാവിഷ്കൃതം)</u>

50% കേന്ദ്രാവിഷ്കൃത പദ്ധതിയായ കാഞ്ഞിരംപുഴ പദ്ധതിയുമായി ബന്ധപ്പെട്ട പുതിയ ഗൈഡ്‌ലൈൻപ്രകാരം ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ എന്നീ

കംപോണന്റുകൾക്കായി വകയിരുത്തിയിക്കുന്ന തുക അപര്യാപ്തമായതിനാലും ചാനൽ പ്രവർത്തനങ്ങൾ രണ്ട് വർഷത്തിനകം പൂർത്തീകരിക്കേണ്ടതായതിനാലും ഈ ശീർഷകത്തിൽ 1.53 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2705-00-101-75—കമാന്റ് ഏരിയ വികസന അതോറിറ്റികളുള്ള സഹായം-കേരളം-മൂവാറ്റുപുഴ ജലസേചന പദ്ധതി

മൂവാറ്റുപുഴ പദ്ധതിയുമായി ബന്ധപ്പെട്ട പുതിയ ഗൈഡ്‌ലൈൻപ്രകാരം എസ്റ്റാബ്ലിഷ്മെന്റ്, ഫീൽഡ് ചാനൽ, വെള്ളക്കെട്ടുപ്രദേശങ്ങൾ നികത്തൽ എന്നീ കംപോണന്റുകൾക്കായി വകയിരുത്തിയിരിക്കുന്ന 2.2 കോടി രൂപ അപര്യാപ്തമായ തിനാലും മൈക്രോഇറിഗേഷൻ, സർവ്വേ പ്ലാനിംഗ് എന്നിവയ്ക്ക് തുക വകയിരുത്തി യിട്ടില്ലാത്തതിനാലും ഈ ശീർഷകത്തിൽ 3.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്

4702-00-101-99—ഉപരിതലജലം-ചെറുകിട ജലസേചന ജോലികൾ

ചെക്ക് ഡാമുകൾ, റഗുലേറ്ററുകൾ, ബണ്ടുകൾ, ചെറിയ തോട്ടുകൾ, ക്രോസ്ബാറുകൾ മുതലായവ നിർമ്മിച്ച് 200 ഹെക്ടർ വരെ ജലസേചനം ഏർപ്പെടുത്തുന്നതിനായുള്ള ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് 1 കോടി രൂപയാണ്. ചെറുകിട ജലസേചനം ക്ലാസ്സ് 1-ൽപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-93—ഉപരിതലജലം-ചെറുകിട ജലസേചന ജോലികൾ-നബാർഡ് സഹായത്തോടെയുള്ള പദ്ധതി

നബാർഡ് സഹായമുള്ള ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 25 കോടി രൂപ അപര്യാപ്തമായതിനാൽ പണികൾ പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

1213/2016.

4702-00-101-90—ഉപരിതലജലം-ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കൽ

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കുന്നതിനായി നടപ്പ് സമ്പത്തികവർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പണികൾ പൂർത്തികരിക്കുന്നതിനും ബില്ലുകൾ കൊടുത്തു തീർക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-87—ഉപരിതലജലം-കുളങ്ങളുടെ നവീകരണം

കുളങ്ങളുടെ നവീകരണം സംബന്ധിച്ച പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ചെറുകിട ജലസേചനത്തിനായി സംസ്ഥാനത്തെ കുളങ്ങളുടെ നവീകരണത്തിനായി 2010-11 വർഷം ആരംഭിച്ച ഈ പദ്ധതിക്കായി 29 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും കരാറുകാരുടെ ബിൽ തുക കൊടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-86—ഉപരിതലജലം-13-ാം ധനകാര്യ കമ്മീഷൻ അവാർഡ്

പ്രസ്തുത ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല 31-3-2015 വരെയുള്ള കാലയളവിൽ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പണിപൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽ തുക നല്കുന്നതിലേക്കായി ഈ ശീർഷകത്തിൽ 12.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-84—ഉപരിതലജലം-മുൻഗണനാപ്രവൃത്തികൾ

മുൻഗണനാ പ്രവൃത്തികൾക്കായുള്ള ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ 1,000 രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പണികൾ പൂർത്തിയാക്കുന്നതിനും കരാറുകാരുടെ ബിൽ തുക കൊടുക്കുന്നതിനും ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-80—ഉപരിതലജലം-ചെറുകിട ജലസേചന വിംഗ് മുഖേനയുള്ള തലയാർ കനാലിന്റെ ഇടത്-വലത് പാർശ്വങ്ങളുടെ നവീകരണം

പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 2013-14-ൽ 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള ഈ പദ്ധതി നടപ്പാക്കുന്നതിനായി 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-79—ഉപരിതലജലം-ചെക്ക് ഡാമുകളും റഗുലേറ്ററുകളും

ചെക്ക് ഡാമുകളും റെഗുലേറ്ററുകളും എന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. സംസ്ഥാനത്ത് 700 ഓളം തടയണകൾ ഘട്ടം ഘട്ടമായി നിർമ്മിക്കുന്നതിന് 400 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്ന കാര്യം 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി 100 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-78—ഉപരിതലജലം-ഒരു പഞ്ചായത്തിൽ ഒരു കുളം

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിക്കായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 2012-13, 2013-14 എന്നീ വർഷങ്ങളിൽ 139.48 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-76—ഉപരിതലജലം-പാമ്പാർ ബേസിനിലെ ജലവിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തിനായുള്ള മൈക്രോ ഇറിഗേഷൻ പദ്ധതികൾ

പ്രസ്തുത ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പാമ്പാർ ബേസിനിലെ ജലവിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തിനായുള്ള മൈക്രോ ഇറിഗേഷൻ പദ്ധതികളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സംസ്ഥാനം നേരിടുന്ന വരൾച്ചയെ അഭിമുഖീകരിക്കുന്നതിനായി കുടിവെള്ള ലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിലേക്കായി ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, താത്കാലിക തടയണകൾ, പമ്പ്, മോട്ടോറുകൾ എന്നിവ മാറ്റി സ്ഥാപിക്കൽ, അത്യാവശ്യ പൈപ്പ് ലൈനുകൾ നീട്ടൽ എന്നിവ ഏറ്റെടുക്കേണ്ടതുണ്ട്. ഇതിലേക്കായി 2015-16 ബഡ്ജറ്റിൽ

തുകയൊന്നും നീക്കിവച്ചിട്ടില്ല. ആയതിനാൽ, പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അധിക ധനാഭ്യർത്ഥനയിലൂടെ ബഡ്ജറ്റിൽ പുതിയ ശീർഷകം നൽകി 1 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ ശുദ്ധജലവിതരണത്തിന്റെ വിപുലീകരണ പദ്ധതിക്ക് 2014-15, 2015-16 എന്നീ സാമ്പത്തികവർഷങ്ങളിലെ ബഡ്ജറ്റിൽ തുകയൊന്നും നീക്കി വച്ചിട്ടില്ല. ആയതിനാൽ, പ്രസ്തുത പദ്ധതിക്ക് അധിക ധനാഭ്യർത്ഥനയിലൂടെ ബഡ്ജറ്റിൽ പുതിയ ശീർഷകം നൽകി 10 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 1.05-ന് സമിതി യോഗം പിരിഞ്ഞു.

## 3-6-2015 ലെ യോഗനടപടിക്കുറിപ്പ്

വിഷയനിർണ്ണയ സമിതി III-(ജലവിഭവം) 3-6-2015 ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 624-ാം നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. വർക്കല കഹാർ.
2. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി.
3. ശ്രീ. തോമസ് ഉണ്ണിയാടൻ.

പ്രസ്തുത യോഗത്തിൽ ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ. പ്രത്യേക ക്ഷണിതാവായിരുന്നു.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ്.

2. ശ്രീ. കെ. പി. ചന്ദ്രപ്രകാശ്, അഡീഷണൽ സെക്രട്ടറി, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ്.

3. ശ്രീമതി സി. കെ. രാധാമണി, ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ്.

4. ശ്രീ. സി. ശ്രീകുമാർ, ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്.

5. ശ്രീ. ഓമനക്കുട്ടൻ. വി. ജെ., ജോയിന്റ് ഡയറക്ടർ, ഐ.ഡി.ആർ.ബി.

6. ശ്രീ. കെ. കെ. രമേശൻ, അഡ്മിനിസ്ട്രേറ്റർ, കാഡ

7. ശ്രീ. ആർ. ഷാഹുൽ ഹമീദ്, സീനിയർ ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ.

**I. 2014 ജൂൺ 11-ലെ നാഷണൽ രജിസ്റ്റർ ഓഫ് ലാർജ് ഡാംസ് എന്ന 63-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യം സംബന്ധിച്ച് ശ്രീമതി ജമീലാ പ്രകാശം, എം.എൽ.എ. സഭയിൽ ഉന്നയിച്ച വിഷയവും അതിന്മേൽ 12-6-2014-ന് മുഖ്യമന്ത്രി നല്കിയ വിശദീകരണവുമായി ബന്ധപ്പെട്ട് സഭയുടെ മേശപ്പുറത്തുവച്ച രേഖകളിൽ പ്രതിപാദിച്ചിരുന്ന കാര്യങ്ങളും അന്വേഷിക്കുന്നതിനായി 2014 ജൂൺ 13-ലെ ബുള്ളറ്റിൻ നമ്പർ 572 (ഭാഗം-2) പ്രകാരം വിഷയ നിർണ്ണയ സമിതി III-നെ ചുമതലപ്പെടുത്തിയതനുസരിച്ചുള്ള പ്രത്യേക റിപ്പോർട്ട്.**

(ഫയൽ നമ്പർ 4609/സബ്.സി.എ 1/14/നി.സെ.)

റിപ്പോർട്ട് പരിഗണിക്കവെ, റിപ്പോർട്ടിലെ പരാമർശ വിഷയം സംബന്ധിച്ച് വകുപ്പിലെ ഉദ്യോഗസ്ഥരുടെ മറുപടിയും അസംബ്ലിയിൽ നൽകിയിട്ടുള്ള ഉത്തരത്തിലും വ്യത്യാസമുണ്ടെന്നാണ് സമിതിയുടെ ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതെന്നും ഉദ്യോഗസ്ഥരുടെ വീഴ്ചമൂലമുണ്ടായ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും സ്വീകരിച്ചിട്ടുണ്ടെന്ന് സമിതിയുടെ അന്വേഷണത്തിൽ കണ്ടെത്തിയത് സ്വാഗതാർഹമാണെന്നും പ്രത്യേക ക്ഷണിതാവ് കമ്മിറ്റി മുമ്പാകെ അഭിപ്രായപ്പെട്ടു.

യോഗത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ വീഴ്ചയെപ്പറ്റിയാണ് തന്റെ പരാതിയെന്നും ആ വീഴ്ച ഗുരുതരമായെടുത്ത് അത് പരിഹരിക്കാൻ ഉള്ള നടപടികൾ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചത് നല്ലകാര്യമാണെന്നും ടിയാൾ കൂട്ടിച്ചേർത്തു. ഉദ്യോഗസ്ഥരുടെ ഭാഗത്തെ വീഴ്ച എങ്ങനെ സംഭവിച്ചു, ആ മീറ്റിംഗിൽ ആരോപണ വിധേയയായ ആൾ മാത്രമാണോ പങ്കെടുത്തത് എന്ന തന്റെ ചോദ്യത്തിന് 'അതെ' എന്നുമാത്രമാണ് ഉത്തരം ലഭിച്ചതെന്നും

എന്നാൽ തനിക്ക കിട്ടിയ വിവരം വച്ച് മറ്റൊരുദ്യോഗസ്ഥൻ കൂടി പങ്കെടുത്തിരുന്നെന്നും ടി മീറ്റിംഗ് സംബന്ധമായി ആരൊക്കെ ടി.എ./ഡി.എ. വാങ്ങിയിരുന്നു എന്ന് പരിശോധിച്ചാൽ യഥാർത്ഥ സ്ഥിതി വെളിവാകുമെന്നും പ്രത്യേക ക്ഷണിതാവ് അഭിപ്രായപ്പെട്ടു. ഹൈക്കോടതിയിൽ നിന്നും ഈ വിഷയം സംബന്ധിച്ച് കേരളത്തിന് അനുകൂലമായ വിധി ഉണ്ടായിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നതോടൊപ്പം, അതിന്റെ വിധി പകർപ്പ് സഭയിൽ ഹാജരാക്കിയ രേഖകളോടൊപ്പം ഇല്ലാത്തതിനാൽ റിപ്പോർട്ടിൽ ചേർത്തിട്ടില്ലെന്നും പറയുന്നതിനാൽ, പ്രസ്തുത വിധിപകർപ്പ് കൂടി ചേർക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

തുടർന്ന് സമിതി പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചു.

**II. സമിതിയുടെ 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് പ്രസ്തുത യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

(ഫയൽ നമ്പർ 2309/സബ്.സി.എ 1/15/നി.സെ.)

**III. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും അധിക വിവരങ്ങൾ ആരായുകയും നടപടി സ്റ്റേറ്റ്മെന്റുകൾ അംഗീകരിക്കുകയും ചെയ്തു.**

(1) 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3449/സബ്.സി.എ 1/14/നി.സെ.)

(ഖണ്ഡിക നമ്പർ 4, 5, 7, 18, 19, 20, 30, 31, 36, 38, 46, 51, 52, 59, 62, 63, 65)

(2) 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2788/സബ്.സി.എ 1/13/നി.സെ.)

(ഖണ്ഡിക നമ്പർ 37, 38, 39, 43, 47, 51, 69)

(3) 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4929/സബ്.സി.എ 1/11/നി.സെ.)

(ഖണ്ഡിക നമ്പർ 32, 36, 46, 47, 52, 61, 65, 68, 69, 70, 71, 72, 75, 76)

**IV. 2014-15 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ പരിഗണന.**

(ഫയൽ നമ്പർ 2936/സബ്.സി.എ 1/15/നി.സെ.)

സമിതി യോഗം അന്നേദിവസം പരിഗണിച്ച് അംഗീകരിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ കൂടി ഉൾപ്പെടുത്തിയ പ്രകാരമുള്ള 2014-15 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ഉച്ചയ്ക്ക് 12.45-ന് യോഗം പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.